# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.6, September 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# അസ്ഥികളെ ചലിപ്പിക്കുന്ന ജീവന്റെ തുടിപ്പുകൾ




ടീയെസ് കപ്പമാംമൂട്ടിൽ


മനുഷ്യനെ എന്നും പ്രലോഭിപ്പിക്കുകയും ഹൃദയങ്ങളെ ഹഠാദാകർഷിക്കുകയും ചെയ്യുന്ന പ്രതിഭാസങ്ങളാണ് പർവ്വതനിരകളുടെ ഔന്നത്യങ്ങൾ. ബുദ്ധിവൈഭവവും കായികശക്തിയും കഠിനാദ്ധ്വാനവും കൈമുതലാക്കി കൊടുങ്കാടുകളെ വെട്ടിത്തെളിച്ചൊരുക്കുന്ന വിജയവീഥികളിലൂടെ കൊടുമുടികളെ കീഴടക്കുവാനുള്ള ആവേശത്തോടെ ഉയരങ്ങളിലേക്ക് കുതിക്കുന്നവർ നമുക്കു ചുറ്റും നിരവധി.

എന്നാൽ അധികമാരും താഴ്വരകളോട് താൽപ്പര്യം കാണിക്കാറില്ല. അതിന്റെ കാരണം താഴ്വരകളുടെ താഴ്ചകളിൽ തളർന്നു കിടക്കുന്നതിനേക്കാൾ, ഗിരിശൃംഗങ്ങളുടെ ഉയരങ്ങളിൽ ശിരസ്സുയർത്തി നിൽക്കുവാനാണ് മിക്കവരും ഇഷ്ടപ്പെടുന്നത്. താഴ്വരകളെ താഴ്ചകളുടെ പ്രതീകങ്ങളായി നാം ചിത്രീകരിക്കുമ്പോൾ പർവ്വതങ്ങളുടെ ഉയരങ്ങളെ വിജയത്തിന്റെ മകുടോദാഹരണങ്ങളായിട്ടാണ് നാം വ്യാഖ്യാനിക്കുന്നത്.

കരങ്ങളെ പിടിച്ചു ഉയരങ്ങളിലേക്ക് ദൈവം നടത്തുന്ന വേളയിൽ നിറഞ്ഞ ഹൃദയത്തോടെ നിരന്തരമായി തിരുമുമ്പിൽ സ്തുതികൾ അർപ്പിക്കുന്നവർ. എന്നാൽ താഴ്വരയുടെ താഴ്ചകളിലേക്ക് നയിക്കപ്പെടുമ്പോഴാണ് അവരുടെ തനിനിറം പുറത്തുവരുന്നത്. തത്സമയം ദൈവത്തോടുള്ള ഒരായിരം പരാതികളും പരിഭവങ്ങളും അവരുടെ ഉള്ളിൽനിന്നും ശക്തമായി പുറത്തേക്ക് പ്രവഹിക്കുമ്പോൾ, കഴിഞ്ഞ നിമിഷങ്ങൾ വരെ എണ്ണമറ്റ നന്മകൾ ഉയരങ്ങളിൽ നിന്നും പ്രാപിച്ച് ഹൃദയങ്ങളുടെ ആഴങ്ങളിൽ നിന്നും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നവരായിരുന്നു ഇവരെന്ന തിരിച്ചറിവ് നമ്മെ അത്ഭുതസ്തബ്ധരാക്കും. ഈ വിഭാഗത്തിൽപ്പെട്ട ചിലർ ദൈവത്തോടുള്ള നീരസം പരാതികളിലും പരിഭവങ്ങളിലും ഒതുക്കുകയില്ല. അവർ സൃഷ്ടാവിനോടു ശക്തമായി പ്രതികരിക്കുകയും അവനോടു മത്സരിക്കുകയും, സകല വേലിക്കെട്ടുകളേയും വെട്ടിനിരത്തി മിസ്രയീമിന്റെ അടിമത്വത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്യും.

യിസ്രായേലിന്റെ അഭിമാനവും ദൈവസാനിദ്ധ്യത്തിന്റെ പ്രതീകവുമയിരുന്ന യെരുശലേം ദേവാലയം നിലംപരിചാക്കിയ ബാബിലോൺ സാമ്രാജ്യത്തിന്റെ ഗർജ്ജിക്കുന്ന സിംഹമായ നെബൂഖദ്നേസർ രാജാവിന്റെ സൈന്യം യിസ്രായേല്യരെ അടിമകളായി ബാബിലോണിലേക്ക് കൊണ്ടുപോയവരിൽ ഒരുവനായിരുന്നു പ്രവാചകനായ യെഹസ്ക്കേൽ. യെരുശലേമിന്റെ നാശത്തിന് പതിനൊന്ന് വർഷങ്ങൾക്കു മുമ്പാണ് അടിമയായി യെഹസ്ക്കേൽ ബാബിലോണിലെത്തുന്നത്.

അദ്ദേഹം സാധാരണക്കാരനായ ഒരു വ്യക്തിയായിരുന്നില്ല. പഴയ നിയമ പ്രവാചകന്മാരുടെ മുൻനിരയിൽത്തന്നെ സ്ഥാനമുറപ്പിച്ച വ്യക്തി. അക്ഷരാർത്ഥത്തിൽ യെരുശലേം ദേവാലയത്തിന്റെ നിഴലിൽ വളർന്നു പുരോഹിതനും, പ്രവാചകനുമായിത്തീർന്ന അനിതരസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമ. സാദോക്യ പുരോഹിതപരമ്പയിൽപ്പെട്ട പുരോഹിതനായ ബൂസിയുടെ മകൻ. കേബാർ നദിയുടെ തീരത്ത് ദൈവസാനി ദ്ധ്യം അനുഭവിച്ചറിഞ്ഞപ്പോൾ, തുറക്കപ്പെട്ട സ്വർഗ്ഗവും, ദിവ്യദർശനങ്ങളും കാണുവാൻ കഴിഞ്ഞ വ്യക്തി.


.....ശേഷം 28 -ാം പേജിൽ


## HH കുഞ്ഞാപ്പി & ഇന്നാമ്മ




Congratulations

## OUR NEW PROFESSIONAL GRADUATES



**BENCY PAUL**
BTech Electronics & Communication
FISAT, Angamaly
D/o K.V. Paul & Daisy
Believers Brethren Assembly, Majlis



**HANAN ANNA CHERIAN**
BTech Computer Science
Karunya University, Coimbatore
D/o Cherian Mathews & Usha Cherian
Sharon Fellowship Church



**CHRISTINA T. JOHN**
ACCA
D/o Joby John & Susan
Believers Brethren Assembly, Majlis



**Dr. SARA GRACEGEORGE**
MDS in Periodontics, Gold Medalist
Meenakshi Ammal Dental college Chennai
D/o George Oommen and Molly.
Gufool Brethren Assembly



**Dr. PHEBA THANKAM MONCY**
DPharm, Bapuji College of Pharmacy, Bangalore
D/o Moncy Daniel & Kunjumol
Sharon Fellowship Church



**JOVIN JOHN MATHEW**
BTech, MBCET, Trivandrum
S/o John Mathai (Wilson) & Jolly John
IPC Bahrain



**STEFFI JOHNSON**
ACCA
D/o K.V. Johnson & Sisy
Believers Brethren Assembly, Majlis



**VIVEK SAM**
ACCA (UK)
S/o Sam George & Nancy
Believers Brethren Assembly, Majlis

Congratulations



**KESIYA SUNNY**
Bachelor of Commerce
MG University, Kerala
D/o P.A. Sunny & Kochumol
Believers Brethren Assembly, Majlis

# ജീവന്റെ സാക്ഷ്യം

EDITORIAL

വെളിപ്പാട് പുസ്തകത്തിന്റെ രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഏഴു സഭകളെക്കുറിച്ചുള്ള കർത്താവിന്റെ വിശകലനം നമുക്ക് കാണാൻ സാധിക്കും. ദൈവം എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് അവിടെ കാണാം. അഗ്നിജ്വാലക്കൊത്ത കണ്ണുകൾ സഭയുടെ ആന്തരീകമായ ആത്മീക അവസ്ഥയേയും സാഹചര്യങ്ങളേയും വെളിപ്പെടുത്തി. നാം കാര്യങ്ങളെ വിശകലനം ചെയ്ത് പഠിക്കുമ്പോൾ ഒരു കാര്യം ഉറപ്പായി പറയുവാൻ സാധിക്കും;

ദൈവത്തെ പ്രതിനിധീകരിക്കുന്ന എന്തെങ്കിലും ഒന്ന് നിലനിൽക്കണമോ വേണ്ടയോ എന്ന് ദൈവം തീരുമാനിക്കുന്നത് അതിനു ജീവനുണ്ടോ ഇല്ലയോ എന്നുള്ള വസ്തുതയെ അടിസ്ഥാനമാക്കിയാണ്.


ഓരോ സഭയോടും ഉള്ള ചോദ്യം ഇതായിരുന്നു; ആ സഭയ്ക്ക് ദൈവത്തിന്റെ സാക്ഷിയായി അവന്റെ മുമ്പിൽ നിൽക്കാൻ കഴിയുമോ ? അതോ ദൈവം ആ സഭയുടെ നിലവിളക്ക് അതിന്റെ സ്ഥാനത്തുനിന്ന് മാറ്റേണമോ? ആ ഉപകരണത്തിന് ദൈവവുമായുള്ള ബന്ധത്തിൽ തുടരാൻ കഴിയുമോ ? അതോ അതിനു പുറത്തു പോകേണമോ?

അതായത് ദൈവേഷ്ട പ്രകാരം ദൈവവുമായുള്ള ബന്ധം തുടരുവാൻ അതിന് കഴിയുമോ ഇല്ലയോ എന്നുള്ളതായിരുന്നു.ദൈവത്തിന്റെ ഉദ്ദേശ പ്രകാരം ദൈവം വളർത്തിക്കൊണ്ടുവന്ന ഓരോ ഉപകരണത്തെ സംബന്ധിച്ചുമുള്ള ചോദ്യം ഇതാണ്.

ആ പാത്രത്തെ പരിപാലിക്കുന്ന

തിന് ദൈവത്തെ പ്രേരിപ്പിക്കുന്ന കാര്യം എന്താണ് ? ദൈവം തന്റെ ഉപകരണങ്ങളെ തുടർന്നും പരിപാലിക്കുന്നതിന് ദൈവത്തെ ബാദ്ധ്യസ്ഥനാക്കാത്ത പല സംഗതികളും നമുക്ക് കാണാൻ സാധിക്കും. ഈ സഭകൾക്കുള്ള കത്തുകൾ അത്തരം സംഗതികൾ വ്യക്തമാക്കുന്നു. ഒന്നാമതായി ദൈവം ഒരു ഉപകരണത്തെ തിരഞ്ഞെടുത്ത് ഉയർത്തിക്കൊണ്ടുവന്നു എന്നത് അതിനെ തുടർന്നും സൂക്ഷിക്കുന്നതിന് ദൈവത്തെ ബാദ്ധ്യസ്ഥനാക്കുന്നില്ല. താൻ വളർത്തിക്കൊണ്ടുവന്ന ഉപകരണം തന്റെ കരങ്ങളിൽ വളരെ ഏറെ ഉപയോഗിക്കപ്പെട്ടു എന്നതും, അതിനെ തുടർന്നും സൂക്ഷിക്കുവാൻ ദൈവത്തെ ബാദ്ധ്യസ്ഥനാക്കുന്നില്ല.

തന്റെ ഉപകരണത്തിന് തന്നോട് പ്രശംസനീയമായ ഭക്തി കാണിച്ചതിന്റെ ചരിത്രം ഉണ്ടെന്നതോ ഒരു കാലത്ത് ഈ ഉപകരണം ദൈവത്തിന്റെ കൃപയും ശക്തിയും യഥാർത്ഥമായി വെളിപ്പെടുത്തിയിരുന്നു എന്നതോ ആ ഉപകരണത്തെ തുടർന്നും സൂക്ഷിക്കുവാൻ ദൈവത്തെ ബാദ്ധ്യസ്ഥനാക്കുന്നില്ല. ദൈവം ഒരു ഉപകരണത്തെ ഒരിക്കൽ തിരഞ്ഞെടുത്ത് അനുഗ്രഹിച്ച് ഉപയോഗിച്ചുവെന്നത്, ആ ഉപകരണം ദൈവകൃപയുടേയും അവന്റെ ജീവന്റേയും സ്നേഹത്തിന്റേയും സ്വഭാവ വിശേഷങ്ങൾ വെളിപ്പെടുത്തിയെന്നത്, ആ ഉപകരണത്തെ ദൈവസന്നിധിയിൽ തുടർന്നും ഉപയോഗിക്കുന്നതിന് മതിയായ ന്യായീകരണമാണെന്ന് നാം പലപ്പോഴും ചിന്തിക്കാറുണ്ട്. ഓർക്കുക നാം ഇവിടെ ചിന്തിക്കുന്നത് ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങളെപ്പറ്റിയാണ് അല്ലാതെ അവൻ പ്രദാനം ചെയ്യുന്ന രക്ഷയെപ്പറ്റിയല്ല.




ദൈവം ഒരു ഉപകരണത്തെ പരിപാലിച്ച് തുടർന്നും ഉപയോഗിക്കുന്നതിന് മതിയായ കാര്യങ്ങൾ എന്തൊക്കെയാണ്? ഈ ചോദ്യത്തിന് ഉത്തരം കണ്ടത്തണമെങ്കിൽ ഈ ഉപകരണം നിലവിൽ വരുന്നതിന് ദൈവം അനുവദിച്ചപ്പോൾ അവന്റെ ഉദ്ദേശം എന്തായിരുന്നു എന്ന് നാം മനസിലാക്കേണ്ടിയിരിക്കുന്നു. ഈ ഉപകരണത്തെ തിരഞ്ഞെടുത്തപ്പോൾ ദൈവത്തിന്റെ മനസ്സിലും ഹൃദയത്തിലും ഉണ്ടായിരുന്ന ചിന്ത എന്താണ്? നമുക്ക് അറിയേണ്ട കാര്യങ്ങളെല്ലാം ഈ ഉപകരണത്തെപ്പറ്റിയുള്ള വിവരണത്തിൽ നിന്നു തന്നെ മനസിലാക്കാൻ സാധിക്കും. വെളിപ്പാട് പുസ്തകത്തിന്റെ രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ഇതിനെ നിലവിളക്ക് എന്നു പേർ വിളിച്ചിരിക്കുന്നു. നിലവിളക്കിൽ ലഭിക്കുന്ന എണ്ണ തുടർച്ചയായി നിലവിളക്കിന്റെ തിരിയിലേക്ക് ഒഴുക്കിക്കൊടുത്തുകൊണ്ട് എപ്പോഴും മങ്ങാതെ, പൂർണ്ണശക്തിയോടെ സ്ഥിരമായി കത്തികൊണ്ടിരിക്കണമെന്ന് നിലവിളക്കിനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. ഇല്ലായെങ്കിൽ ദൈവം നിലവിളക്കിനെ അതിന്റെ സ്ഥാനത്തുനിന്ന് നീക്കുമെന്ന് മുന്നറിയിപ്പും നൽകുന്നു.



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

നമ്മുടെ ഈ ജീവിതം, നശിക്കാത്ത, സമ്പൂർണ്ണതയുള്ള ഒരു ജീവന്റെ സാക്ഷ്യമാണ്. ഇത് വെറും ആശയപരമായ, കെട്ടികിടക്കുന്ന ഒരു ജീവിതമല്ല. മറിച്ച് മഹത്വപൂർണ്ണമായ ജീവിതത്തിന്റെ വറ്റാത്ത ഉറവയിൽ നിന്ന് തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന ഒരു അനുഭവമത്രേ.

നിലവിളക്ക് പ്രകാശിച്ചുകൊണ്ടിരിക്കുന്ന സമയമെല്ലാം അത് മരണത്തിന്മേലുള്ള വിജയം തുടർച്ചയായി പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. മരണം ഈ ജ്വാലയെ കെടുത്തികളയാൻ ആഗ്രഹിക്കുന്നുവെങ്കിലും അതിന് ആ ജ്വാലയെ കെടുത്തുവാനുള്ള ശക്തിയില്ല.

ദൈവവും അവന്റെ ഹിതവുമായുള്ള ബന്ധത്തിൽ ഒരു ഉപകരണത്തെ പരിപാലിക്കുന്നതിന് ദൈവത്തെ പ്രേരിപ്പിക്കുന്ന കാര്യം എന്താണ്? ആ ഉപകരണത്തിന് മഹത്തായ ഒരു ചരിത്രം ഉണ്ടെന്നോ അതിന് പ്രസിദ്ധി ഉണ്ടെന്നതോ അല്ല, മറിച്ച് ആ ഉപകരണത്തിന് ദൈവത്തിന്റെ ദിവ്യമായ ജീവന്റെ അണയാത്ത ജ്വാല ഉണ്ടോ എന്നുള്ളതാണ്. ചുറ്റുപാടുമുള്ള അന്ധകാരശക്തിക്ക് എതിരായ ശക്തമായ പോരാട്ടത്തിൽ ദൈവത്തെ പ്രേരിപ്പിക്കുന്ന ഒരേ ഒരു സംഗതി അതാണ്.

ആയതിനാൽ നിലവിളക്കിനെ അതിന്റെ സ്ഥാനത്തു നിന്ന് ദൈവം മാറ്റാതെയിരിക്കുവാൻ ജീവന്റെ സാക്ഷ്യം ഉള്ളവരായി മാറാം. അതിനായി ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ!


“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
–എഡിറ്റർ–
Views and opinions expressed in various articles and features in “Hello Hope” are only of the writers and not necessarily of the publishers.
-Editor-



നിങ്ങളുടെ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
00973 17877171






## “ഹലോ ഹോപ്പ്” ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

# Cure for conflicts

Part 2



Dr. P C Abraham

### 1. Humility dissolves conflicts

God resists the proud; He gives grace to the humble. The way up in God's Kingdom is the way down as demonstrated by Jesus and narrated by Paul in Phil. 2: 6- 10. James is strongly advocating the believers everywhere to emulate Jesus' principle: "Humble yourself in the sight of God; and He will lift you up." Peter,the undeclared leader of the twelve during his time with the Lord has now learnt his lessons and reiterates the same principle in 1 Pet 5: 5 , 6, "God resists the proud; but gives grace to the humble. Therefore, humble yourself under the mighty hand of God, that He might exalt you in due time."

#### What are the symptoms of pride?

• Refuse to forgive; refuse to forget even after verbally forgiven, that his heart has not recognized or no knowledge about. Hence it is not a real forgiveness. It is only eyewash forgiveness.

• Self-boasting through testimonies, pulpit ministry, prayer (example of the prayers of the tax collector and the Pharisee the Lord has compared).

• The "holier than thou" attitude is due to spiritual pride.

•Super sensitivity to self-image. Expression of displeasure or emotional explosion when the expected recognition, appreciation or rewards is not received.

### 2. Ten different practical nuggets to remain humble. James 4: 7 – 10

#### 1. Submit to God:

It is a conscious, voluntary and deliberate mental consent to lower oneself and to remain under God's authority. It is like vacating the driving seat of one's life to God, by him or her going to the back seat and refraining from back seat instructions to the driver. Re-instate the severed friendship with God that you once enjoyed. You lost it due to your keeping Him out of your life. That might have resulted in you driving yourself into the enemy camp. Return from the enemy camp to regain the intimacy you once enjoyed with God. The story of the Prodigal son, the Lord narrated in Luke 15 is a classical model of father's love.

#### 2. Draw near to God

God is always waiting to win you back into his fellowship. The stunning scene of the Prodigal's father running to receive the returning son as he sees him from a distance, and the father hugging him into his bosom with open hands and then escorting him to his open home and welcoming him to a season of celebrations is so remarkable a moving scene.

"Oh the love that sought me, Oh the blood that bought me, Oh the grace that brought me to the fold, Wondrous love that brought me to the fold."


Irresistible love, the love that will not let you go is the Father's love. Therefore, let me encourage you who lost the first love, run, run back to the mercy seat. The Father is waiting for you, not to rebuke you, but to give you a welcome embrace.

#### 3. Resist the Devil

Be tough with devil. Be ruthless in dealing with sin. Be serious and consciously keep Satan at bay and do not allow him entrance into the harbor of your heart. His intention is to sow explosive mines in the harbor unaware. Our strategy shall therefore be, not to go as faraway, to the boundary of God's will, but to remain well inside the boundary and close to the center of His will as we can to stay within the safety zone. Stand firm and fight the devil with the kinds of weaponry mentioned in Eph. 6: 10 - 18. Cut off his supply line. Starve out the flesh within by not feeding its sin nature, as it is the stuff that attracts Satan.

#### 4. Cleanse the hands

Refrain from the sinful works of the flesh as stated in Gal. 5: 19, 20,and 21. The cause of your alienation from God is the works of your unclean hands that produced pain to the loving heart of God: your worldly indulgences, you're flirting with the enemy of God, you're eliminating God from your equation, your ignoring His love gestures by your unspiritual adulterous life style. Repent! That means turn around and climb up to the pent house of privileged fellowship of intimacy you once had with God.




#### 5. Purify your hearts

Confession of sin leads to the heart's purification by the blood of Jesus through the application of the Word of God. 1 John 1:9. Jesus made it very clear to Peter during the Upper room discourse at the last supper: "Unless I do not wash you, you have no part in me." You are cut off from the Lord's fellowship. This echoes the ceremonial washing mandated for the priests of the Old Testament before they enter in to the temple service. The Lord is not pleased with anyone who serves in his kingdom with unclean hands, and impure hearts. All those services that apparently might have done in the name of God are going to ashes in flame under the Lord's testing fire.

#### 6. Stop being double minded

Stop playing in both the fields. This is a common phenomenon found among the believers. While playing in the position God has assigned for his glory, they switch sides occasionally and play for the enemy, forgetting that you are in the Lord's team. That is unfaithfulness and betrayal of trust. Declare your allegiance; stay faithful in God's camp and live your life. The dichotomy of walk- talk disparity is dangerous and detrimental to growth. Such a person is double minded, unstable in all his ways, says James 1: 8. Therefore, James exhorts his audience further "Establish your hearts, for the coming of the Lord is at hand" James 5: 8. That is when your works are examined, assessed and rewarded.

#### 7. Lament

Once the medicines are prescribed by the spiritual cardiologist, do not hesitate to take them in. They are essential for cure. Lamenting is an outward expression of the deep sorrow and brokenness of heart over the severity of the damage caused to the fellowship with God. That is the first step of repentance for cure.

#### 8. Mourn

It is the wrenching of heart in severe spiritual pain due to deep sorrow that leads to open confession and restitution. It is the firm resolve of the heart never to go back to eat own vomit. Inevitably, it is followed by definite actions to pre-empt any similar pitfalls in the future.

#### 9. Weep

Cry out in tears with a penitent heart that leads to healing. The act of repentance is not a superficial plastic surgery in order to appear good or to feel better. It is a serious heart transplanting cardiac operation done by the master surgeon in response to the surrender and brokenness of heart in repentance. It causes visible changes of renewed spiritual activities in the life style of the person.

#### 10. Stay humble

It is a paradigm shift to reformat the mind to remain in fellowship with the Lord,enjoying the favors and privileges that the Lord has in store for him: an exciting life for his dear children living in a conflict free relationship with the Lord. Humility is the hallmark of the spiritual person who is walking in harmony in the will of God. Therefore, let us walk together, encouraging each other,that together we will finish the race that is set before us.

## യാത്ര അയപ്പ് നൽകി

HH Studio



23 വർഷത്തെ ബഹ്റിൻ ജീവിതം അവസാനിപ്പിച്ച് കടന്നുപോകുന്ന പാസ്റ്റർ കുര്യൻ മത്തായിക്ക് (ഇടത്ത്) 'ഐ.പി.സി. ബെഥേസ്ദാ ചർച്ച്' ശുശ്രുഷകൻ പാസ്റ്റർ ബാബു എബ്രഹാം മെമന്റോ നൽകുന്നു. ബ്രദർ ചാൾസ് വർഗീസ് സമീപം

# അത്തിയുടെ കീഴിലെ നഥനയേൽ

എന്നെ എവിടെ വച്ച് അറിയും എന്ന നഥനയേലിന്റെ ചോദ്യത്തിന് മറുപടിയായി കർത്താവ് പറഞ്ഞത് നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നാണ്. യിസ്രായേലിനെ വീണ്ടെടുക്കുവാനുള്ള ഒരു 'നന്മ' അല്ലെങ്കിൽ സമാധാന പ്രഭു ആരാണ് ? അവൻ എപ്പോൾ വരും ? അവൻ എവിടെ നിന്ന് വരും? എന്ന ചിന്തയും ആഗ്രഹവും തന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഉണ്ടായിരുന്നു. സൂര്യന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളേയും മനുഷ്യ ജീവിതത്തേയും കുറിച്ച് ശലോമോൻ സഭാപ്രസംഗിയിൽ ആരായുമ്പോൾ, ഒരു നന്മയില്ലെന്നും എല്ലാം




മായ എന്നും താൻ ഓർപ്പിക്കുന്നുണ്ട്. എന്നാൽ ആ വരികൾക്കിടയിൽ താൻ ഓർപ്പിക്കുന്ന ചില മുന്നറിയിപ്പുകൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടത് ഇങ്ങനെയാണ്, ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരും എന്ന് നിശ്ചയമായി ഞാൻ അറിയുന്നു (സഭാ.8:12, 12:13).

ലോകസുഖങ്ങളാകുന്ന, ആവി പോലെ പറന്നുപോകുന്ന ഇലകളാൽ നിറഞ്ഞു നിൽക്കുന്ന വൻവൃക്ഷങ്ങളുടെ തണലുകളിൽ പാപം ചെയ്ത്, തിന്നു കുടിച്ച്, രസിച്ച്, സുഖിച്ച് ആയിരങ്ങൾ നിത്യനാശത്തിലേക്ക് പോകുമ്പോൾ നഥനയേൽ നമുക്കൊരു ചൂണ്ടുപലകയാണ്. ഫിലിപ്പോസ് തന്നെ വിളിക്കുന്നതിനു മുമ്പേ, രക്ഷകനാകുന്ന ആ വലിയ 'നന്മ'യുടെ മുമ്പിലേക്ക് തന്നെ നയിക്കുന്നതിനു മുമ്പേ, ആരാണ് എന്റെ രക്ഷകൻ, ആരാണ് എന്റെ ജനത്തെ വീണ്ടെടുക്കുന്നത് എന്ന ഹൃദയത്തിന്റെ തേങ്ങലുകൾ തന്നിൽ ആഴമായിട്ട് ഉണ്ടായിരുന്നു. ആ നന്മയെ അന്വേഷിച്ചുള്ള ജീവിത യാത്രയ്ക്കിടയിൽ ആണ് സർവ്വശക്തനായ ദൈവം തന്നെ അത്തിയുടെ കീഴിലേക്ക് നടത്തുന്നത്.

ദൈവഭയത്തോടെ താൻ അത്തിയുടെ കീഴിൽ ഇരുന്ന് വരുവാൻ പോകുന്ന, തനിക്ക് വെളിപ്പെടുവാനുള്ള ദൈവത്തിന്റെ വാഗ്ദത്തമാകുന്ന നന്മയെ ധ്യാനിക്കുന്നു. നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ എന്നുള്ള തന്റെ നിഷ്കളങ്കമായ, കാപട്യമില്ലാത്ത ചോദ്യം പ്രസക്തമാണ്. ഫിലിപ്പോസുമായി തർക്ക ചോദ്യങ്ങളുമായി സമയം കളയാതെ വന്നു കാൺങ്കാ എന്ന ദൈവശബ്ദം അനുസരിച്ച് നഥനയേൽ യേശുവിന്റെ അടുക്കലേക്ക് നടന്നുവരുന്നു.

അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്ന യേശു കർത്താവിന്റെ വാക്കുകൾ തന്നിൽ വലിയ ഞെട്ടൽ ഉളവാക്കി. തന്റെ ഹൃദയത്തിലൂടെ പല ചിന്തകളും കടന്നുപോയി. ഇവിടെ ഇതാ എന്റെ സ്വപ്നങ്ങളെ മനസ്സിലാക്കുന്ന ഒരുവൻ. അതുമാത്രമല്ല, എന്റെ പ്രാർത്ഥനയെ അറിയുന്ന മനുഷ്യൻ. ഇവിടെ ഇതാ എന്റെ രഹസ്യമായ, വളരെ സ്വകാര്യമായ എന്റെ ആഗ്രഹങ്ങളെ കാണുന്ന ഒരു മനുഷ്യൻ. തന്നെയുമല്ല, എന്റെ ആത്മാവിന്റെ അവ്യക്തമായ തേങ്ങലുകളെ മാറ്റിയവൻ, ആ വലിയ നന്മയുടെ മുമ്പിൽ ഞാൻ നിൽക്കുന്നു.



പാസ്റ്റർ ഷാജി വി ജോൺ

ഇങ്ങനെ ഒരു നല്ല അനുഭവം തനിക്ക് ലഭിച്ചത് ദൈവഭയത്തോടുകൂടി അത്തിയുടെ കീഴിൽ ഇരുന്ന് ദൈവത്തിന്റെ കൃപയെ ധ്യാനിച്ചതുകൊണ്ടാണ്. തന്റെ ഹൃദയത്തെ മുഴുവൻ വായിച്ച, മനസ്സിലാക്കിയ, തൃപ്തിപ്പെടുത്തിയ ആ വലിയ വീണ്ടെടുപ്പുകാരന്റെ മുമ്പിൽ താൻ സകലവും സമർപ്പിച്ച് കീഴടങ്ങുന്നു.

പ്രിയരേ, വലിയ തണലുകൾ പടർത്തി നമ്മെ ആകർഷിപ്പിച്ച്, വശീകരിച്ച്, വലയിൽ കുടുക്കി, വലിയ നന്മയാകുന്ന കർത്താവിൽ നിന്ന് നമ്മെ അകറ്റുന്ന തണലുകൾ അല്ല നമുക്ക് വേണ്ടത്. നമുക്ക് ആവിശ്യമുള്ള തണലുകൾ ഒരുക്കിതന്ന് നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന, നിത്യത ആകുന്ന നന്മയിലേക്ക് നമ്മെ എത്തിക്കുന്ന അത്തിയുടെ കീഴിലേക്കും, മുന്തിരിവള്ളിയുടെ കീഴിലേക്കും നമുക്ക് നിരന്തരമായി കടന്നു ചെല്ലാം (1 രാജാ. 4:25).

യിസ്രായേൽ സമൂഹം പലപ്പോഴും നല്ല തണലുള്ള കരുവേലകത്തിന്റേയും, പുന്നയുടേയും, ആലിന്റെ കീഴിൽ ധൂപം കാട്ടിയും, പരസംഗം ചെയ്തും, വ്യഭിചാരം ചെയ്തും തങ്ങളുടെ രക്ഷകനെ മറന്നു കളഞ്ഞു (ഹോശ.4:13). കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപങ്ങൾ എന്നിവ ആകുന്ന വലിയ വൻവൃക്ഷങ്ങൾ, അവയുടെ തണലുകൾ പടർത്തി നമ്മെ മാടിവിളിക്കുമ്പോൾ, ആ ചതിക്കുഴികളെ തിരിച്ചറിഞ്ഞ് അവ വിട്ടോടി, അത്യുന്നതന്റെ മറവിലും സർവ്വശക്തന്റെ നിഴലിൻ കീഴിലും നമുക്ക് പാർക്കാം. നഥനയേലിനോട് കർത്താവ് പറഞ്ഞു നീ ഇതിനേക്കാൾ വലിയത് കാണും. ആ വലിയ നന്മ ആകുന്ന, സ്വസ്ഥത ആകുന്ന നിത്യതയ്ക്കായി നമുക്ക് ഒരുങ്ങാം, മറ്റുള്ളവരെക്കൂടി ഒരുക്കാം.

## Command & Promise of the Month

**COMMAND**


***2 പത്രോസ് 1:10***

***അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ.***

**PROMISE**

***യോഹാൻ 14:27***

***സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.***





# പ്രകൃതിയെ സംരക്ഷിക്കാം; അത് നമ്മുടെ കടമയാണ്, ദൈവഹിതമാണ്



ജോൺസൺ വെടിക്കാട്ടിൽ

എന്തൊരു ചൂട്! അസ്സഹനീയമായ കാലാവസ്ഥ. തർക്കമേതുമില്ലാതെ എല്ലാവരും ചൂടിനെ പഴിക്കുന്നു. ഇതുപോലൊരു കാലാവസ്ഥ തങ്ങൾ ആദ്യമായാണ് അനുഭവിക്കുന്നതെന്നാണ് മിക്ക വീടുകളിലേയും കാരണവർ ആയവരുടെ മതം. അതേ, നമ്മുടെ നാട്ടിലെ കാലാവസ്ഥയുടെ സന്തുലിതാവസ്ഥ തകിടം മറിഞ്ഞു.

കഴിഞ്ഞ ദശകങ്ങളിൽ മലയാളക്കരയുടെ കാലാവസ്ഥയുടെ സൗന്ദര്യത്തെപ്പറ്റി വാചാലരാകാത്തവരില്ല. അധികം ചൂടും തണുപ്പും ഇല്ലാത്ത സുന്ദരമായ കാലാവസ്ഥ ദൈവം തന്റെ സ്വന്തം നാട്ടിലെ ജനങ്ങൾക്കായി കനിഞ്ഞു നൽകിയിരുന്നു. മറ്റു ദേശക്കാരും ഭാഷക്കാരുമായവർ കേരളത്തിന്റെ ഭംഗി ആസ്വദിക്കുന്നതിനോടൊപ്പം തങ്ങളുടെ നാട്ടിലെ ചൂടിൽ നിന്നും രക്ഷപ്പെടാനുമായി കേരളാ സന്ദർശനം നടത്തിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കാലാവസ്ഥ വ്യതിയാനം ഏറ്റവും ദോഷകരമായി ബാധിച്ച ഒരു സ്ഥലമാണ് കേരളം. ഈ ദശകത്തിൽ വർഷം ചെല്ലുന്തോറും ക്രമാനുഗതമായ് വർദ്ധിക്കുന്ന ചുടിനെ പ്രതിരോധിക്കാൻ കേരളത്തിൽ ജനിച്ചു വളർന്നവർക്കുപോലും കഴിയുന്നില്ലെന്നതാണ് വാസ്തവം. മഴക്കാലത്തുപോലും ഒരു ദിവസം മഴ പെയ്തില്ലെങ്കിൽ അസ്സഹനീയമായ ചൂടാണ്.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഉത്തരവാദിത്വം ആരുടെയെങ്കിലുംമേൽ കെട്ടിവെച്ചു രക്ഷപെടാൻ നമുക്ക് കഴിയില്ല. അതിനുള്ള പരിഹാരം തേടിയലഞ്ഞിട്ടും കാര്യമില്ല. പ്രകൃതിയെ സ്നേഹിക്കുക, മറ്റ് ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കുവാൻ ഉള്ള അവകാശത്തെ മാനിക്കുക എന്നത് മാത്രമാണ് പോംവഴി. മരം ഒരു വരം എന്ന് പഠിച്ച നാം മരം ഒരു വരുമാനം എന്ന് തിരുത്തി വായിച്ചു. പ്രകൃതി കനിഞ്ഞു നൽകിയ സുന്ദരമായ വനങ്ങളും, മലകളും, താഴ്വരകളും, അരുവികളും, പാടങ്ങളും, നദികളുമൊക്കെ നാം വികസനത്തിന്റെ പേരിൽ മുടിച്ചുകളഞ്ഞതാണ് നാം ഇന്നനുഭവിക്കുന്ന ഈ കാലാവസ്ഥ വൈകൃതത്തിന്റെ പ്രധാന കാരണം.

നമ്മുടെ നാട്ടിൽ പാടം നികത്തി കോൺക്രീറ്റ് സൗധം പണിതുയർത്തി, മഴ പെയ്തപ്പോൾ അതിൽ മുട്ടോളം വെള്ളം കയറിയത് നാം ഉടനെയൊന്നും മറക്കാൻ സാധ്യതയില്ല. കഴിഞ്ഞ വർഷം ചെന്നൈ മഹാനഗരത്തോടും മഴ കാണിച്ച ക്രൂരത, അശാസ്ത്രീയമായ വികസനത്തിന്റെ അനന്തരഫലം ആയിരുന്നു. മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്താൽ ഒരിക്കൽ പ്രകൃതി മനുഷ്യനേയും നശിപ്പിക്കും എന്നാണ് ചരിത്രം നൽകുന്ന പാഠം.

44 നദികളാൽ സംപുഷ്ടം എന്ന് നാം അഭിമാനിച്ചിരുന്ന നമ്മുടെ നദികളിൽ പകുതിയും അകാല ചരമത്തിന്റെ വക്കിലാണ്. വികലമായ വികസന നയങ്ങളും, കോൺക്രീറ്റ് സൗധങ്ങളുമാണ് വികസനത്തിന്റെ മാനദണ്ഡം എന്നുള്ള മിഥ്യധാരണയിൽ അധിഷ്ഠിതമായ അന്ധമായ വികസന അജണ്ട നമ്മുടെ നാടിന്റെ പ്രകൃതി രമണീയതയുടെ മേലുള്ള കടന്നു കയറ്റം ആയിരുന്നു. വികസനത്തിന്റെ മറവിലെ കച്ചവട താൽപ്പര്യം ഒടുക്കി കളഞ്ഞത് ജനിക്കുമാനുള്ള തലമുറയുടെ സ്വപ്നങ്ങളാണ്. പൂർവ്വീകർ തങ്ങളോടു ചെയ്ത ദ്രോഹമായ് ലോകം നാളെ ഇതൊക്കെ വിലയിരുത്തിയേക്കാം. ഉപയോഗ ശൂന്യമായ (എന്ന് പലരും തെറ്റായി കരുതുന്ന) കണ്ടൽ കാടുകളും പാടങ്ങളും മണ്ണിട്ടു മൂടുവാൻ പിൻവാതിൽ ശ്രമങ്ങൾ നടത്തുന്നു. അരുവികൾ മലിനമാക്കപ്പെടുന്നു. നെൽപാടങ്ങൾ പലർക്കും തീറെഴുതി കൊടുക്കാൻ അധികാരികൾ വ്യഗ്രത കാണിക്കുന്നു. അങ്ങനെ തകൃതിയായി നടക്കുന്നു നമ്മുടെ വികസന സ്വപ്നങ്ങൾ.

പ്രകൃതിയെ സംരക്ഷിച്ച് എങ്ങനെ വികസനം നടത്താം എന്ന കാര്യത്തിൽ നാം യൂറോപ്യൻ രാജ്യങ്ങളെ മാതൃകയാക്കണം. വികസനത്തിന്റെ പേരിൽ അനാവശ്യമായി അവിടെ മരങ്ങൾ മുറിക്കുന്നില്ല, നദികൾ മണ്ണിട്ട് മൂടുന്നില്ല. പ്രകൃതി സൗന്ദര്യം അതേപടി നിലനിർത്തി അവർ ചെയ്തെടുക്കുന്ന വികസന പ്രവർത്തനങ്ങൾ നയന മനോഹരവും പ്രകൃതി സൗഹൃദവും ആണ്. മരുഭൂമി എന്ന പേര് കേട്ട മധ്യേഷ്യൻ രാജ്യങ്ങളിലും അങ്ങനെതന്നെ. ഉള്ള പച്ചപ്പ് നിലനിർത്താൻ വേണ്ടി കോടികൾ ആണ് എല്ലാ വർഷവും ഗൾഫ് രാജ്യങ്ങൾ തങ്ങളുടെ ബഡ്ജറ്റിൽ വകയിരുത്തുന്നത്.


വമ്പൻ മുതൽ മുടക്കിൽ ദുബായിൽ ഇപ്പോൾ ഒരു കൃത്രിമ കനാൽ നിർമ്മിച്ചു. അത് കാണുമ്പോൾ ഒരു മുതൽ മുടക്കുമില്ലാതെ പ്രകൃതി കനിഞ്ഞു നൽകിയ അരുവികൾ സംരക്ഷിക്കാൻ കഴിയാത്തിതിലുള്ള പാപഭാരം പേറികൊണ്ട് നോക്കി കാണാനേ ദൈവത്തിന്റെ സ്വന്തം നാട്ടിലെ മക്കൾക്ക് സാധിക്കുകയുള്ളൂ. വികസിത രാജ്യങ്ങളിൽ സർക്കാരിന്റെ കൃത്യമായ അനുവാദം ഇല്ലാതെ ഒരു മരം വെട്ടിയാൽ ഭീമമായ തുകയാണ് പിഴയായി അടയ്ക്കേണ്ടി വരിക. വികസിത രാജ്യങ്ങളിലെല്ലാം തന്നെ Sustainable Construction Method എന്ന ഒരു രീതി തന്നെ ഇപ്പോൾ അവലംബിക്കുന്നുണ്ട്. പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യാതെയുള്ള തരം നിർമ്മാണ പ്രവർത്തനമാണ് Sustainable Construction. ദുഃഖകരമായ വസ്തുത നമ്മുടെ സ്ഥിതി ഇങ്ങനെ അനുദിനം വഷളായ് തീർന്നു കൊണ്ടിരുന്നിട്ടും മാറിമാറിവരുന്ന ഭരണാധികാരികളിൽ നിന്നും ആശാവഹമായ ഒരു പ്രസ്താവന പോലും പ്രകൃതി സംരക്ഷണത്തെ കുറിച്ചു കേൾക്കുന്നില്ല എന്നതിലാണ്.

***പ്രകൃതി സംരക്ഷണത്തെക്കുറിച്ച് തിരുവചനം എന്ത് പറയുന്നു. ഈ വിഷയത്തിലുള്ള ക്രൈസ്തവ വീക്ഷണം എന്താണ് ?***

നാം അധിവസിക്കുന്ന ഭൂമി സംരക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്. വിശുദ്ധ ബൈബിൾ അത് അടിവരയിട്ടു പഠിപ്പിക്കുന്നു. പ്രകൃതി സംരക്ഷണത്തിലെ ദൈവഹിതം പഴയ നിയമത്തിലും പുതിയ നിയമത്തിലും നമുക്ക് ദർശിക്കാം. പ്രകൃതിരമണീയമായ ഏദനിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയത് അവിടെ വേല ചെയ്തു തോട്ടം കാപ്പാൻ വേണ്ടി കൂടെയായിരുന്നു. ദൈവത്തിന്റെ പണിയായായ ഭൂമിയുടെ ഘടന മാറ്റിയെഴുതുവാൻ ദൈവം മനുഷ്യനവകാശം തന്നിട്ടില്ല. ഭൂമിയെ നശിപ്പിക്കുന്നവരുടെമേൽ ദൈവീക ന്യായവിധി വരും എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (വെളി.11:18).

'അതുകൊണ്ട് ഞാൻ അധിവസിക്കുന്ന നിങ്ങളുടെ പാർപ്പിടമായ ദേശം അശുദ്ധമാക്കരുത്; യിസ്രായേൽ മക്കളുടെ മദ്ധ്യേ ഞാൻ അധിവസിക്കുന്നു' (സംഖ്യ.35:34). ദൈവഹിതം എല്ലാ വിഷയങ്ങളിലും നാം നിറവേറ്റുമ്പോൾ അല്ലെങ്കിൽ അതിനായി പരിശ്രമിക്കുകയെങ്കിലും ചെയ്യുമ്പോൾ മാത്രമേ ദൈവം നമ്മിൽ പ്രസാദിക്കുകയുള്ളൂ. നമ്മുടെ പ്രകൃതിയെ നമുക്ക് സംരക്ഷിക്കാം. പ്രകൃതി ചൂഷണത്തോട് വിട പറയാം. ഒരു മരം മുറിക്കാൻ ആലോചിക്കുന്നതിനു മുമ്പ് രണ്ടു മരം നട്ടു മാതൃക കാണിക്കാം. പ്രകൃതി സൗഹൃദപരമായ വികസനത്തെ പിന്തുണയ്ക്കാം. നാം അധിവസിക്കുന്ന ഈ ഭൂമി നമ്മുടെ സ്വന്തമല്ല. നാം ഇവിടെ പരദേശികളാണ്.

***'വരും തലമുറയ്ക്കായ് നമുക്ക് ശേഷിപ്പിക്കാം അവശേഷിക്കുന്ന പച്ചപ്പെങ്കിലും...'***



## HH Rhythm

*'ക്രൂശിൻമറവിൽ ഞാൻ' എന്ന രീതി...*

1. സ്തുതി സ്തോത്രം പാടി വന്ദിക്കുന്നു നാഥാ!
ശക്തി ധനമാനം അർപ്പിക്കുന്നു മോദാൽ
ആരാധിപ്പാൻ യോഗ്യൻ കുഞ്ഞാടെ നീ മാത്രം
നമിക്കുന്നു പാദേ ഭക്ത്യാദരവോടെ

2. ക്രൂശിൻ ചാരെ വന്നു നിൻമുറിവു കണ്ടു
നിന്നുടലെൻ പേർക്കായ് നുറുങ്ങിയതോർത്തു
ഒടുതുള്ളി രക്തം എന്റെ പേർക്കായ് ചിന്തി
ആത്മരക്ഷ തന്ന ശർമ്മദൻ നീ മാത്രം

3. മഹസെഴും ശ്രീശൻ വന്ദ്യൻ സ്തുത്യൻ നൂനം
വിമലജനേശു നാമമെത്ര ധന്യം
എന്നഘങ്ങൾ പോക്കി പരഗതി തന്ന
സുരലോക പ്രഭോ! നിർമ്മലൻ നീ വാഴ്ക

4. ധന്യനായോർ ദേവൻ ഏകാധിപതിയാം
രാജാധിരാജാവും കർത്താധികർത്താവും
അമർത്യതയുള്ളോൻ അദൃശ്യനാം ദൈവം
അടുത്തുകൂടാത്ത ഒളിയിൽ വസിപ്പോൻ

5. സ്നേഹപൂർണ്ണനേശു നീതിസൂര്യനീശൻ
ദയാപരൻപ്രഭോ നിരാമയൻ സ്തോത്രം
പൊൻകിരീടം ചൂടി മേഘാരൂഢനായി
പൂർണ്ണപ്രഭയോടെ വന്നിടും മാരാജൻ

---

*ഒടുതുള്ളി = അവസാനതുള്ളി, മാരാജൻ = മഹാരാജാവ്*
*ഒളിയിൽ = വെളിച്ചത്തിൽ, നിരാമയൻ = കുറ്റമില്ലാത്തവൻ*
*പരഗതി = മോക്ഷപ്രാപ്തി, സുരലോകം = സ്വർഗം*
*മഹസെഴും = തേജസേറും, നൂനം = നിശ്ചയം*
*മേഘാരൂഢൻ = മേഘത്തിൽ കയറിയവൻ*
*വിമലജൻ = പരിശുദ്ധൻ, അഘം = പാപം*
*ശർമ്മദൻ = ആമോദം നൽകുവൻ*
*പ്രഭു = ശ്രേഷ്ഠൻ/സർവോൽകൃഷ്ടൻ*



ജിജോ അങ്കമാലി

# BEWARE TO GUARD YOUR MOUTH!!!



**Sandra Ann Mathew**

Watch your thoughts, they become your words ; Watch your words, they become your actions. Watch your actions, they become your habits; Watch your habits , they become your character & Watch your character since it determines your destiny.

We all are human beings gifted with the ability to communicate with each other but Do we always please God through our words? Well, the answer for this question would be difficult because none of us can claim to be perfect in the sight of God.

It's common to make mistake and it is perfectly fine unless you don't repeat the same again. God, our creator has inbuilt within us so many special features to glorify Him. One among that is our mouth(especially tongue).

The words that comes out from our mouth can heal or hurt others. Yes, Words do hurt. In fact it's said that broken bones will heal over a period of time but a person who is hurt through words can't be healed completely. Our words and actions gets affected to the whole world around us. People judge you by your looks and the way of your communication which can leave a lasting result on your personality. Words can bring forth life, hope and love at the same time it can cause death, division and destruction.

Proverbs18:21 quotes that death and life are in the power of tongue. That's the reason why James,in his epistle encourages us to be quick in hearing,slow to speak and slow to anger. Always engage your mind before speaking since the tongue is in wet place,it might get slip off as well. Lets take a look at how words play an important role in our life:

### WORDS CAN BUILD US OR TEAR US APART:

They do have the power to build up someone who is completely broken yet powerful in tearing down a strong person by hurting their feelings and insulting their personality among others. Soothing and touching words bring comfort to the weary but a crushed word leaves a wound at the soul.

Like a camphor can destroy an entire forest overnight, a careless word can destroy a life overnight. Tongue is a burning fire. That's why David in his Psalms make a prayer to God to guard his mouth.

We are, therefore called to be the chosen ones,so that we can spread the joy and happiness around us through our words and actions. Make sure that your mouth glorifies God in everything you say.

### WORDS CAN DIRECT OR INDIRECT US:

It's known that we shape our words and then our words shape us. This little tongue can control us towards the right direction and a little bit of phrase can influence the total direction of life. The choice is given to us, we need to make sure that our words encourage and direct others to God.

### WORDS DISPLAY OUR CHARACTER:

It shows who we are and what we are. Our character is therefore determined by our words. Use your mouth to delight others and shine for God and lit the light for the people who is caught up in darkness of the world. Let us comfort one another in the love of God.

No man can tame his tongue unless God works on it. Let us pray to God for the power to guard our mouth. In the coming days, let our words heal the wounds of others,encourage the needy, let God's name be glorified through our words and let the whole world know that our Christ is the only living God through our words and actions. Engage yourself with godly things than the earthly ones.

Words are free, It's how you use them, that may cost you.

പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത
പ്രാർത്ഥനാ വിഷയങ്ങളുമായി
നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ
ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ
ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും
നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ
നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ
നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

# ശരിയായി പഠിക്കുവാൻ ശ്രദ്ധിക്കേണ്ട 11 കാര്യങ്ങൾ



ജോസഫ് എൻ വർഗീസ്



പ്രിയമുള്ളവരെ നമ്മൾ ഒക്കെ വളരെ ഉൽക്കണ്ഠരായിരിക്കുന്ന അടുത്ത അദ്ധ്യായന വർഷം കടന്നു വരുകയാണല്ലോ? പഠിക്കുന്ന കുഞ്ഞുങ്ങളേക്കാൾ വളരെയധികം അവരുടെ വിഷയത്തെപ്പറ്റി മാതാപിതാക്കളാണല്ലോ ഇന്ന് ചിന്തിച്ചു വിഷമിക്കുന്നത്. മാതാപിതാക്കളും കുഞ്ഞുങ്ങളും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ അതിനൊരു പരിഹാരമാകും.

### 1. കൃത്യനിഷ്ഠ

എന്നും ഒരേ സമയത്ത് ഉണരുവാനും ഉറങ്ങുവാനും ശ്രദ്ധിക്കുക. രാത്രി വൈകി ഉറങ്ങുവാനും രാവിലെ വൈകി ഉണരുവാനും പാടില്ല. രാത്രി 10.30 മുമ്പു തന്നെ ഉറങ്ങുക. അതിരാവിലെ 4 മണിക്ക് എഴുന്നേറ്റ് പഠിക്കുവാൻ ശ്രമിക്കുക. രാത്രി നമുക്ക് ദൈവം തന്നിരിക്കുന്നത് വിശ്രമിക്കുവാനാണ്. ഉണരുമ്പോഴും ഉറങ്ങുന്നതിനു മുമ്പും ദൈവത്തെ ധ്യാനിക്കുക. എല്ലാറ്റിനും ഒരു ടൈംടേബിൾ ഉണ്ടാക്കുക.

### 2. ശരീര ശുദ്ധി

ഉണർന്നാലുടൻ രു ഗ്ലാസ്സ് വെള്ളം കുടിക്കുക. അതുപോലെ തന്നെ വൈകിട്ട് കിടക്കുന്നതിനു മുമ്പും 2 ഗ്ലാസ്സ് വെള്ളം കുടിക്കണം. ബാക്കി 8 ഗ്ലാസ്സ് വെള്ളം ഏതു സമയത്തും കുടിക്കാം. കുറഞ്ഞത് ഒരു ദിവസം 12 ഗ്ലാസ്സ് വെള്ളം കുടിച്ചിരിക്കണം. ശരീരത്തിലുള്ള വെള്ളത്തിന്റെ അളവ് ബുദ്ധിശക്തിയെ വർദ്ധിപ്പിക്കും. രാവിലെ ഉണർന്നാൽ ഉടനെയും രാത്രി കിടക്കുന്നതിനു മുമ്പും പല്ലുതേക്കണം. പല്ലു ശുദ്ധീകരണം ബ്രയിനും തമ്മിൽ ബന്ധമുണ്ട്. നല്ല വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കണം. രാവിലെ 6 മണിക്കുശേഷവും വൈകിട്ട് 6 മണിക്കുമുമ്പും രണ്ടു പ്രാവിശ്യം കുളിക്കണം.

### 3.ശുദ്ധസസ്യാഹാരി ആകുക

പഠിക്കുന്ന സമയത്ത് ധാരാളം കഴിക്കാതിരിക്കുക. ഫാസ്റ്റ് ഫുഡ് കഴിവതും കഴിക്കാതിരിക്കുക. ഫാസ്റ്റ് ഫുഡ് കഴിക്കുന്നവർക്ക് ആ സമയം വരുമ്പോൾ അതു കഴിക്കണമെന്ന ഇച്ഛാശക്തി തോന്നും. കൂടാതെ കൂടുതൽ കഴിക്കുവാനും ഇടയാകും. രാവിലെത്തന്നെ ബ്രേക്ക്ഫാസ്റ്റ് കഴിച്ചിരിക്കണം. അമിതാഹാരം ശരീരത്തിന്റെ എല്ലാ സിസ്റ്റത്തിനേയും തകരാറിലാക്കും. മുക്കാൽ വയറുമാത്രമേ കഴിക്കാവൂ. എങ്കിൽ ദഹനപ്രക്രിയ ക്രമമായി നടക്കുകയുള്ളൂ.

### 4. ബുള്ളറ്റ് പോയിൻ്സ്

പഠിക്കുമ്പോൾ ആദ്യം ഉറച്ചു വായിക്കണം. വായിക്കുമ്പോൾ രണ്ടു ചെവികളും ഒരേ രീതിയിൽ കേൾക്കുവാൻ തക്കവണ്ണം നേരെ ഇരുന്ന് വായിക്കണം. ഇടത്തെ വശത്തെ തലച്ചോറും വലതു വശത്തെ തലച്ചോറും ഒരേ രീതിയിൽ വായിക്കുന്നത് സ്വീകരിക്കണം. ആ ഭാഗം തന്നെ രണ്ടാമതു വായിക്കുമ്പോൾ മനസ്സിൽ വായിക്കണം. വായിച്ചതിന്റെ പോയിന്റ്സ്, ബുള്ളറ്റ് പോയിന്റ്സ് ആയി എഴുതിവെച്ച് മനപാഠമാക്കുക.

### 5. ക്യാച്ച് അൻഡ് റ്റീച്ച് മെത്തേഡ്

പഠിച്ചതിനുശേഷം ആ മുറി മുഴുവൻ മറ്റുള്ള സ്റ്റ്യുഡൻസ് ഇരിക്കുന്നതുപോലെ ചിന്തിച്ചു അവരെ പഠിപ്പിക്കുക. അപ്പോൾ മുകളിൽ പറഞ്ഞ ബുള്ളറ്റ് പോയിന്റ്സ് സഹായകരമാകും.

### 6. ഒരേ സ്ഥലത്തിരുന്നു പഠിക്കുക

അവിടേയും ഇവിടേയും പഠനമേശ മാറ്റി ഇടാതെ ഒരു സ്ഥലത്തുത്തന്നെ ഇരുന്നു പഠിക്കുക. പല സ്ഥലത്തായി ഇരുന്നു പഠിച്ചാൽ അവിടുത്തെ സാഹചര്യം നമ്മുടെ ചിന്തകളെ മാറ്റും.

### 7. തുറന്നിട്ട മുറിയിലിരുന്നു പഠിക്കുക

അടച്ചിട്ട മുറിയിലിരുന്നു പഠിച്ചാൽ നമ്മുടെ ശ്രദ്ധ പതറിപ്പോകാൻ കാരണമാകും. ദുഃശ്ചിന്തകളും നമ്മുടെ പ്രിയപ്പെട്ടവരുടെ മുഖങ്ങളും, മറ്റു പല സ്വപ്നങ്ങളും ആയി യാത്ര ചെയ്യും. കഴിവതും തുറന്നിട്ട മുറിയിലിരുന്ന് പഠിക്കുക. കുറഞ്ഞപക്ഷം പകുതിയെങ്കിലും തുറന്നിടണം.

### 8. വ്യായാമം

ബ്രീത്തിംഗ് എക്സർസൈസ് 5 പ്രാവിശ്യമെങ്കിലും ചെയ്യുക. അലസത വരുമ്പോൾ കൈ വെള്ളയിൽ മാറിമാറി മറ്റെ കൈയ്യുടെ വിരലുകൊണ്ട് ഞെക്കുക. തുടർമാനമായി പഠിക്കാതെ 55 മിനിറ്റ് പഠിച്ചതിനുശേഷം 5 മിനിറ്റു വിശ്രമിക്കുക. അപ്പോൾ ബ്രീത്തിംഗ് എക്സർസൈസ് ചെയ്താൽ ഉറക്കം മാറികിട്ടും.

### 9. ബാക്ക്അപ്പ് / റീകളക്ട്

രാത്രി കിടക്കുന്നതിനു മുമ്പ് രാവിലെ മുതൽ കണ്ടതും കേട്ടതും ചെയ്തതും ഒക്കെ ഒന്നു ഓർക്കുക. ചെയ്തു പോയ തെറ്റിന് അനുതപിച്ച് ശാന്തമായി പ്രാർത്ഥിച്ച് ഉറങ്ങുക.

### 10. പരീക്ഷയ്ക്കു വേണ്ടിയുള്ള തയ്യാറെടുപ്പ്

പരീക്ഷദിവസങ്ങളിൽ പതിവിലും നേരത്തെ കിടന്നുറങ്ങി നേരത്തെ എഴുന്നേൽക്കുക. സമയത്തിനു മുമ്പുതന്നെ സ്ക്കൂളിൽ ചെല്ലുക. പരീക്ഷയുടെ ചോദ്യപേപ്പർ കിട്ടിയാലുടൻ പ്രാർത്ഥിച്ചു എല്ലാ ചോദ്യങ്ങളും വായിക്കുക. പരീക്ഷ ഹാളിലിരുന്ന് ടെൻഷൻ അടിക്കാതെ അറിയാവുന്ന ചോദ്യത്തിന്റെ ഉത്തരങ്ങൾ ആദ്യം എഴുതുക. അതിനുശേഷം മറ്റുള്ള ചോദ്യത്തിന്റെ ഉത്തരങ്ങൾ ആലോചിച്ച് എഴുതുക.

### 11. ശുഭാപ്തി വിശ്വാസം

എഴുതിയ പരീക്ഷകൾക്ക് നല്ല മാർക്ക് കിട്ടും, വിജയിക്കും എന്നു രാവിലെ എഴുന്നേറ്റാലുടൻ ആവർത്തിച്ചാവർത്തിച്ച് പറയുക.

യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധി ഉണ്ട്.

***കാരണം യഹോവയല്ലോ ജ്ഞാനം തരുന്നത്.***



Dr. Hope

പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

## വിശുദ്ധന്മാരുടെ മറുപേരുകൾ

1. അവകാശികൾ – റോമ.4:13
2. ക്രിസ്ത്യാനികൾ – അപ്പൊ.പ്രവ.11:26
3. ദൈവത്തിന്റെ പുത്രന്മാർ – മത്താ.5:9
4. തിരഞ്ഞെടുക്കപ്പെട്ടവർ – ആവർ.7:6
5. പ്രിയമക്കൾ – എഫെ.5:1
6. പ്രിയ സഹോദരന്മാർ – 1 കൊരി.15:58
7. വെളിച്ചത്തിന്റെ മക്കൾ – ലൂക്കോ.16:8
8. വിശ്വാസികൾ – അപ്പൊ.പ്രവ.5:14
9. വൃതന്മാർ – മത്താ.24:22
10. സഹോദരന്മാർ – മത്താ.23:8
11. രാജകീയ പുരോഹിതന്മാർ – 1 പത്രോ.2:9

## MEPC സ്പെഷ്യൽ മീറ്റിംഗ്

മിഡിൽ ഈസ്റ്റ് പെന്തെക്കോസ്തൽ ചർച്ചിന്റെ (MEPC) സ്പെഷ്യൽ പ്രയർ മീറ്റിംഗ് സെപ്റ്റംബർ 9–ാം തീയതി വൈകിട്ട് 7.30 മുതൽ 9 വരെ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വച്ച് നടക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ ജെയ്സൺ കുഴിവിള അറിയിച്ചു. പാസ്റ്റർ ടൈറ്റസ് തോമസ്, തിരുവനന്തപുരം ശുശ്രൂഷിക്കും.

# പുനരുത്ഥാനം

2



പാസ്റ്റർ പി.എം. ജോയി

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...*

കാലാകാലങ്ങളായി രക്തസാക്ഷിത്വം വരിച്ച വിശുദ്ധന്മാരുടേയും ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടേയും പ്രത്യാശയാണ് പുനരുത്ഥാനം എന്നുള്ളത്.

'മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ'?
ഇയ്യോബ് 14:10
'മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ'? ഇയ്യോബ് 14:14

അതിപുരാതനമായതും പ്രധാനപ്പെട്ടതുമായ ഈ ചോദ്യത്തിന് ഓരോ വ്യക്തിയും ഉത്തരം കണ്ടെത്തേണ്ടതുണ്ട്. എന്നാൽ നമ്മുടെ ബുദ്ധിയിൽ നിന്നോ ചിന്തകളിൽ നിന്നോ ഉത്തരം കണ്ടെത്തുക അസാദ്ധ്യം. എന്നാൽ ദൈവവചനത്തിൽ വിശുദ്ധ അപ്പൊസ്തൊലന്മാർ മുഖാന്തിരം വളരെ വ്യക്തമായി ദൃഢമായി ബഹുനിശ്ചയത്തോടെ അർത്ഥശങ്കക്കിടയില്ലാത്ത നിലയിൽ നമുക്ക് വെളിപ്പടുത്തി തന്നിട്ടുണ്ട്.

അവസാനങ്ങളെക്കുറിച്ച് ദൈവവചനം ഓർമ്മപ്പെടുത്തുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കൂ.

***1. ജീവാവസാനം - എബ്രാ.13:7***
***2. എല്ലാറ്റിന്റേയും അവസാനം - 1 പത്രോ.4:7***
***3. ലോകാവസാനം - 1 കൊരി.10:11***

അവസാനങ്ങളെക്കുറിച്ച് അപ്പൊസ്തൊലന്മാർ മുന്നറിയിപ്പ് തന്നിട്ട് അനേക വർഷങ്ങൾ പിന്നിടുന്നു. അവരുടെ സമകാലീനരോട് പറഞ്ഞ ഈ വാക്കുകൾക്ക് ഇന്നത്തെ കാലയളവിൽ വളരെയധികം പ്രസക്തി വർദ്ധിച്ചിരിക്കുന്നു. ആകയാൽ ഭയത്തോടെ ഭക്തിയോടെ വിശുദ്ധിയോടെ നമ്മുടെ പ്രവാസകാലം കഴിക്കാം.

ജീവാവസാനം എന്നത് KJV - ൽ "End of their Conversation", 'അവരുടെ സംസാരത്തിന്റെ അന്ത്യം' എന്നും NIV ൽ "Consider the outcome of their way of Life", 'അവരുടെ ജീവിതരീതിയുടെ ഫലം പരിചിന്തിക്കുക' എന്നും വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

***"End of their Conversation", ' അവരുടെ സംസാരത്തിന്റെ അന്ത്യം' :***

ഒരു വ്യക്തിയുടെ ജീവിതത്തെ സംസാരം എന്ന പ്രയോഗത്താൽ വിശേഷിപ്പിക്കാമെന്ന് സാഹിത്യനിയമം അനുവദിക്കുന്നുണ്ട്. മലയാളത്തിൽ സംസാര സാഗരം എന്നു പറഞ്ഞാൽ ജീവിതമാകുന്ന കടൽ എന്നാണ് അർത്ഥം. എല്ലാ ഭാഷയിലും മനുഷ്യജീവിതത്തെ കടലിനോട് ഉപമിക്കുന്ന ശൈലി അവലംബിക്കുന്നതായി കാണാം. അവരുടെ സംസാരം കഴിഞ്ഞു എന്നു പറഞ്ഞാൽ അവരുടെ ജീവൻ അവസാനിച്ചു എന്നർത്ഥം. ഇങ്ങനെയുള്ള സാഹിത്യ പദപ്രയോഗങ്ങൾ ഉപയോഗിച്ചു വിവർത്തനം ചെയ്തതുകൊണ്ടാണ് ജീവാവസാനം എന്ന് തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നത്. സാഹിത്യ ജ്ഞാനം ഇല്ലാത്ത ഒരു നിരക്ഷരകുക്ഷിക്കുപോലും അറിയാം ജീവിതത്തിൽ ഒരു ആരംഭം ഉള്ളതുപോലെ ഒരു അവസാനവും ഉണ്ട് എന്നുള്ള വസ്തുത.

മരണത്തെ പ്രത്യേകം വിശേഷിപ്പിക്കുന്ന ചില പ്രസ്താവസകൾ തിരുവചനത്തിലുണ്ട്:

***1. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ...ഫിലി.1:23***
***2. കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞുപോയാൽ... 2 കൊരി.5:1***
***3. ശരീരം വിട്ടാലും...2 കൊരി.5:9***
***4. എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു...2 പത്രോ.1:13.***

ഈ വചനങ്ങളെല്ലാം ഓർമ്മപ്പെടുത്തുന്നത് നമ്മുടെ ജീവിതം ഒരിക്കൽ അവസാനിക്കും എന്നാണ്. സകല മനുഷ്യർക്കും ഉള്ള ഗതി ഇങ്ങനെയാകുന്നു. മനുഷ്യന്റെ നാളുകൾ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. വർഷങ്ങളും മാസങ്ങളും ആഴ്ചകളും ദിവസങ്ങളും മണിക്കൂറുകളും മിനിറ്റുകളും സെക്കന്റുകളുമെല്ലാം ദൈവത്തിന്റെ പക്കൽ സുരക്ഷിതമായി ഉണ്ട്. ' അവന്റെ ജീവകാലത്തിനു അവധി ഉണ്ടല്ലോ; അവന്റെ മാസങ്ങളുടെ എണ്ണം നിന്റെ പക്കൽ; അവന്നു ലംഘിച്ചുകൂടാത്ത അതിർ നീ വെച്ചിരിക്കുന്നു' - ഇയ്യോ.14:5.

എന്നാൽ മരണത്തെയോർത്തു നാം അങ്കലാപ്പോടുകൂടേയോ ആവലാതിയോടുകൂടേയോ ജീവിക്കേണ്ട കാര്യമില്ല. നമ്മുടെ കാലങ്ങളെ തന്റെ കരവലയത്തിൽ സൂക്ഷിക്കുന്ന ദൈവം നമുക്കും നല്ലൊരു പുനരുത്ഥാനം കരുതിയിട്ടുണ്ട് എന്ന പ്രത്യാശയോടെ മുന്നോട്ടു പോകാം...

*(തുടരും)*

# 'ക്രിസ്തുവിൽ...'



ജ്യോതി ലക്ഷ്മി

'സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം, അങ്ങയുടെ സാന്നിദ്ധ്യം കൂടെയുണ്ടെങ്കിൽ കണ്ണുനീർ താഴ്‌വര പോലും ജലാശയമാകുന്നു.' കർത്താവിന്റെ സാന്നിദ്ധ്യം, നാം ആരെന്നും നമ്മിലുള്ള ദൈവസാന്നിദ്ധ്യം മറ്റുള്ളവർക്ക് ജീവൻ പ്രദാനം ചെയ്യുമെന്നും തിരുവചനം നമ്മെ മനസിലാക്കിക്കുന്നു.

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു ( കൊലോ.1:27).

അതേ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു എന്നിൽ വസിക്കുന്നു. ക്രിസ്തു ദൈവത്തിന്റെ മഹത്വമാണ്, അതു വിശ്വസിക്കുന്ന നമ്മിൽ അത് പ്രത്യാശയായി വസിക്കുന്നു. ക്രിസ്തു എന്നിലും ഞാൻ ക്രിസ്തുവിലും വസിക്കുന്നു.

യോഹ.15:5 - ൽ കർത്താവ് പറയുന്നു - ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. യോഹ.15:7 - ൽ നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ - അത് നിങ്ങൾക്ക് കിട്ടും. ഇവിടെ പരിശുദ്ധാത്മാവ് നമ്മെ ബോധവാന്മാരാക്കുന്നത്, ക്രിസ്തുവിന്റെ വാസം അഥവാ വചനമാകുന്ന ക്രിസ്തുവിന്റെ വാസത്തെപ്പറ്റിയാണ്. ഇവയാൽ ദൈവരാജ്യത്തിന്റെ കെട്ടുപണി സാധ്യമാണ്. ക്രിസ്തുവിനെ പിരിഞ്ഞ് എനിക്കൊന്നും സാദ്ധ്യമല്ല. ക്രിസ്തുവിൽ ഞാൻ വസിക്കുമ്പോൾ ദൈവത്തിന്റെ ഇഷ്ടം/പദ്ധതി എന്നിലൂടെ നടപ്പാക്കുന്നു.

### *ക്രിസ്തുവിൽ വിശ്വസ്ത സഹോദരർ - കൊലോ.1:1*

ദൈവവചനത്തിൽ അനേക വിശ്വസ്ത സഹോദരരെ നാം കാണുന്നു. പൗലോസ് വളരെ വ്യക്തമായി പറയുന്നു കൊലോസ്യയിലുള്ള വിശുദ്ധന്മാരും ക്രിസ്തുവിൽ വിശ്വസ്ത സഹോദരരും എന്ന്. എല്ലാ വിശുദ്ധന്മാരും ക്രിസ്തുവിൽ വിശ്വസ്തരല്ല എന്ന് ഇതിനാൽ നാം മനസ്സിലാക്കുന്നു. വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും എന്ന് വിശേഷിപ്പിച്ചിരിക്കുന്നതുപോലെ. ക്രിസ്തു എന്നിൽ വസിക്കാൻ - കർത്താവ് എന്റെ ജീവന്റെ കർത്താവായി ഇരിക്കുമ്പോൾ ഞാൻ കൂടുതൽ ഉറയ്ക്കുന്നു. അവിടെ കർത്താവിനെക്കുറിച്ചുള്ള എന്റെ അനുഭവം വർദ്ധിക്കുന്നു. കർത്താവിനായി വിശുദ്ധിയിൽ ജീവിക്കണമെന്ന് എന്നിൽ ആഗ്രഹം വർദ്ധിക്കുന്നു, അപ്പോൾ എന്നിൽ വിശ്വസ്ത വർദ്ധിക്കുന്നു.

### *ക്രിസ്തുവിൽ നിങ്ങളുടെ വിശ്വാസം - കൊലോ.1:14*

നാം ഒരു വ്യക്തിയെ ആദ്യം പരിചയപ്പെടുമ്പോൾ നമുക്ക് ആ വ്യക്തിയെ അറിയില്ല. എന്നാൽ നാൾക്കുനാ ൾ നമ്മളും ആ വ്യക്തിയും തമ്മിലുള്ള പരിചയവും അടുപ്പവും വളരുമ്പോൾ നമുക്ക് ആ വ്യക്തിയോട് മാനസികമായ അടുപ്പം തോന്നും. നാം കൂടുതൽ ഇടപഴകുമ്പോൾ, അനുഭവം വർദ്ധിക്കുമ്പോൾ നമുക്ക് ആ വ്യക്തിയിൽ വിശ്വാസം വർദ്ധിക്കും. ആ വ്യക്തിയിൽ നമുക്ക് ഒരു പ്രത്യാശ ഉടലെടുക്കും.

### *ക്രിസ്തുവിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് - കൊലോ.1:14*

ക്രിസ്തുവിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കേയും ഗുപ്തമായിട്ട് ഇരിക്കുന്നു (കൊലോ.2:3). നമ്മുടെ ഏത് ഉയർന്ന വിദ്യാഭ്യാസത്തിനും നൽകാൻ കഴിയുന്നതിനുമപ്പുറമാണ് ദൈവത്തിന്റെ ജ്ഞാനവും പരിജ്ഞാനവും. അത് ക്രിസ്തുവിൽ നിക്ഷേപമാണെന്ന് വചനം പഠിപ്പിക്കുന്നു. ഇത് എന്നിൽ വസിക്കുന്ന ക്രിസ്തുവിലൂടെ എന്നിലേക്കും വ്യാപരിക്കുമ്പോൾ ഈ ലോകത്തിന്റെ ജ്ഞാനമെല്ലാം ഭോഷ്ക്ക് എന്ന് നമുക്ക് മനസിലാകുന്നു. കൊലോ. 2:7 - ൽ അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും...നമ്മുടെ വേര് ക്രിസ്തുവിൽ ആണെങ്കിൽ, ഏതു സാഹചര്യത്തിലും അത് ഇളകാത്തതെന്ന് നാം അറിയണം. നമ്മുടെ അടിസ്ഥാനം ക്രിസ്തുവിലെങ്കിൽ പാറമേൽ അടിസ്ഥാനമിട്ടവനെപോലേയാകും നമ്മുടെ ക്രിസ്തീയ ജീവിതം. ക്രിസ്തുവിൽ വേരൂന്നിയ ഒരു വ്യക്തിക്കു മാത്രമേ ആത്മീക വർദ്ധന പ്രാപിക്കാനാകൂ എന്ന് തിരുവചനം പഠിപ്പിക്കുന്നു. അവനിലല്ലോ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് (കൊലോ.2:9). ആത്മാവായ ദൈവത്തിന്റെ ദേഹരൂപമാണ് ക്രിസ്തുയേശു.

### *ക്രിസ്തുവിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു - കൊലോ.2:10*

വേറൊന്നിലും നമുക്ക് പൂർണ്ണതയില്ല. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാണ് (2 കൊരി.5:17). അവിടയെ പൂർണ്ണതയുള്ളൂ. ക്രിസ്തു ഇല്ലാത്ത ഒരുവൻ ഒരുനാളും പൂർണ്ണനല്ല. എന്റെ ആത്മാവും ദേഹവും ദേഹിയും ഒന്നായി ക്രിസ്തുവിൽ ലയിക്കുമ്പോൾ ഞാൻ പരിപൂർണ്ണനാകുന്നു. എന്നാൽ മറ്റൊരു മതത്തിന്റെ ചിന്താഗതി ശൂന്യതയാണ്. അവിടെ ദൈവമില്ല, മനുഷ്യരില്ല, ജീവനില്ല - ശൂന്യത മാത്രം. ആ ശൂന്യതയിൽ വിശ്വാസികൾ തങ്ങളുടെ പ്രത്യാശ കാണുന്നു.

എന്നാൽ ക്രിസ്തുവിൽ വസിക്കുന്ന ഒരു വ്യക്തിയിൽ ക്രിസ്തുവിന്റെ ജീവൻ നിലനിൽക്കുന്നു. അത് അവനു മാത്രമല്ല ലോകത്തിലുള്ളവർക്കും വെളിച്ചവും ജീവനും പ്രദാനം ചെയ്യുന്നു. ക്രിസ്തുവിൽ മാത്രമേ ഒരു വ്യക്തിക്ക് മോക്ഷമുള്ളൂ, പാപമോചനമുള്ളൂ. ഈ ജീവിതത്തിൽ അർത്ഥവും വ്യാപ്തിയും വരുന്നത് ക്രിസ്തുവിൽ മാത്രമാണ് എന്നുള്ള പരിജ്ഞാനം പിരിശുദ്ധാത്മാവിൽ നിന്നും നമുക്ക് ലഭിക്കുന്നു. അപ്പോൾ മാത്രമേ ഒരു മനുഷ്യന്റെ ജന്മം, ജീവിതം പൂർണ്ണഫലമാകുന്നുള്ളൂ.

# DID THE TEN COMMANDMENTS EXIST BEFORE MOSES?



**Rev. Georgy Mathew Alexios**

Many professing Christian leaders and preachers insist that the core of God's law – the Ten Commandments – has been done away with. They call it the "law of Moses" and claim that it was abolished by Jesus Christ when He offered Himself as the sacrifice on the cross. They assume that the Ten Commandments started with Moses and that they didn't exist before they were officially given in Exod. 20.

Such people do not know the difference between the law of God, and the law given through Moses which contained the Levitical sacrificial rituals associated with it. A combination of ignorance, wilful denial, and an attempt to minimise the Ten Commandments as "dispensational" (valid for a limited period of time), has caused many to believe that the Ten Commandments did not exist before Moses' receiving them on Mount Sinai. Is this true? What does the Bible teach? When were the Ten Commandments first known in the Old Testament regardless of the absence of a written record such as Exod. 20:2-17 and Deut. 5:6-21?

## *Law of Moses or Law of God?*

The first written record of the Ten Commandments is found in Exod. 20:2-17. Just before this, Exod. 20:1 says, "And God spoke all these words, saying:" And Exod. 31:18 says, "And when He had made an end of speaking with him on Mount Sinai, He gave Moses two tablets of the Testimony, tablets of stone, written with the finger of God." Clearly it is seen that the Ten Commandments were both spoken and written first by God Himself. (See also Exod. 32:16; Deut. 4:12-13; Deut. 9:10.) Around 1400 to 1500 B.C. God spoke directly to the Israelites from Mount Sinai located in the desert southwest of modern day Israel. God spoke the Ten Commandments from the mountain top directly to the people as they trembled in fear. They were so frightened by the sound of His voice that they pleaded with Moses for God not to speak to them. When God spoke these Ten Commandments, did He reveal something completely new to the Israelites and to the Gentile nations through them? Or did they already know the Ten Commandments even though God had not officially "codified" them?

All the laws which God gave at Mount Sinai were written by Moses (Mosaic law) and this law contained ceremonial laws, civil laws, and moral laws. Ceremonial laws consisted of religious observances, sacrificial rituals, and temple worship. Civil laws consisted of those laws given to Israel by which they are to be governed as a nation including issues of debt, divorce, inheritance, etc. Moral laws are associated with the Ten Commandments and is based on the character of God. The Ten Commandments were never called the law of Moses, but rather the law of God. They were already in force long before they were officially given to Israel through Moses at Mount Sinai. In fact, they have existed since the creation of man and can never be seen as part of the Levitical sacrificial system alone. It can be said that the Ten Commandments precede and transcend any and every law or practice based upon them.

The Ten Commandments are God's spiritual laws or moral laws. Rom. 7:12-14 says, "Therefore the law is holy, and the commandment holy and just and good. Has then what is good become death to me? Certainly not! But sin, that it might appear sin, was producing death in me through what is good, so that sin through the commandment might become exceedingly sinful. For we know that the law is spiritual, but I am carnal, sold under sin." They are just as active and binding as the physical laws of gravity and inertia. Just as breaking physical laws results in physical consequences, breaking the spiritual laws of God results in spiritual consequences.

## *What is Sin?*

1 John 3:4 says, "Whoever commits sin also commits lawlessness, and sin is lawlessness." The word used for 'lawlessness' in the Greek is 'anomia'. The Louw-Nida Greek-English Lexicon of the New Testament Based on Semantic Domains defines 'anomia' as 'to behave with complete disregard for the laws or regulations of a society', 'to live as though there were no laws', 'to refuse completely to obey the laws', 'to live as one who despises all laws'. So according to the Bible, any breaking of the law, or refusal to obey the law, or living as if there is no law are all classified as sin against God.

The end result of sin is aptly defined in Rom. 6:23, "For the wages of sin is death, but the gift of God is eternal life in Christ Jesus our Lord." Notice that in Rom. 5:12-14, Paul says, "Therefore, just as through one man sin entered the world, and death through sin, and thus death spread to all men, because all sinned - For until the law sin was in the world, but sin is not imputed when there is no law. Nevertheless death reigned from Adam to Moses, even over those who had not sinned according to the likeness of the transgression of Adam, who is a type of Him who was to come." In other words, Adam sinned. Sin is not imputed, i.e., credited where there is no law. And in Rom. 4:15, it says, "because the law brings about wrath; for where there is no law there is no transgression." The Louw-Nida Lexicon defines 'transgression' as 'acting contrary to established custom or law with the intent to disobey and break the law'. So it is not possible for sin to exist where there is no law. Death reigned from Adam to Moses (Remember that death is the penalty for sin, which is defined as the transgression of the law). The only way Adam and his descendants could sin, i.e., break God's moral law, is if God's law already existed.

Instead of rejecting sin, the false preachers reject the law itself. Such people are called antinomians. They view the law as a burden, and they want to be free from keeping it. But notice what Paul says in Rom. 7:7, "What shall we say then? Is the law sin? Certainly not! On the contrary, I would not have known sin except through the law. For I would not have known covetousness unless the law had said, "You shall not covet."" So it is not the law that is at fault, but sin. God reveals to us what sin is and He does this through His perfect law. On his own, man cannot discover God's perfect law. God has to reveal and teach it to us.

## *Humanity's First Sin*

In the Garden of Eden, God gave clear and comprehensible instructions to Adam which Adam needed. Even though Adam was an adult with a mature mind, God had to reveal to him the spiritual boundaries and limits of his freedom so that he may not break God's laws. Gen. 2:15 says, "Then the LORD God took the man and put him in the Garden of Eden to tend and keep it. And the LORD God commanded the man, saying, "Of every tree of the garden you may freely eat; but of the tree of the knowledge of good and evil you shall not eat, for in the day that you eat of it you shall surely die."" Regarding sin and death, Romans 6:23a says, "For the wages of sin is death." Adam was given instructions regarding the maintenance of the garden. He was explicitly commanded not to eat of the tree of the knowledge of good and evil. God didn't leave Adam with the choice of deciding for himself what was right and wrong. God told Adam plainly what the penalty would be for disobeying His commandment. God revealed to Adam and Eve the right knowledge and instructions regarding how to live. He also gave them the full freedom to decide whether or not they would choose to obey God's commandment. This is freedom of choice or freewill, which God has given to every human being.

*(will be continued)*

## GREEK *Vocabulary*

**Pastor Wilson Cherian**

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | νεκρος | Nekros | Dead | Galatians 1:1 |
| 2 | πατήρ | Patēr | Father | Galatians 1:3 |
| 3 | δόξα | Doxa | Glory | Galatians 1:5 |
| 4 | ἐκκλησια | Ekklēsia | Assembly/church/ congregation | Galatians 1:2 |
| 5 | χάρις | Charis | Grace | Galatians 1:3 |

# സ്വർഗരാജ്യത്തിന് ശിഷ്യനായിത്തീർന്ന ശാസ്ത്രി



പാസ്റ്റർ ഡാനിയൽ കുപ്ലാപ്പള്ളിൽ

മത്തായിയുടെ സുവിശേഷം 13–ാം അദ്ധ്യായത്തിൽ യേശുക്രിസ്തു സ്വർഗ്ഗരാജ്യത്തെപറ്റിപറയുന്ന ഏഴോളം ഉപമകൾ നമുക്ക് കാണാവുതാണ്, ആ അദ്ധ്യായത്തിന്റെ ആരംഭത്തിൽ യേശു പറയുന്ന വിത്തു വിതക്കുവനെപ്പറ്റിയുള്ള ഉപമയുടെ വിവിധവശങ്ങളിൽനിന്നുള്ള ഒരുവീക്ഷണമത്രെ ബാക്കിയുള്ള ഉപമകൾ. സ്വർഗരാജ്യത്തെപറ്റി സാധാരണക്കാരായ നമുക്ക് മനസ്സിലാകുന്ന വിധത്തിൽ അതിന്റെ പലവശങ്ങളിൽനിന്ന് പ്രതീകാത്മകമായും ഭാഗം ഭാഗമായും തെളിയിച്ചു തരുവാനത്രെ കർത്താവാഗ്രഹിക്കുന്നത്. സ്വർഗ്ഗരാജ്യത്തെ ഏതെങ്കിലും ഒരുപമയാൽ മനസ്സിലാക്കിയെടുക്കുവാൻ സാധ്യമല്ലാത്തതിനാൽ എല്ലാ ഉപമകളും ചേർത്തുവെച്ച് പരിശുദ്ധാത്മസഹായത്താൽ ഗ്രഹിക്കുവാൻ ശ്രമിക്കേണ്ടത് ആവിശ്യമത്രെ.

ആ ഉപമകളിലേക്കെല്ലാം നാം ശ്രദ്ധിച്ചു നോക്കുകയാണെങ്കിൽ ഒരുകാര്യം നമുക്ക് മനസ്സിലാക്കാം മറഞ്ഞിരിക്കുന്ന ഒന്ന് വെളിപ്പെടുത്തിതരുകയത്രെ യേശു ചെയ്യുന്നത്, അഥവാ ഒളിച്ചുവെച്ചിരിക്കുന്ന ഒന്ന് മറനീക്കി പുറത്തുവരുന്നതു പോലെ സ്വർഗ്ഗരാജ്യം അവിടെ വെളിപ്പെട്ടുവരുന്നു. എന്നാൽ പലർക്കും അതിന്റെ സത്യങ്ങൾ വേണ്ടും വിധം ഗ്രഹിക്കുവാൻ സാധിക്കുന്നില്ല, അതിനെപറ്റി കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ പൗലോസപ്പോസ്ഥലൻ ഇപ്രകാരം പറയുന്നു ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചുപോകുന്നവർക്കത്രെ മറഞ്ഞിരിക്കുന്നത്, ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി (കൊരി–4:3,4) എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും ദൈവരാജ്യ ത്തിന്റെ മർമ്മങ്ങളെ അറിയുവാൻ വരം ലഭിച്ചിരിക്കുന്നു എന്ന് കർത്താവ് ശിഷ്യന്മാരോട് പറയുന്നു.

അതുകൊണ്ട് ഈ ഉപമകളുടെയൊക്കെ പുറമെയുള്ള കഥകളിലല്ല മറിച്ച് അവയുടെ മർമ്മങ്ങളെ ഗ്രഹിക്കുവാൻ വരം ലഭിച്ചിരിക്കുവരത്രെ നമ്മൾ. കൊലോസ്യ ലേഖനത്തിൽ ഇങ്ങനെ നാം വായിക്കുന്നു അതു പൂർവകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു (കൊലോ – 1:26) അതായത് മറഞ്ഞിരിക്കുന്നു എന്ന് തോന്നുന്ന സത്യങ്ങൾ പോലും കർത്താവായ ക്രിസ്തുവേശുവിലുള്ള വിശ്വാസത്താൽ വെളിപ്പെട്ടുവരുന്നു. പത്രോസപ്പോസ്ഥലൻ ഇങ്ങനെ കർത്താവിനോടു പറയുന്നു കർത്താവെ ഞങ്ങൾ നിന്നെ വിട്ട് ആരുടെ പക്കൽ പോകും നിത്യജീവന്റെ മൊഴികൾ നിന്റെ പക്കൽ ഉണ്ടല്ലോ.

ഇങ്ങനെ ആഴത്തിൽ ക്രിസ്തുവിലുള്ള വിശ്വാസബന്ധത്താൽ നിത്യജീവന്റെ മൊഴികൾ ദൈവത്തിന്റെ ആത്മാവിനാൽ വെളിപ്പാടായി ഉള്ളിൽ കയറിയവനത്രെ ശിഷ്യൻ, സ്വർഗരാജ്യത്തെ സ്വയബുദ്ധിയാൽ പഠിക്കുവാനുള്ള ശ്രമങ്ങൾ ബുദ്ധിശൂന്യതയത്രെ, എന്നാൽ പത്രോസിനെപ്പോലെയോ പലോസിനെപ്പോലെയോ ഒരു വെളിപ്പാടിനാൽ അന്തരാത്മാവിലേക്ക് സ്വീകരിക്കുവാൻ പ്രാർത്ഥനയോടുകൂടെയുള്ള ദൈവവചന ധ്യാനം ആവശ്യമത്രെ. ക്രിസ്തുവിന്റെ ചോദ്യത്തിനു ഉത്തരമായി നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പത്രോസ് പറയുമ്പോൾ ക്രിസ്തുവേശുവിനു പറയുവാനുള്ളത് ഇതു ജഡരക്തങ്ങളല്ല സ്വർഗസ്ഥനായ എന്റെ പിതാവത്രെ നിനക്ക് വെളിപ്പെടുത്തിയത്, പൗലോസ് അപ്പോസ്തോലൻ പറയുന്നത് വെളിപ്പാടിനാൽ ഒരു മർമം എനിക്ക് വെളിവായി വന്നു, സ്വർഗ്ഗരാജ്യത്തിന്റെ വെളിപ്പാട് പ്രാപിച്ചവനെ യേശു വിളിക്കുന്നത് സ്വർഗരാജ്യത്തിനു ശിഷ്യനായിതീർ ശാസ്ത്രിയെന്നത്രെ. (മത്താ 13;52)

അങ്ങനെയുള്ളവൻ സ്വർഗരാജ്യത്തെപറ്റിയുള്ള മർമ്മങ്ങൾ ഗ്രഹിക്കുമ്പോൾ അവൻ സ്വർഗരാജ്യത്തിൽ നിക്ഷേപിക്കുകയത്രെ ചെയ്യുന്നത്, ആ നിക്ഷേപത്തിൽ നിന്നും സമയാസമയം പുതിയതും പഴയതും മറ്റുള്ളവർക്ക് എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവന്റെ സ്ഥാനത്തേക്ക് ക്രിസ്തു അവനെ കൈപിടിച്ചുയർത്തുകയാണു ചെയ്യുന്നത്. ദൈവരാജ്യത്തിൽ വീണ്ടും ജനനം പ്രാപിച്ച ഏതൊരു വ്യക്തിയും ദൈവരാജ്യമർമ്മങ്ങൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കണമെന്നത് കർത്തവിന്റെ വലിയ ആഗ്രഹമത്രെ. അവർ ദൈവം ആക്കിവെച്ചിരിക്കുന്ന ദൈവ ഭവനത്തിൽ ഒരു പിതാവിനെ പോലെ വിശ്വസ്തതയോടെയും, ആത്മാർത്ഥതയോടെയും ദൈവരാജ്യത്തിന്റെ വിസ്ത്രൃതിക്കായി അഹോരാത്രം പ്രവർത്തിച്ചു കൊണ്ടിരിക്കും,

കർത്താവിനു ചെയ്യന്നുതുപോലെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കും കാരണം പ്രതിഫലം ദൈവത്തിൽ നിന്നും ലഭിക്കും എന്നുള്ള വെളിപ്പാട് അവന്റെയുള്ളിലുണ്ട്. എന്നാൽ ഇന്നു കാണുന്ന പ്രവണതകൾ പലപ്പോഴും ദൈവരാജ്യത്തിന്റെ വ്യവസ്ഥകളെപോലും ഗണ്യമാക്കാത്ത നിലയിലത്രെ. അംശമായി മാത്രം വെളിപ്പാടു പ്രാപിച്ചവർ എന്തൊക്കെയോ അറിയാം എന്നുള്ള മനോ ഭാവത്താൽ ആത്മാർത്ഥതയില്ലാതെ അവിശ്വസ്തരായി,അഭിപ്രായഭിന്നതകളിൽ ദൈവഭവനങ്ങളുടെ വളർച്ചകളെ മുരടിപ്പിക്കുന്ന കൊടിയ ചെന്നായ്ക്കളായി മാറുന്നു എന്നു പറയാതെ വയ്യ. അതിനു കൈത്താങ്ങൽ കൊടുക്കുന്നവർ ദൈവരാജ്യത്തിന് ശത്രുക്കളത്രെ. പൗലോസപ്പോസ്ഥലൻ പറയുന്നതു പോലെ ലഭിച്ചുകഴിഞ്ഞു എന്നോ,തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും പിടിക്കാമോ എന്നു വിചാരിച്ച് പിന്തുടരുന്നതേ ഉള്ളു. യഥാർത്തത്തിൽ ക്രിസ്തുതന്നെയാകുന്നു ദൈവവചനം, വചനത്തിന്റെ ശുശ്രൂഷക്കാർ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗ്രഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ എന്ന് കൊരിന്ത്യസഭയോട് വ്യക്തമായി പറയുന്നു, ഗ്രഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എത്രേ (1കൊരി – 4:1,2)

നമ്മെ ദൈവം ഏൽപിച്ചിരിക്കുന്ന ഗ്രഹവിചാരകത്തിൽ സ്വർഗരാജ്യത്തിനു ശിഷ്യനായിതീർന്ന ഒരു ശാസ്ത്രിയെപോലെ അനേകർക്ക് പുതിയതും പഴയതും എടുത്തുകൊടുക്കുവാൻ തക്കവണ്ണം നിങ്ങൾ ദിനംതോറും അതിൽ നിക്ഷേപിക്കുന്നവരായിരിക്കണം. പുതിയനിയമ ദൈവസഭയുടേയും പഴയനിയമ സഭയുടേയും വ്യത്യാസം എന്തെന്ന് വ്യക്തമായ വെളിപ്പാടുള്ളവനത്രെ ശിഷ്യൻ, ന്യായപ്രമാണ പുസ്തകത്തിലും, പഴയനിയമഭാഗങ്ങളിലുമുള്ള ക്രിസ്തുവിനെ മറ്റുള്ളവർക്ക് എടുത്തു കൊടുക്കുവാനത്രെ കർത്താവാഗ്രഹിക്കുന്നത്, ന്യായപ്രമാണം നമ്മെ ക്രിസ്തുവെലേക്ക് നടത്തുന്ന ശിശുപാലകനത്രെ,

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്ന ദൈവ മർമ്മം അനേകരുടെ ഹൃദയങ്ങളിൽ ഒരു വെളിപ്പാടായി കയറിയാൽ അത് അവരെ സ്വർഗരാജ്യത്തിന്റെ മർമ്മങ്ങൾ ഗ്രഹിക്കുന്ന ശിഷ്യത്വത്തിലേക്ക് കയറുവാൻ സഹായിക്കും. സ്വർഗരാജ്യ ഉപമകൾ എല്ലാത്തിലും ഒരു പക്ഷെയെങ്കിൽ നിങ്ങൾക്ക് നിങ്ങളെ കാണുവാൻ സാധിക്കുന്നില്ലായിരിക്കാം എന്നാൽ ഏതെങ്കിലും ഒരുപമയിൽ നിങ്ങൾക്ക് നിങ്ങളുടെ പ്രതിബിംബം കാണുവാൻ സാധിക്കും.

( തുടരും——)

## എന്തു ഞാനേകണം നാഥാ



ജീമോൻ പഴയിടം, മൂന്നാർ

*നിൻ പാദവൃന്ദത്തിൽ*
*നിന്നനുഗ്രഹങ്ങൾക്കായ്*
*എന്തു സമർപ്പിക്കേണ്ടു നാഥാ...*

*എൻ നാലു ചുവരുകൾക്കുള്ളിൽ*
*ഞാനൊഴുക്കിയ*
*കണ്ണീരിൻ സമുദ്രം മതിയാവുമോ?*

*ഓർക്കില്ല ആരും എന്ന –*
*ഓർമ്മതൻ വ്യസനത്തിൽ*
*വിലപിച്ച വാക്കുകൾ മതിയാവുമോ?*

*കദനത്തിൽ തീയെന്റെ*
*ശിരസ്സിൽ പതിഞ്ഞപ്പോൾ*
*എന്നിൽ ഉളവായ*
*മരണത്തിൻ ചിന്തകൾ മതിയാവുമോ?*

*നിർമ്മലമായോരു ഹൃത്തിനെ*
*നിന്നിൽ സമർപ്പിച്ചാൽ*
*സാന്ത്വനം തന്നീടുമോ?*

HH Rhythm






*Prayerful wishes for a blessed married life to*

**Roy Thaiparambil and Bincy Anu Philip**

*With best compliments*

**Bethesda Family, Bahrain**

# ഭയത്തിൽ നിന്നും വിടുതൽ



പാസ്റ്റർ തോമസ് വർഗീസ്
കോയമ്പത്തൂർ

ഭയം എന്ന അദൃശ്യ ശക്തി നിങ്ങളുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നുവോ ? ഭയപ്പെടുന്നവർക്ക് ഒരിക്കലും സമാധാനം ഉണ്ടായിരിക്കയില്ല. മാനവരാശി അറിഞ്ഞിട്ടുള്ളതിൽ ഏറ്റവും ദുഷ്ക്കരമായ അവസ്ഥ ഭയമാണ്. അത് നമ്മെ ബലഹീനരാക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുന്നു. പലവിധമായ ഭയങ്ങളാൽ മനുഷ്യർ തീരാദുഃഖത്തിലും മാറാവ്യാധികളിലും അകപ്പെട്ട് തങ്ങളുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്നു. ചിലപ്പോൾ മരണം പോലും സംഭവിക്കുന്നു.

## 1. എന്താണ് ഭയം?

വാസ്തവത്തിൽ ഭയം പിശാചിന്റെ സംഭാവനയാണ്. നാം ഭയപ്പെടുന്നതിന്റെ ഒരംശംപോലും ജീവിതത്തിൽ സംഭവിക്കാറില്ല. ഭയം നിരാശ ഉളവാക്കുന്നു. പിശാചിന്റെ പ്രേരണയാൽ മാത്രമാണ് നാം ഭയാവേശിതരാകുന്നത്. എന്നാൽ സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസം ഭയത്തെ അകറ്റുന്നു.

## 2. ഭയം പലവിധം, നാം എന്തിനെ ഭയപ്പെടുന്നു

കടഭാരത്തെക്കുറിച്ചുള്ള ഭയം, രോഗത്തെക്കുറിച്ചുള്ള ഭയം, മരണഭയം, വാർദ്ധക്യഭയം, തോൽവിയെക്കുറിച്ചുള്ള ഭയം, ഭാവിയെക്കുറിച്ചുള്ള ഭയം, മക്കളെച്ചൊല്ലി ഭയം ഇങ്ങനെ ഏതെങ്കിലും ഭയം നിങ്ങളെ അലട്ടുന്നുവെങ്കിൽ നിങ്ങൾ അതിൽ നിന്നും വിടുതൽ പ്രാപിക്കണം.

## 3. എങ്ങിനെ ഭയത്തെ നേരിടാം, വിടുതൽ പ്രാപിക്കാം

ഭയം എന്ന പൈശാചിക ശക്തിയെ അതിജീവിക്കുവാൻ പരിശുദ്ധനും സ്നേഹവാനുമായ നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്റെ വചനത്തിലൂടെ പരിഹാരം തന്നിട്ടുണ്ട്. ‘ ഞാൻ, ഞാൻ തന്നേ, നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ; എന്നാൽ മരിച്ചുപോകുന്ന മർത്ത്യനെയും പുല്ലുപോലെ ആയിത്തീരുന്ന മനുഷ്യനെയും ഭയപ്പെടുവാൻ നീ ആർ ? ആകാശത്തെ വിരിച്ചു ഭൂമിയുടെ അടിസ്ഥാനങ്ങളെ ഇട്ടവനായി നിന്റെ സൃഷ്ടാവായ യഹോവയെ നീ മറക്കയും പീഡകൻ നശിപ്പിപ്പാൻ ഒരുങ്ങി വരുന്നു എന്നുവച്ചു അവന്റെ ക്രോധംനിമിത്തം ദിനംപ്രതി ഇടവിടാതെ പേടിക്കയും ചെയ്യുന്നതെന്ത്’ (യെശ.51:12,13).




രണ്ടു ചോദ്യം ദൈവം ഭയപ്പെടുന്ന മനുഷ്യനോടു ചോദിക്കുന്നു.

*1. പുല്ലുപോലെ ആയിതീരുന്ന മനുഷ്യനെ ഭയപ്പെടുവാൻ നീ ആർ ?*

*2. പീഢകന്റെ ക്രോധത്തെക്കുറിച്ച് പേടിക്കുന്നതെന്തിന് ?*

പേടിക്കുവാനുള്ള മൂന്നു കാരണം ദൈവം പറയുന്നു:

*1. ആകാശത്തെ വിരച്ച നിന്റെ സൃഷ്ടാവിനെ നീ മറക്കുന്നു*


*2. ഭൂമിയുടെ അടിസ്ഥാനങ്ങളെ ഇട്ട സൃഷ്ടാവിനെ നീ മറക്കുന്നു*

*3. വിടിവിക്കുന്ന, ആശ്വസിപ്പിക്കുന്ന സൃഷ്ടാവിനെ നീ മറക്കുന്നു*

എക്കാലത്തും എന്നാളിലും എല്ലാ ജനത്തിനും ഭയപ്പെടലുകൾ ഉണ്ടാകാം. എന്നാൽ ഭയം എന്ന ഇരുളിന്റെ ശക്തിയെ ഭയപ്പെടാതെ, ആശ്വസിപ്പിക്കുന്ന, വിടുവിക്കുന്ന സൃഷ്ടാവായ ദൈവത്തിങ്കലേക്ക് നിങ്ങളുടെ കണ്ണുകളെ ഉയർത്തുക. നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനേക്കാൾ വലിയവനും ലോകത്തെ, പിശാചിനെ ജയിച്ചവനും ആകുന്നു ( 1 യോഹ.4:4).

ഭയമെന്ന സാത്താന്യശക്തിയെ യേശുവിന്റെ നാമത്തിനാലും യേശുവിന്റെ രക്തത്താലും ജയിക്കുക (യെശ.10:27). പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ പിശാചിന്റെ നുകത്തെ നാം ഒടിച്ചുകളയണം. സകല പൈശാചിക ശക്തിയേയും ചവിട്ടുവാൻ കർത്താവു തന്ന അധികാരത്തെ ഉപയോഗപ്പെടുത്തി സകലവിധമാന ഭയത്തിൽ നിന്നും നാം വിടുതൽ പ്രാപിക്കണം. തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട മക്കൾ സന്തോഷവും സമാധാനവും അനുഗ്രഹവും പ്രാപിച്ചവരായിരിക്കുന്നതാണ് ദൈവ ഇഷ്ടം. അതുകൊണ്ട് ശക്തരും ധീരരുമായിരിക്കുക. ഭയപ്പെടുകയോ ഭ്രമിക്കുകയോ അരുത്. ദൈവം ഒരുനാളും കൈവിടുകയില്ല എന്ന ഉറച്ച വിശ്വാസം ഉണ്ടായിരിക്കുക.

# THE ONE WHO NEVER GAVE UP ON ME



Axa Mary Biju

He loves me lavishly
For his love is immeasurable
Beyond the universe and galaxies
Beyond the description of my words
The one who never gave up on me

Despite my imperfections
Despite me being unfaithful
Even when I made mistakes
For his love remained the same
The one who never gave up on me

When I told him about my loss
He told me about his loss
Watching His son being nailed
Being crushed and broken
The one who never gave up on me

High and exalted above
You came down to love
Removing all my pain
Giving me a beautiful life
The one who never gave up on me

When the world declared me a failure
God declared me as a warrior
For he brought me to this world
To be the head and not the tail
The one who never gave up on me

I'm blessed beyond measure
More than my hands can hold
He hears my silent prayers
I will never be able to thank him enough
The one who never gave up on me !

HH Rhythm



HH Sisters' Outlook

# വിശ്വാസിയുടെ കണ്ണുകൾ



ലിസി വർഗീസ്

**ഏതു കഷ്ടതയുടെ നടുവിലും കർത്താവിനെ കാണുവാൻ കഴിയുന്ന കണ്ണുകൾ ഒരു വിശ്വാസിക്കു മാത്രമേ ലഭ്യമാകുകയുള്ളൂ.**

കണ്ണുകൾ കാണുവാൻ ഉള്ളതാണ് എങ്കിലും എല്ലാം നോക്കുവാൻ ഉള്ളതല്ല. കാഴ്ചയില്ലാത്തതുകൊണ്ട് കാണാൻ പറ്റാത്തവരുണ്ട്. കണ്ണും കാഴ്ചയും ഉണ്ടായിട്ടും കാണേണ്ട പല കാര്യങ്ങളും കാണാൻ കഴിയാത്ത എത്രയോ പേർ നമുക്കു ചുറ്റും ഉണ്ട്. 119 -ാം സങ്കീർത്തനം ഒരു വിശ്വാസിയുടെ കണ്ണുകൾ എപ്രകാരം ഉള്ളതായിരിക്കണം എന്ന് വ്യക്തമാക്കുന്നു.

### *1. കാത്തിരിക്കുന്ന കണ്ണുകൾ : സങ്കീ.119:123*

ദൈവത്തിന്റെ രക്ഷയിലും നീതിയുള്ള വിധികളെയും കാത്തിരിക്കുന്ന കണ്ണുകൾ. കുറേനേരം കാത്തിരുന്നു കഴിയുമ്പോൾ കണ്ണുകൾക്കു ക്ഷീണം തോന്നാം. എന്നാൽ ഇയ്യോബിന്റെ തീരുമാനം നോക്കൂ, 'അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും' (ഇയ്യോ.13:15). യേശുവിനെ കാണുവാൻ കാത്തുകാത്തിരുന്ന ശിമ്യോന്റെ നിർവൃതി നോക്കൂ, 'നീ സകലജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ' (ലൂക്കോ.2:3). നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു' (ഫിലി.3:20). 'നിന്റെ കണ്ണ് രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കും' (യെശ.33:17). ഓരോ വിശ്വാസിയുടേയും ഭാവി പ്രത്യാശ ഇതായിരിക്കട്ടെ.

### *2. തുറക്കപ്പെടേണ്ട കണ്ണുകൾ : സങ്കീ.119:18*

നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ. ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണണമെങ്കിൽ നമ്മുടെ അകമെയുള്ള കണ്ണ് തുറക്കപ്പെടണം. എഫെ.1:17-ൽ പറയുന്നതുപോലെ ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണ്ടതിന് ഹൃദയദൃഷ്ടി പ്രകാശിക്കേണം. അത് പ്രകാശിക്കാതവണ്ണം ഈ ലോകത്തിന്റെ ദൈവം അവിശ്വാസിയുടെ കണ്ണ് കുരുടാക്കികളയുന്നു. അദൃശ്യമായവയെ കാണണമെങ്കിൽ ആന്തരീകമായ കണ്ണ് തുറക്കപ്പെടണം. അതിനായി നമ്മുടെ ഹൃദയം ശുദ്ധിയുള്ളതായിരിക്കണം. മത്താ.5:8 - ൽ പറയുന്നു ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. ലോകത്തിന് ഈ കാഴ്ചപ്പാടില്ല. ഏതു കഷ്ടതയുടെ നടുവിലും കർത്താവിനെ കാണുവാൻ കഴിയുന്ന കണ്ണുകൾ ഒരു വിശ്വാസിക്കു മാത്രമേ ലഭ്യമാകുകയുള്ളൂ.

### *3. വ്യാജത്തെ നോക്കാത്ത കണ്ണ് : സങ്കീ.119:37*

വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ച് നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ. ശരീരത്തി ന്റെ വിളക്ക് കണ്ണാണ്. അത് ചൊവ്വുള്ളതല്ലെങ്കിൽ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത് (മത്താ.6:22,23), ഉദാഹരണം ലോത്ത്, ആഖാൻ മുതലായവർ. ദോഷത്തെ കണ്ടു രസിക്കാതവണ്ണം കണ്ണ് അടച്ചുകളയുന്നവനായിരിക്കണം (യെശ.33:15) ഓരോ വിശ്വാസിയും.


### *4. യാമങ്ങളെ നോക്കുന്ന കണ്ണ് : സങ്കീ.119:148*

തിരുവചനം ധ്യാനിക്കേണ്ടതിന് എന്റെ കണ്ണ് യാമങ്ങളെ നോക്കികൊണ്ടിരിക്കുന്നു. ഉറക്കം നിഷേധിക്കപ്പെട്ട രാത്രികളിൽ രാജ്യങ്ങളുടേയും ജാതികളുടേയും വിടുതൽ നടന്നിട്ടുണ്ട് (എസ്ഥേ.6:1). ദൈവവചനം ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും കർത്താവിനെ കാത്തിരിക്കുവാനും നമ്മുടെ കണ്ണുകൾക്ക് കഴിയട്ടെ.

### *5. ജലനദികൾ ഒഴുക്കുന്ന കണ്ണ് : സങ്കീ.119:136*

അവർ നിന്റെ ന്യായപ്രമാണത്തെ അനുസരിക്കായ്കകൊണ്ട് എന്റെ കണ്ണിൽ നിന്നു ജലനദികൾ ഒഴുകുന്നു. യിരമ്യാവ് 9:1 - ൽ പറയുന്നതുപോലെ എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണുനീർ ഉറവയും ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു. നമ്മുടെ ചുറ്റുപാടും ഉള്ള ജനത്തിന്റെ അവസ്ഥകണ്ട് കണ്ണുനീർ ഒഴുക്കുവാൻ നമുക്ക് സാധിക്കട്ടെ. വിലാ.2:18 - 'സീയോൻ പുത്രിയുടെ മതിലേ, രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക; നിനക്കുതന്നേ സ്വസ്ഥത നൽകരുത്; നിന്റെ കണ്മണി വിശ്രമിക്കയുമരുത്'. അപ്പൊ.പ്രവ.20:31 - ൽ പൗലോസ് മൂന്നു സംവത്സരം ഇടവിടാതെ രാപ്പകൽ കണ്ണുനീർ വാർത്തുകൊണ്ട് ജനത്തിന് ബുദ്ധി ഉപദേശിച്ചുകൊടുത്തു. നമ്മുടെ കണ്ണുകളെ വിലയിരുത്തുവാൻ ദൈവം സഹായിക്കുമാറാകട്ടെ!

# Love - The Greatest Gift





Janet K John

*"God, in his love always wills what is best for us. "*
*- Jerry Bridges*

In this modern era, Love isn't given much importance in our Christian life. We are called as the followers of Christ and we ought to wear a Christ like character and through us, we must witness God's love. Jesus, our saviour has shown His immeasurable love towards us by dying for us on the Cross of Calvary. That's why we say that the gift of God isn't a diamond or any other materialistic things but it is the Cross itself where He paid a price for each one of us. To lead a successful Christian life, love is an important factor; in other words, it's mandatory. What does the Bible say about love? Why is Love given a greater significance in the Bible? Let's take a look for the answers to these questions.

In the Gospel of Matthew, Love is considered as the first and greatest commandment of all. Matthew 22:37-40 says, "You shall love the Lord your God with all your heart, with all your soul, and with all your mind. This is the first and great commandment. And the second is like it: You shall love your neighbour as yourself. On these two commandments hang all the Law and the Prophets. " As it is said in the last verse, these are the two important commandments given to the New Testament believers. Hence they are therefore considered as the root to all other commandments in the Bible. Though these commandments look very simple yet they are very much hard to apply in our day to day life. There are times when we have to deny ourselves for the good of others. In the epistle of John, it's mentioned that if anyone says that he loves God and hate his brother, he is a liar. Also in 1 John 4:7-8 says, " Beloved, let us love one another, for love is of God and everyone who love is born of God and knows God. He who doesn't love does not know God." Hence, it's our duty to love God and to love one another for He loved us first while we were still called sinners and set an example before us through his life on earth.

1 Corinthians 13 contains all the qualities of Love. In the first few verses, it remind us that without the true love of God, everything we do goes in vain. Therefore it is known to us through Bible that everything we do for the glory of God, be it with a sincere heart and out of pure love towards God. In the epistle of James 4:4 says that the friendship with world creates enmity with God. 1 Timothy 6:10 states that the love for money is the root of all kinds of evil. Money is an important factor to lead a normal life but when we give more importance to it than our God, it becomes a sin and produces evil. Money minded thoughts are in fact the trap of Satan to deviate us from the path of God, Let's not fall for it because we know that our God is Jehovah Jireh. Therefore my brethren, give the first priority to God than any others and make your life a Christ centered one for God to take all glory and honor. Throughout the Bible, we see that love of God play an important role in our life. The key verse of the entire Bible is 1 John 3:16 which again states the boundless love of God. Hence it is so significantly mentioned in the bible.

Let us encourage and embrace one another with the pure love of God. Christ, our father, loves all of us not because we are so good to Him but because He is too good to us. Lead your life as a pleasing sacrifice for God because His time is near.




# A Tornado...
# And the FEAR, of the Lord



Raji Unnikrishnan

Fear of the Lord is the beginning of wisdom...

There was a tornado warning in my daughter's place. As it's usual in the West she received alerts - "take cover and shelter in place" with messages and advisories on the dos and don'ts, how to be safe and the like.

Bred in the Gulf, these were new experiences to the Indian girl :). It was just her second year in Texas. She checked with her uncle who said that he could see wind whirling afar, while he was at the store. She called her roommate who was still in the university. Later when she spoke to her dad, she expressed her fear about the funnel. Then she said something, hearing which I burst into laughter and so did my husband.

"Appa, I'm going to confess all my sins," she told her dad. (Context - she was fearing something that would take her away from this world and obviously she wanted to be even with God and yearned for an eternal life).

We laughed over it again a couple of more times and wondered at her innocence and faith - moreover, a kind of divine wisdom...

But reflecting on it, I see a deeper layer to that reaction of hers. When the fear of something that might take our life away grips us or when we sense that death is around us, we get an urge to get closer to God. And I think, the first thing that we may do is to get even with God. This is a God given wisdom.

But what made me thoughtful is the fact - the uncertainty of life. Anything could happen to us any moment and this life would cease. Are we prepared for the unseen tornadoes that may take on us without a warning? Doesn't this call for daily / every moment's repentance?

"Repent, then, and turn to God, so that your sins may be wiped out, that times of refreshing may come from the Lord..." Acts 3:19.

*A Sparrow*

# Noodles Tuna Bake



Susamma Kurian

Ingredients

Coocked  Noodles – 1 cup
White Tuna – 1 cup
Diced green pepper – ¼ cup
Diced red pepper – ¼ cup
Chopped Onion – ½ cup
Ginger Chopped – 1 table spoon
Garlic Chopped - 1 ½ tea spoon
Green Chilly Chopped - 2
Mayonnaise - ¼ cup
Milk - ¼ cup
Grated Cheddar Cheese - 1 cup
White Sauce - 2 cup
Pepper Powder - 1 tea spoon
Toasted Almonds -
1 table spoon(optional)




Method:-
Saute onion,ginger,garlic and chilly in oil. Add green and red pepper and saute. Blend mayonnaise, milk and pepper. Add ½ of white sauce and tuna to this mixture. Mix well and add sauted things to this and keep aside.
Take an oven proof dish(casserole) and brush 2 table spoon of oil on the sides and bottom of the dish. Arrange cooked noodles at the bottom, pour some more oil on it and cover the noodles with tuna mixture. Add the remaining white sauce on tuna mixture and sprinkle cheddar cheese over it. Bake till the cheese melts and colour changes. Garnish with toasted almonds.

## KITCHEN TIPS

1. പഴകിയ റൊട്ടി ചൂടാക്കാൻ മൈക്രോവെയ്‌വിൽ വെക്കരുത്. റൊട്ടി ഒരു ഫോയിലിൽ പൊതിഞ്ഞു 10-15 മിനിറ്റ് ഒരു സാധാരണ ഓവനിൽ ചൂടാക്കുക.
2. ബ്രഡ്, റോൾസ്, ക്രൊസ്സാൻസ് എല്ലാം റൂം ടെംബറേച്ചറിൽ വെച്ചാൽ കൂടുതൽ ഫ്രഷ് ആയിരിക്കും.
3. വെളുത്തുള്ളി കൂടുതൽ ഉണ്ട് എങ്കിൽ റോസ്റ്റ് ചെയ്തു ഫ്രീസറിൽ വെയ്ക്കുക.
4. നാരങ്ങ നീര് ഒരു ടേബിൾ സ്പൂൺ വീതം ഐസ്ട്രേയിൽ ഒഴിച്ചു ഫ്രീസ് ചെയ്താൽ ആവശ്യാനുസരണം ഉപയോഗിക്കാം.

# ഈ അസ്ഥികൾ ജീവിക്കുമോ ?



പാസ്റ്റർ ലിജോ മാത്യു

യഹോവയുടെ കൈ പ്രവാചകനായ യെഹസ്ക്കേലിന്മേൽ വരികയും യഹോവയുടെ ആത്മാവിനാൽ ഏറ്റവും ഉണങ്ങിയിരിക്കുന്ന അസ്ഥികൾ കൊണ്ടു നിറഞ്ഞിരിക്കുന്ന താഴ്വരയുടെ നടുവിൽക്കൂടി ചുറ്റിചുറ്റി നടത്തിയതിനുശേഷം യഹോവയായ ദൈവം പ്രവാചകനോട് ഈ ഉണങ്ങിയ അസ്ഥികളെ ചൂണ്ടികാണിച്ചുകൊണ്ട് ചോദിച്ചതാണ് ' ഈ അസ്ഥികൾ ജീവിക്കുമോ' എന്ന്. ഏറ്റവും ഉണങ്ങിയിരിക്കുന്നതു ഇനി ഒരിക്കലും ശരീരത്തിന്റെ ഭാഗമാകാൻ കഴിയാതെ ഭൂമിയിലെ മണ്ണിനോടു ചേരുവാൻ മാത്രം സാധിക്കുന്നതുമായ ഒരു സാഹചര്യമാണ് പ്രവാചകന് കാണുവാൻ കഴിഞ്ഞത്. ഈ അസ്ഥികളുടെ ആശകളും പ്രത്യാശകളും അവ ബുദ്ധിയിലും കഴിവിലും ആശ്രയിച്ചു സ്വയാശ്രയികളാവുകയും അത് നിഗളത്തിലേക്കും അഹങ്കാരത്തിലേക്കും നടത്തുകയും നാം ദൈവസന്നിധിയിൽ നിന്ന് അകന്നു പോകുവാൻ ഇടയാവുകയും ചെയ്യും. എന്നാൽ നാം ദൈവത്തിൽ ആശ്രയിച്ച് ദൈവകരങ്ങളിൽ വിഷയങ്ങളെ സമർപ്പിച്ച് ദൈവഹിതത്തിനായി ഏൽപ്പിച്ചുകൊടുക്കുമ്പോൾ തന്റെ തിരുഹൃദയത്തിലെ മുൻനിർണ്ണയപ്രകാരം കർത്താവ് നമ്മെ നയിക്കുകയും നമുക്ക് ആവിശ്യമുള്ള ആലോചനകൾ തന്റെ പരിശുദ്ധാത്മാവിലൂടെ നമ്മെ അറിയിക്കുകയും അതേ പരിശുദ്ധാത്മാവിനാൽ നാം നയിക്കപ്പെടുകയും ചെയ്യും. അങ്ങനെ ആയാൽ നമ്മുടെ ജീവിതത്തിൽ ദൈവനാമം മഹത്വപ്പെടും.

ഇവിടെ യെഹസ്ക്കേൽ പ്രവാചകന് ഒന്നും പറയുവാനോ പ്രവർത്തിക്കുവാനോ ഇല്ലായിരുന്നു. അതുകൊണ്ട് ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുത്തപ്പോൾ യഹോവയുടെ ആത്മാവിനാ ൽ നടത്തപ്പെടുന്ന പ്രവാചകനിലൂടെ പ്രവാചകശബ്ദങ്ങൾ മുഴങ്ങുവാൻ തുടങ്ങി. ഒന്നാമതായി ഉണങ്ങിയ അസ്ഥികളോട് പ്രവചിക്കുവാൻ ദൈവം കൽപ്പിക്കുന്നു. താൻ പ്രവചിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ മുഴക്കവും തുടർന്ന് ഭൂകമ്പവും ഉണ്ടായി. ഒരിക്കൽപ്പോലും യോജിക്കുവാൻ കഴിയാത്തവിധം ബന്ധം വിട്ടുപ്പോയ




സാനിച്ചു. ഇനി ഈ അസ്ഥികൾ ഒരു ജീവന്റെ ഭാഗമായി തീരുവാൻ കഴിയത്തില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പ്രവാചകന്റെ മറുപടി 'യഹോവയായ കർത്താവേ, നീ അറിയുന്നു' എന്നാണ്. എന്നുപറഞ്ഞാൽ അസ്ഥികൾ ജീവിക്കുമോ ഇല്ലയോ എന്ന് കർത്താവിന് മാത്രം അറിയാവുന്ന കാര്യമാണ്. പ്രവാചകൻ ദൈവകരങ്ങളിൽ ഏൽപ്പിക്കുന്ന വിഷയത്തിന് ദൈവത്തിന്റെ പക്കൽ മറുപടി ഉണ്ട്. പ്രവാചകന് അറിയാത്തത് ദൈവത്തിന് അറിയാം. കാരണം ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ (ലൂക്കോ.1:37).

നമ്മുടെ ഈ ജീവിത യാത്രയിൽ നമ്മുടെ അസാദ്ധ്യമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ ബുദ്ധിമുട്ടുമ്പോൾ നാം ചെയ്യേണ്ടത് ദൈവകരങ്ങളിൽ ഏൽപ്പിക്കുക എന്നതാണ്. അതാണ് നാം യഥാർത്ഥത്തിൽ ചെയ്യേണ്ടത്. നമ്മുടെ ബുദ്ധിയും കഴിവും കൊണ്ട് എങ്ങനെ തരണം ചെയ്യുവാൻ കഴിയും എന്നുള്ള ചിന്ത നമ്മെ നിരാശയിലേക്ക് നടത്തുമെന്നതിൽ യാതൊരു സംശയവുമില്ല. ഒരുപക്ഷേ തരണം ചെയ്തെങ്കിൽ നമ്മുടെ പിന്നീടുള്ള അനുഭവങ്ങളിൽ നാം ദൈവത്തിൽ ആശ്രയിക്കാതെ ദൈവത്തോടു ആലോചന ചോദിക്കാതെ സ്വന്ത

അസ്ഥി, അസ്ഥിയോടു ചേരുകയും അവയുടെമേൽ ഞരമ്പും മാംസവും വന്ന് അവയുടെ മേൽ ത്വക്ക് പൊതിയുകയും ചെയ്തു. അതു കണ്ട പ്രവാചകൻ വീണ്ടും കാറ്റുകളോടു പ്രവചിക്കുവാൻ ദൈവത്തിന്റെ ആലോചന ലഭിച്ചു. കാറ്റിനോട് പ്രവചിച്ചപ്പോൾ ശ്വാസം അവരിൽ വന്ന് അവർ ജീവിച്ച് ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു. വീണ്ടും ദൈവത്തിന്റെ ആലോചന പ്രവാചകനിലൂടെ ജീവനുള്ളവരോടു പ്രവചിക്കുന്നു. യഹോവയായ ദൈവം നിങ്ങളുടെ ശവക്കുഴു തുറന്നു യിസ്രായേൽ ദേശത്തേക്കു കൊണ്ടുപോകയും നിങ്ങളുടെ ശവക്കുഴി തുറക്കുമ്പോൾ നിങ്ങൾ യഹോവയെ അറിയുകയും ചെയ്യും. മാത്രവുമല്ല നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് ദൈവം തന്റെ ആത്മാവിനെ അവരുടെ മേൽ ആക്കും. അങ്ങനെ ഉണങ്ങിയ അസ്ഥികൾ തന്റെ കണ്മുമ്പിൽ ഒരു ജീവനുള്ള സൈന്യമായി മാറിയത് പ്രവാചകൻ ദർശിച്ചു.

ദൈവസന്നിധിയിൽ മുഴുവനായി സമർപ്പിച്ച പ്രവാചകനെ തന്റെ അഗ്നിനാവായി ദൈവം ഉപയോഗിച്ചുവെങ്കിൽ നാം പൂർണ്ണഹൃദയത്തോടെ, പൂർണ്ണമനസ്സോടെ നമ്മെത്തന്നെ കർത്താവിനുവേണ്ടി സമർപ്പിച്ചാൽ തന്റെ കൈയ്യിലെ ഏറ്റവും ഇണങ്ങിയ ആയുധമാക്കി ദൈവം നമ്മെ ഉപയോഗിക്കും. അതിനായിട്ട് നമ്മെത്തന്നെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കാം.

HH Rhythm

പുതിയ പാട്ട്

# യേശു നാഥാ..

അകന്നുപോകല്ലെ യേശു നാഥാ
വേറെയാരും ഇല്ല ഈ ഭൂവിൽ

വാനദൂതർ പാടി വാഴ്ത്തും
ജീവനാഥാ യേശുനാഥാ...(2)

ഈ ജീവിതത്തിൽ ചെയ്ത നന്മകൾ
അവർണ്ണനീയം മഹത്കരം
ജീവനാഥാ യേശുനാഥാ
അങ്ങേപോലെ ഭൂവിലാരുള്ളൂ...വാനദൂതർ

ലോകം മുഴുവൻ ചമച്ച നാഥാ
വാക്കിൻ മുമ്പിൽ സകലത്തേയും
ദൂതർ വാഴ്ത്തും പാടി വാഴ്ത്തും
രാജ രാജൻ യേശുരാജൻ...വാനദൂതർ

നൽകിടും തൻ ഭക്തർക്കായി
പുത്തൻ ഭൂമി ദൂരെ നാട്ടിൽ
അന്നു ഞാനും ചേർന്നു വാഴ്ത്തും
യേശു നാഥാ ദേവ ദേവാ ...വാനദൂതർ

കാത്തിരിക്കും തന്റെ കാന്തയെ
ചേർത്തിടുവാൻ വരും വാനിൽ
ലോകം മുഴുവൻ വെളിച്ചം പകർന്നു
വെളിച്ചമായ യേശു നാഥൻ...വാനദൂതർ

പാപിയായ പാപത്തിന്റെ അടിമയായ
ഏഴയേയും വീണ്ടെടുത്തു
ലോകം മുഴുവൻ പടർന്നിരിക്കും
അങ്ങയുടെ ജീവ മൊഴികൾ ...വാനദൂതർ



ജോബ് സണ്ണി



Tintu Vivyn




## TIPS FOR STAYING HEALTHY

- Drink plenty of water
- Include more of vegetables and fruits in your diet
- Exercise regularly
- Have adequate sleep...Go to bed early
- Develop positive attitude in life..
- Keep away from negativity
- Meditation is the key to pleasant mind...and a pleasant mind keeps our body healthy
- Health is wealth...Prevention is better than cure

  At present most common ones are life style diseases... and most of them are preventable by following a healthy life style..eat healthy and think better...avoid junk foods.. make yourself free from negative thoughts
- Exercise regularly...Practice meditation and yoga...believe in yourself..
- Take your medications regularly with regular follow ups.. no self medication..
- Keep yourself and your surroundings clean...by which you can prevent many diseases..

# ANOTHER 10 COMMANDMENTS



Hanan Anna Cherian

*From: God*
*To: All His Children*
*Effective Immediately:*

Please be aware that there are changes you need to make in your life. These changes need to be completed in order that I may fulfill MY promises to you to grant you peace, joy and happiness in this life. I apologize for any inconvenience, but after all that I am doing, this seems very little to ask of you. I know, I already gave you 10 Commandments. Keep them, but follow these guidelines as well.

## 1. QUIT WORRYING

Life has dealt you a blow and all you do is sit and worry. Have you forgotten that I am here to take all your burdens and carry them for you? Or do you just enjoy fretting over every little thing that comes your way?

## 2. PUT IT ON THE LIST

Something needs to be done or taken care of. Put it on the list. No, not YOUR list. Put it on MY to-do-list. Let ME be the one to take care of the problem. I can't help you until you turn it over to ME. And, although MY to-do-list is long, I am, after all, God. I can take care of anything you put into MY hands. In fact, if the truth were ever really known, I take care of a lot of things for you that you never even realize.

## 3. TRUST ME

Once you've given your burdens to me, quit trying to take them back. Trust in ME. Have the faith that I will take care of all your needs, your problems and your trials. I want to help you. All you have to do is ask.

## 4. LEAVE IT ALONE

Don't wake up one morning and say, "Well, I'm feeling much stronger now, I think I can handle it from here." Why do you think you are feeling stronger now? It's simple. You gave ME your burdens, and I'm taking care of them. I also renew your strength and cover you in MY peace. Don't you know that if I give you these problems back, you will be right back where you started? Leave them with ME and forget about them. Just let ME do MY job.

## 5. TALK TO ME

I want you to forget a lot of things. Forget what was making you crazy. Forget the worry and the fretting because you know I'm in control. But there's one thing I want you to never forget. Please don't forget to talk to ME - OFTEN! I love you. I want to hear your voice. I want you to include ME in the things going on in your life. I want to hear you talk about your friends and family. Prayer is simply you having a conversation with ME. I want to be your dearest friend.

## 6. HAVE FAITH

I see a lot of things from up here that you can't see from where you are. Have faith in ME that I know what I'm doing. Trust ME, you wouldn't want the view from MY eyes. I will continue to care for you, watch over you, and meet your needs. You only have to trust ME. Although I have a much bigger task than you, it seems as if you have so much trouble just doing your simple part. How hard can trust be?

## 7. SHARE

You were taught to share when you were only two years old. When did you forget? That rule still applies. Share with those who are less fortunate than you. Share your joy with those who need encouragement. Share your laughter with those who haven't heard any in such a long time. Share your tears with those who are mourning. Share your faith with those who have none.

## 8. BE PATIENT

I managed to fix it so in just one lifetime you could have so many diverse experiences. You grow from a child to an adult, have children, change jobs many times, learn many trades, travel to so many places, meet thousands of people, and experience so much. How can you be so impatient then when it takes me a little longer than you expect to handle something on my to-do-list? Trust in MY timing, for MY timing is perfect. Just because I created the entire universe in only six days, everyone thinks I should always rush, rush, rush.

## 9. BE KIND

Be kind to others, for I love them just as much as I love you. They may not dress like you, or talk like you, or live the same way you do, but I still love you all. Please try to get along, for my sake. I created each of you different in some way. It would be too boring if you were all identical. Please know I love each of your differences.

## 10. LOVE YOURSELF

As much as I love you, how can you not love yourself? You were created by ME to be loved, and to love in return. I am a God of Love. Love ME. Love your neighbors. But also love yourself. It makes my heart ache when I see you so angry with yourself when things go wrong. You are very precious to ME. Don't ever forget that!

*With all my heart, I love you,*
*GOD*



Praveen Antony









*Prayerful wishes for a blessed married life to*

AJITH ABRAHAM & GIFTY ABRAHAM

*With best compliments*

CHURCH OF GOD, AALI

NEWS UPDATES

# DEEPTI SPECIAL SCHOOL
## MANAKKALA, ADOOR

### Deepti Family Tour to Magic Planet

Deepti arranged a family tour to Magic Planet, Trivandrum on 19 August in which children, their siblings and parents and staff joined. It was a great time of rejoicing for all. They enjoyed magic and circus shows. Deepti promotes recreational activities for differently abled children and their families. It is also aimed to facilitate interpersonal relationship among the members of Deepti. It also enables children to get familiar with new places and people which is essential for their holistic development.





Dr. Jacob John



**Counselling Seminar** for parents of differently abled children was held at Deepti Special School on 26 July 2017. Dr. Jacob John, Director of Agape Counselling Centre, Pathanamthitta was the resource person for the seminar. Parents shared their challenges of bringing up their special needs children. He interacted with the parents gave group counselling as well as personal counselling. It was very helpful for parents who face physical, emotional, social and economical challenges in connection with taking care of their differently abled children. Deepti School is used to conduct seminars and classes for parents at different occassions to encourage and equip them.

ഹലോ ഹോപ്പിനോടൊപ്പം ദീപ്തി സ്പെഷ്യൽ സ്കൂളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന എല്ലാ പ്രിയപ്പെട്ടവരും ദയവായി ഞങ്ങളെ കോൺടാക്ട് ചെയ്യുക.

**ഫോൺ +973 39336575, + 973 33552886**

ഇമെയിൽ : **hhgulfnews@gmail.com**

HH Studio



Hello Hope Bible Quiz-4 winner Suni S. Suku (IPC Tamil Church) receives prize from Pr. Roy Philip.
*(From Left: Rajeev Stuvert, Suku Gamaliel, Suni S. Suku, Pr. Roy Philip & Cherian Mathews)*



Knowledge Cafe

ഹലോ ഹോപ്പ് 4-ാം ലക്കം പസിൽ വിജയി ***കാതറിൻ ജിസ്നയ്ക്ക്*** *(ബഹറിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ്)* പാസ്റ്റർ സാബു മാത്യു സമ്മാനം നൽകുന്നു.




*Prayerful wishes for a blessed married life to*

JOBIN & AKSA

*With best compliments*

**Church of God Full Gospel Prayer Fellowship Bahrain**

# TRAILS FROM A TRIBAL WORLD



Angela Anna Anish

The life of an expatriate toiling in the burning soils of Middle eastern countries is a mix of ups and downs. While many make their way up to success, most have bitter stories of struggle with less gains to talk about if you ask them so. Everybody walks through a tunnel of expectation to meet their goals that keep piling up on a dry table called life. We make homes of best bricks, buy cars with best wheels, clothes our loved ones in the finest fabrics but keeps to fall apart within our soul at one point or the other.

I am a social work student trying to run with the pace of a busy metro life in the city of Bangalore. But it happened that as a part of my course requirement, I had to journey for five hours along with other classmates for a rural camp to a small village called Sargur in the district of Mysore for a one week period. Suddenly, life had a fresh perspective. Nature is untouched in this place. The tribal people sing songs of harvesting crops and tigers within the deep jungles. Located close to the Bandipur Tiger Reserve, the place (Kenchanahalli & Sargur ) is inhibited by local tribal folks. These areas are densely enriched by the waters of Kabani that flows through these plains thus becoming a habitat for various wildlife in the southern India. Most of us have a preconceived notion that tribals are backward and we need to bring them into phases of development to achieve something that we all seem to be chasing for. This is what my experience taught me: We are terribly wrong about



them! They stay close to the nature, harm no creatures, eat from toiling in the red soils, build no skyscrapers, buy no cars or fine clothes. They are never in want of anything because they have sufficient for everyday.



Before the dawn cracks, I woke up everyday, packed my camera and went for solitary walks over the hills and fields. Sometimes, we are so hooked up with man-made environment that we neglect to see God's creations. These solitary walks made me praise God's wonders every early mornings. God walked with Adam and Eve in the Garden of Eden where all his creations came in harmony. Once, with the help of a friend, I got to visit a wide marigold field during the early hour of morning when the silence of the night still lingered so did the dew drops of early morning snow on plants. While I stood in the field and looked around, a verse ran through my mind:

"See how the flowers of the field grow. They do not labor or spin. 29 Yet I tell you that not even Solomon in all his splendor was dressed like one of these. 30 If that is how God clothes the grass of the field, which is here today and tomorrow is thrown into the fire, will he not much more clothe you—you of little faith?" Mathew 6:28

The tribal children had schools with no doors or walls, they sat under trees and learnt technology and nature hand in hand. They did farming, they fixed machines, they learnt english and they cooked traditional dishes! These children enjoyed learning life in simple ways. All I can recollect about schooling is a bag heavier than me, homeworks and test papers, PTA's and later on tiring tutions. In every child that I met there, I met Nature. There was no burden to chase career or money.

We got to start fresh sometimes and see with the inner eye. The stark contrast of city life and a small village by the Kabini river makes me realise what we miss and what they have in abundance . I remember a small family that I had went to help harvest groundnuts in the fields. After getting hands dirty with work, while I parted, the child came and held in my hands a bunch of ground nuts! I did nothing but Smile. Well, no one taught her 'Sharing is Caring' moral story like we learnt in school! Nature was her teacher because nature is a gift from God.

# ദൈവത്തിൽ നിന്നുള്ള അനുഗ്രഹം



ബ്ലസ്സി സജി

കർത്താവിന്റെ വചനം അത് വലിയ ശക്തിയുള്ളതാണ്. അത് ഇരുമ്പോടാമ്പലുകളെ തകർക്കുന്നതാണ്. അതിന് നമുക്കൊരു സംശയവും വേണ്ടാ. കർത്താവ് നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് കിട്ടുന്നത് - ധൈര്യത്തിന്റെ ആത്മാവ്, സുബോധത്തിന്റെ ആത്മാവ്, സ്വാതന്ത്ര്യത്തിന്റെ ആത്മാവ്. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല (എബ്രാ.13:5,6).

**നമുക്ക് പറയാം ക്രിസ്തുവിനോടുള്ള എന്റെ ബന്ധത്തിൽ നിന്നും എന്നെ മാറ്റാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല.**

പലപ്പോഴും നമ്മൾ ആഗ്രഹിക്കുന്നത് പ്രാർത്ഥിക്കുന്ന സമയത്ത് കിട്ടാതെ വരുമ്പോൾ നമ്മൾ ദൈവത്തോട് പിറുപിറുക്കാറില്ലേ ? ദൈവത്തിൽ നിന്നും അകന്ന് മാറാറില്ലേ ? കർത്താവിൽ നിന്നും നാം അകന്നുമാറിയാൽ നഷ്ടം നമുക്ക് മാത്രമാണ്, കർത്താവിന് ഒന്നും സംഭവിക്കുന്നില്ല.കർത്താവ് എപ്പോഴും ദയയും ദീർഘക്ഷമയും ഉള്ളവനാണ്. നമുക്ക് സമാധാനം തന്ന് സഹായിക്കുന്നവനാണ്. പലപ്പോഴും പ്രയാസങ്ങൾ പ്രതിസന്ധികൾ കടന്നുവരുമ്പോൾ ഈ വാക്യം നമ്മെ ആശ്വസിപ്പിക്കാറില്ലേ, ഞാൻ നിന്നെ ഒരുനാളും കൈവിടില്ല ഉപേക്ഷിക്കുകയും ഇല്ല എന്നത്.

പ്രിയരേ, പലപ്പോഴും നമ്മുടെ പ്രതിസന്ധിഘട്ടങ്ങളിൽ നമുക്ക് ആശ്വാസം തരാനോ നമ്മുടെ കൂടെ ഇരിക്കുവാനോ ആരും കാണാറില്ല. എന്നാൽ കൈവിടാത്ത നല്ല കർത്താവിന്റെ സ്നേഹം അത് ഒന്നു വേറെ തന്നെയാണ്, സംശയം വേണ്ടാ. അത് വേറിട്ട് അനുഭവിക്കാൻ കഴിയുന്ന സ്നേഹമാണ്. അതാണ് എന്നേയും നിങ്ങളേയും പിടിച്ചടക്കുന്ന സ്നേഹം.

ഇന്ന് നമ്മൾ ആ സ്നേഹം അനുഭവിക്കുന്നുണ്ടോ ? ഇല്ലാ എങ്കിൽ ആ കർത്താവുമായുള്ള ഒരു ദൃഢമായ സ്നേഹബന്ധം നമ്മൾ പുലർത്തേണ്ടത് അത്യാവശ്യമാണ്. അപ്പൊസ്തൊലന്മാർക്ക് കിട്ടിയ ആ ധൈര്യം അവരിൽകൂടെ ചെയ്യിപ്പിച്ച വൻകാര്യങ്ങൾ കാരാഗ്രഹത്തിൽ അവർ കിടന്നപ്പോൾ അവർ പാടി സന്തോഷിച്ചു. തീച്ചൂളയുടെ അനുഭവത്തിൽ അവർ പാടി ആനന്ദിച്ചു. കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, ഇടവിടാതെ പ്രാർത്ഥിപ്പിൻ ഇതാണ് കർത്താവിന് നമ്മെക്കുറിച്ചുള്ള ഇഷ്ടം. അപ്പൊസ്തൊലപ്രവൃത്തിയിൽ ഉടനീളം കാണുന്നത് അവർ ഒരുമിച്ച് കൂടി കർത്താവിനെ പാടി സന്തോഷിച്ചു, അപ്പം നുറുക്കി. കർത്താവിലുള്ള സന്തോഷം അത്ര വലുതാണ്.

നമുക്ക് പറയാം ക്രിസ്തുവിനോടുള്ള എന്റെ ബന്ധത്തിൽ നിന്നും എന്നെ മാറ്റാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല. ആകയാൽ കർത്താവ് എനിക്ക് തുണ, ഞാൻ പേടിക്കയില്ല. കർത്താവുമായുള്ള ബന്ധത്തിൽ നിന്നും ലഭിക്കുന്നത് രോഗശാന്തി, വിടുതൽ, ദുഃഖത്തിൽ നിന്നും ആശ്വാസം, കടഭാരത്തിൽ നിന്നും സമൃദ്ധി ഇവയൊക്കെയാണ്. ആകയാൽ സംശയിക്കാതെ സങ്കോചിക്കാതെ ലക്ഷ്യത്തിലേക്ക് ഓടാം. നിന്ദയെ, പരിഹാസത്തെ, പ്രശ്നങ്ങളെ പേടിക്കരുത്. ഈ ലോകത്തിലെ യാതൊന്നിനും കീഴ്പ്പെടരുത്, കർത്താവ് നമ്മോടുകൂടെ ഉണ്ട്. നമ്മുടെ തുണയായ ബലമായ കർത്താവിനെ മുറുകെ പിടിച്ചു നമുക്ക് ജീവിക്കാം. അതുമൂലം നമുക്ക് സന്തോഷവും സകലവിധ അനുഗ്രഹങ്ങളും ഉണ്ടാകും. ആമേൻ!






# സംഖ്യാ പുസ്തകം

*അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!*

ആരാധനയ്ക്കും അനുസരണത്തിനും ആഘോഷങ്ങൾക്കും പ്രാധാന്യം നൽകിയ ലേവ്യ പുസ്തകത്തിനുശേഷം അവിശ്വാസവും അനുസരണക്കേടും നിമിത്തം 40 വർഷം മരുഭൂമിയിൽ അലയേണ്ടിവന്ന യിസ്രയേലിന്റെ ചരിത്രം വിവരിക്കുന്നതാണ് സംഖ്യാ പുസ്തകം. യുദ്ധശേഷിയുള്ളവരെ എണ്ണിതിട്ടപ്പെടുത്തുവാൻ സീനായ് മലയിൽ നിന്നു പുറപ്പെടുന്നതിനു മുമ്പും മോവാബിൽ വച്ചും സർവ്വേശ്വരൻ കൽപ്പിച്ചു. ഈ രണ്ട് ജനസംഖ്യാനിർണ്ണയ രേഖകൾ വിവരിക്കപ്പെട്ടതുകൊണ്ടാണ് ഈ പുസ്തകത്തിന് സംഖ്യാപുസ്തകം എന്ന് പേരുവന്നത്.

സീനായ് മലയുടെ ചുവട്ടിൽ വച്ചു നടന്ന സംഖ്യാ നിർണ്ണയത്തിനകത്ത് ഉൾപ്പെട്ടിരുന്നവരിൽ രണ്ടു പേർ മാത്രമാണ് 38 വർഷത്തിനുശേഷം മോവാബ് സമഭൂമിയിൽ ചെല്ലുമ്പോൾ ഉണ്ടായിരുന്നത്. അതുകൊണ്ട് ദൈവം മറ്റൊരു സംഖ്യാ നിർണ്ണയം നടത്തി. രണ്ട് ജനസംഖ്യാ നിർണ്ണയ കണക്കെടുപ്പിലും യുദ്ധശേഷിയുള്ളവർ 6 ലക്ഷം തന്നെയായിരുന്നു.

മോശൈക പഞ്ചഗ്രന്ഥത്തിലെ നാലാമത്തെ പുസ്തകമായ സംഖ്യാപുസ്തകത്തിലാണ് മരുഭൂമി യാത്രയുടെ ഒരു പൂർണ്ണ വിവരണം എഴുതിയിരിക്കുന്നത്. യിസ്രയേൽ പ്രയാണത്തിന്റെ ഏകദേശം 38 വർഷ ചരിത്രമാണ് സംഖ്യാപുസ്തക കാലം. ശുഷ്ക്കവും ഭീകരവും ദുർഗ്ഗവുമായ ആ മരുഭൂമിയിൽ അവരുടെ സഞ്ചാരപാത്രത്തിന്റെ നിയന്ത്രണം ദൈവം തന്നെ ഏറ്റെടുക്കുകയാണ് ചെയ്തത്. 20 വയസിനുമേൽ പ്രായമുള്ള 6 ലക്ഷം പുരുഷന്മാരുൾപ്പടെ ഏകദേശം 30 ലക്ഷത്തോളം വരുന്ന യിസ്രായേൽ ജനത്തിന്റെ സഞ്ചാരം ഒരു മനുഷ്യനും ഭാവന ചെയ്യുവാൻപോലും കഴിയില്ല. അത്രയ്ക്ക് ക്രിയാത്മകമായിരുന്നു യാഹാം ദൈവത്തിന്റെ കരുതൽ.

ജലമോ സസ്യലതാദികളോ ഇല്ലാത്ത കൊടും മണലാരണ്യത്തിൽ അവരുടെ ആരോഗ്യം അൽപ്പംപോലും ചോർന്നു പോകാതവണ്ണം കഴിപ്പാനാഹാരവും കുടിപ്പാൻ വെള്ളവും നൽ കി. എന്തിനേറെ പറയണം, ജീർണ്ണിച്ചുപോകാത്ത രീതിയിൽ അവരുടെ വസ്ത്രത്തിന് പോലും സംരക്ഷണമൊരുക്കി. നേരില്ലാത്ത ഊരിൽ നിന്നും നെറികേടിന്റെ ദൈവങ്ങളെ നിർമ്മിച്ചു, വന്ദിച്ചു, ജീവിച്ച തേരഹിന്റെ മകനെ നേരിന്റെ ദൈവം നേരോടെ ജീവിപ്പാൻ വിളിച്ചു വേർതിരിച്ചപ്പോൾ കൊടുത്ത വാഗ്ദത്തിലേക്ക് തലമുറകളെ എത്തിക്കുവാനുള്ള ദൈവീക കരുതൽ. ലേവ്യാ പുസ്തകത്തേക്കാൾ വളരെയധികം വ്യാപകമായ ഒരു സ്ഥലകാല പരിധിയാണ് ഈ ഗ്രന്ഥത്തിനുളളത്.

യിസ്രായേൽ മക്കൾ യാത്ര ചെയ്ത ഏകദേശം പത്തോളം സ്ഥലങ്ങളുടെ വിവരണം ഈ പുസ്തകത്തിലുണ്ട്. യുദ്ധപ്രാപ്തരായവരെ എണ്ണി തിട്ടപ്പെടുത്തുന്ന സ്ഥലമായ ***സീനായ് മരുഭൂമി,*** കനാൻ ദേശം ഒറ്റുനോക്കുവാൻ ഓരോ ഗോത്രത്തിൽ നിന്നുമുള്ളവരെ തിരഞ്ഞെടുത്തയച്ച ***പാരാൻ മരുഭൂമി,*** മിര്യാമിന്റെ മരണവും, കോപിഷ്ഠനായികൊണ്ട് മോശെ പാറയെ രണ്ട് പ്രാവിശ്യം അടിച്ച സ്ഥലമായ ***കാദേശ്ബർന്ന,*** അരാദ് രാജാവിനെ യുദ്ധം ചെയ്തു തോൽപ്പിച്ച് അവൻ പിടിച്ചുകൊണ്ട് പോയവരെ വിടുവിച്ച ശപിക്കപ്പെട്ട ഇടം, ഹോർമ്മ എന്ന പേരായ ***അഥാരീം,*** ഏശാവിന്റെ പിൻഗാമികൾ പാർത്ത പിറുപിറുപ്പിന്റെ ഫലമായി അഗ്നിസർപ്പത്തിന്റെ കടിയേറ്റ് മരണത്തിലേക്ക് പിടഞ്ഞു പതിക്കുന്നവന് രക്ഷയായി താമ്രസർപ്പത്തെ ഉയർത്തി നിർത്തിയ ***ഏദോം,*** അമോര്യ രാജാവായ സീഹോനോട് യുദ്ധംചെയ്തു അവനെ തോൽപ്പിച്ച് അവകാശമാക്കിയ ***അമ്മോൻ,*** വാഗ്ദത്തനാടിലേക്കുള്ള പ്രയാണത്തിനിടയിൽ യെരിഹോവിനെതിരെ യിസ്രായേൽ മക്കൾ പാളയമടിച്ച യോർദ്ധാന് കിഴക്കുള്ള ***മോവാബ് സമഭൂമി,*** തങ്ങളുടെ ആടുമാടുകൾക്ക് അനുയോജ്യം എന്ന് രൂബേന്യരും ഗാദ്യരും കരുതിയ യോർദ്ധാന് കിഴക്കുള്ള ഫലഭൂയിഷ്ടമായ ***ഗിലയാദ്,*** അഹരോനു പകരം തന്റെ മകനായ എലെയാസരിനെ പുരോഹിതനായി നിയോഗിച്ചശേഷം അഹരോന്റെ പ്രാണനെ ദൈവം തിരികെ എടുത്ത ***ഹോർപർവ്വതം,*** യഹോവയ്ക്ക് വേണ്ടി പുറപ്പെട്ട് പ്രതികാരം നടത്തേണ്ടതിന് മോശെ ജനത്തെ കൂട്ടിയ ***മിദ്യാൻ*** എന്നിവയാണ്.

യിസ്രായേലിന്റെ 40 വർഷത്തെ മരുഭൂപ്രയാണത്തിൽ 14 പ്രാവിശ്യം അവർ ദൈവത്തെ കോപിപ്പിച്ചിട്ടുണ്ട്. അതിൽ 7 പ്രാവിശ്യവും സംഖ്യാപുസ്തക ചരിത്ര ഏടുകളിലാണുള്ളത്.

***പിറുപിറുത്തപ്പോൾ – 11:1***
***ദുരാഗ്രഹം നിമിത്തം – 11:31–33***
***കോരഹിനോടുള്ള ബന്ധത്തിൽ – 16 അദ്ധ്യായം***
***ഇറച്ചിയുടെ കാര്യത്തിൽ – 11:10***
***അഹരോനും മിര്യാമും പാപം ചെയ്തപ്പോൾ – 12:1–12***
***ബിലെയാമിന്റെ ശാഠ്യത്തിൽ – 22:1–22***
***കാദേശ്ബർന്നയിൽ വെച്ച് മത്സരിച്ചപ്പോൾ – 14:1–35,32:11–14യ***

36 അദ്ധ്യായങ്ങളും 1288 വാക്യങ്ങളും കൊണ്ട് അലംകൃതമായ ബൈബിളിലെ 4-ാമത്തെ പുസ്തകമായ സംഖ്യാ പുസ്തകത്തിൽ 42 നിവർത്തിയായ പ്രവചന വാക്യങ്ങൾ ഉണ്ട്. 72-ൽപ്പരം വ്യത്യസ്തമായ ദൈവീക ഉപദേശങ്ങൾ ഈ പുസ്തകത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. 554 കൽപ്പനകളും 79 പ്രവചനങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. വുശുദ്ധീകരണത്തിന് പ്രാധാന്യം കൊടുക്കുന്ന 14-ാം അദ്ധ്യാം പ്രധാന അദ്ധ്യായമായും അതിലെ 22,23 വാക്യങ്ങൾ പ്രധാന വാക്യങ്ങളായും ചിന്തകന്മാർ കണക്കാക്കുന്നു. മാനവകുല രക്ഷയ്ക്കായ് ഗാൽഗോദ്ദായിലെ മലഞ്ചരുവിൽ ഉയർത്തിക്കാട്ടിയ കാൽവറി നാഥന്റെ ക്രൂശീകരണത്തെ നിഴലായി ചരിത്രത്തിന്റെ ഏടുകളിൽ കോറിയിട്ട താമ്രസർപ്പത്തെ ഉയർത്തിയ രേഖയാണ് പ്രധാന സംഭവമായും പഠിപ്പിക്കപ്പെടുന്നത്.

ആ രക്ഷണ്യ പ്രവർത്തിയിലൂടെ നമുക്കായ് തുറന്നുവച്ച നിത്യയുടെ പാതയിൽ പാദങ്ങൾ ചലിപ്പിക്കുവാൻ സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ! ആമേൻ.

# THOUGH IT LINGER, WAIT FOR IT



Steffin Shony

No one likes to wait. Sometimes we may feel that while we are waiting, we are achieving nothing. Waiting time is not wasted time. Waiting is not just something we have to do while we get what we want. Waiting is a process of molding and polishing ourselves and becoming what GOD wants us to be. The way GOD prepares us when we are waiting is as important as what it is waiting for. Whoever believes will not act hastily-Isaiah 28:16. The wall of Jericho fell down after Israelites marched around it once a day for six days, then seven times on the seventh day. The problem with us is that we will quit after we walk six times. Psalmist tells us to Wait on the LORD; be of good courage, and HE shall strengthen your heart; wait, I say on the LORD – Psalms 27:14. We are in all kinds of waiting situations in our life. To wait for, anticipating it, and it doesn't happen, it costs us more than those who wants nothing. As we read in Proverbs 13:12 Hope deferred makes the heart sick. Our soul must silently wait for the LORD. Just because it hasn't happened yet doesn't mean it won't. Wait on GOD'S perfect timings. When the brides were waiting for the bridegroom to come, they were burning oil. When nothing was happening, they were burning oil. Just as the brides we have to add some oil to our spiritual life to be able to wait. Again and again in the Bible, the LORD taught HIS people to wait. All the great people of GOD had learned what it meant to wait on the LORD. Abraham and Sarah waited 25 years for a promised son. Noah waited 120 years before the predicted rains arrived. Joseph waited 13 years in prison before fulfillment of his dream. Martha and Mary waited for JESUS to arrive when Lazarus died. As the farmer waits for the precious fruit of the earth, waiting patiently for it until it receives the early and latter rain- James 5:7, we have to wait patiently for GOD'S timing. If we wait for the LORD, we will reap one day. Though it tarries wait for it- Habakkuk2:3. GOD knows our hearts desire. For as the heavens are higher than the earth, so are Myways higher than your ways, and My thoughts than your thoughts- Isaiah 55:9.GOD'S ways are better than ours. Those who wait on the LORD shall renew their strength; they shall mount up with wings like eagles, they shall run and not be weary, they shall walk and not faint- Isaiah 40:31.




Wedding Anniversary
Br. Laiby Thomas & Binitha Laiby
*With Loving Compliments: IPC Hebron*

# പാറമേൽ അടിസ്ഥാനമിട്ടവന്റെ ഉപമ



പാസ്റ്റർ വിനിൽ സി. ജോസഫ്

*കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...*

യഹോവയോട് പാപം ചെയ്യാതിരിക്കുവാൻ രാജാവിന്റെ കൈവശം ന്യായപ്രമാണത്തിന്റെ ഒരു പകർപ്പ് വേണം. അതുപോലെ ആയുഷ്ക്കാലം മുഴുവൻ അവൻ അത് വായിക്കണം. യിസ്രായേലിൽ മുലകുടി മാറിയ എല്ലാ ശിശുക്കളും വചനം പഠിക്കുകയും ധ്യാനിക്കുകയും തുടങ്ങും. 12-ാം വയസ്സിൽ ആലയത്തിൽ മൂപ്പന്മാരേയും പുരോഹിതന്മാരേയും തന്നെതന്നെ കാണിക്കുകയും വേണം. അവരുടെ ചോദ്യങ്ങൾക്ക് എല്ലാം ഉത്തരം പറയുന്നവന് ഒരു പദവി കൊടുക്കും. 'പെർമിക്സുവാ' അല്ലെങ്കിൽ പ്രബോധനത്തിന്റെ പുത്രൻ. ആ പദവി ലഭിച്ചവൻ പിന്നീട് ഏത് സിനഗോഗിലും വചനം വായിക്കും.

അതുപോലെ 119 -ാം സങ്കീർത്തനം വചനം പാട്ടിന്റെ രൂപത്തിലാക്കിയിരിക്കുന്നു. എളുപ്പത്തിൽ പഠിക്കുവാൻ അതിലെ ഓരോ വാക്കുകളും അണ്ണാക്കിന് മധുരമാണ്. വലിയ സങ്കീർത്തനമാകുകയാൽ നാം അത് വായിക്കാതെ വിട്ടുകളയുന്നു. ന്യായപ്രമാണം പാപത്തിന്റെ വഴിയിലേക്ക് വഴുതിപ്പോകാതെ ഒരു യുവാവിന്റെ പാതകളെ സൂക്ഷിക്കുന്നു. വചനം കളങ്കത്തിനെതിരെ കാവൽ നിൽക്കുന്നു. അത് അവന്റെ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആണ്. അതുകൊണ്ട് പാപം ചെയ്യുവാൻ ആരും ആഗ്രഹിക്കുന്നില്ല. സാത്താൻ പാപത്തിലേക്ക് വലിച്ചിഴക്കുന്ന തന്ത്രങ്ങൾ മെനയുന്നു. വചനധ്യാനം കുറയുമ്പോൾ പാപം നമ്മെ സ്വാധീനിക്കുന്നു, കീഴടക്കുന്നു.

ഞങ്ങളുടെ ക്യാമ്പസ് ജീവിതത്തിൽ അനുഗ്രഹിക്കപ്പെട്ട ഒരു ദൈവപൈതലായിരുന്നു രാജീവ്. സൽസ്വഭാവികളായ മാതാപിതാക്കൾ. പിൽക്കാലത്ത് രാജീവ് ദൈവകൃപയിൽ നിന്ന് അന്യാധീനപ്പെട്ടുപോയി. കാരണം തിരക്കിയപ്പോൾ അറിയാൻ കഴിഞ്ഞത് കൂടെ പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകൊച്ചുമായി തമാശയ്ക്ക് ഫോൺ വിളിച്ചു തുടങ്ങിയതാ പിന്നീട് ദൈവത്തേക്കാൾ അധികമായി ഈ കൊച്ചിനെ സ്നേഹിക്കുകയും ചെയ്തു. കാമ്പസ് ജീവിതം കഴിഞ്ഞപ്പോൾ ഈ പെൺകൊച്ച് വേറൊരാളെ വിവാഹം കഴിച്ച് ജീവിതം ആരംഭിച്ചു. രാജീവ് ജീവിതത്തിൽ നിരാശനായി കൂട്ടുകാരുടെ ഉപദേശത്താൽ മദ്യപാനം തുടങ്ങി. സഭായോഗങ്ങൾ ഉപേക്ഷയായി വചാരിച്ചു. കർത്തൃമേശയിൽ ഭാഗമാകാറേയില്ല. വചനം വായിക്കാറുമില്ല, ധ്യാനിക്കാറുമില്ല.

ദൈവവചനത്തിൽ ശ്രദ്ധചെലുത്തിയിരുന്നു എങ്കിൽ രാജീവ് ദൈവത്തേക്കാൾ അധികമായി മറ്റൊന്നിന്റേയും പുറകേ പോകത്തില്ലായിരുന്നു. ' ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ' - യാക്കോബ് 1:21.

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കേയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു - മത്തായി 7:24.

വചനത്തിൽ അടിസ്ഥാനമിട്ട ജീവിതം പണിയുന്നവൻ കൊടും കാറ്റിലും വൻമഴയിലും തളരാതെ നിത്യരാജ്യത്തിൽ പ്രവേശിക്കുമെന്ന് നാം ചിന്തിച്ചല്ലോ. മത്തായി സുവിശേഷം 13:3-9 വരെയുള്ള വാക്യത്തിൽ വചനം വിതക്കുന്നത് നമുക്ക് കാണാൻ പറ്റും. 'വിതയ്ക്കുന്നവൻ വിതെപ്പാൻ പുറപ്പെട്ടു വിതയ്ക്കുമ്പോൾ ചിലത് വഴയരികെ വീണു പറവകൾ വന്ന് അത് തിന്നുകളഞ്ഞു. ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തയിടത്തു വീണു. മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു. സൂര്യൻ ഉദിച്ചാറെ ചുട്ട് തട്ടി വേര് ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റുചിലത് മുള്ളിനടയിൽ വീണു മുള്ള് മുളച്ചു വളർന്നു അതിനെ ഞെരുക്കി കളഞ്ഞു. മറ്റു ചിലത് നല്ലനിലത്ത് വീണു നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു, ചെവിയുള്ളവൻ കേൾക്കട്ടെ'.

*1. വഴിയരികെ വീണ വിത്ത് :*

വചനം കേട്ടു പക്ഷേ ഗ്രഹിച്ചില്ല. ഇന്നും പല ദൈവമക്കളുടെ അവസ്ഥ ഇതല്ലേ ? വചനം ഗ്രഹിക്കുന്നില്ല. ടിവി തുറന്നാൽ വചനം, സഭകളിൽ എല്ലാ മീറ്റിംഗിനും വചനം, കൺവെൻഷനുകളിൽ വചനം, ബൈബിൾ എപ്പോഴും കൂടെ, പക്ഷേ വചനം ഗ്രഹിച്ചറിയുന്നില്ല.

**വചനം ഗ്രഹിച്ചറിയണം**
**അപ്പൊ.പ്രവ.8:31**
**വചനം തിരിച്ചറിയണം**
**ലൂക്കോ.24:25**
**വചനം രുചിച്ചറിയണം**
**സങ്കീ.19:10.**

*2. പാറസ്ഥലത്ത് വീണ വിത്ത് :*

വചനം കേട്ടു, കൈകൊണ്ടു, വേരില്ലാത്തതുകൊണ്ട് ഉണങ്ങിപ്പോയി. കൊലോസ്യ ലേഖനം 2:6,7 വാക്യ ക്രിസ്തുവിൽ നാം വേര് ഊന്നുന്നതിന്റെ ആവശ്യകത പറയുന്നു. നിസാരകാര്യങ്ങളിൽ ചിലർ തൊട്ടാവാടി തളരുന്നതുപോലെ തളർന്നു പോകാറുണ്ട്. അവർ വചനത്തിൽ വേരൂന്നട്ടെ.


*3. മുള്ളിനിടയിൽ വീണ വിത്ത്*

ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയിലും കുടുങ്ങി ഞെരുക്കി കളയുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലകാരണമല്ലോ. നമ്മുടെ ചിന്ത എപ്പോഴും ഉയരത്തിലുള്ളതാകട്ടെ. നമ്മുടെ നിക്ഷേപം സ്വർഗ്ഗത്തിലാകട്ടെ.

*4. നല്ല നിലത്ത് വീണ വിത്ത് :*

നല്ല ഫലം പുറപ്പെടുവിക്കുന്നു. കാറ്റിലും വൻമഴയിലും തളരാതെ നിത്യരാജ്യത്തിൽ പ്രവേശിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ!

# What has Final Authority in Your Life



Shriya Saju

Bible Says “The heart is deceitful above all things and it exceedingly corrupt. Who can know it “ (Jeremiah 17:6)
Our fundamental question in life stands above all others. What will have the final authority in your life ? God allows you to make the decision. He is given us free will.
Where will you look to determine your values ?

1. Myself :- We can depend on our gut to tell us what to do. But there is a problem with that. Study after study reveals that our perceptions are more likely to be wrong than right. In fact, sometimes we lie to ourselves. In Jeremiah 17:9 “The human is deceitful above all and it is exceedingly corrupt. Who can know it ?”

2. The World :- We can depend on what other people think to determine our values. The problem is, the world often values the wrong things. For instance, the world emphasizes beauty over character (or) tells us to pursue whatever feels good (or) declares that whoever has most possessions wins. We're bombarded with these worldly values through all sorts of media – so much so that it's easy to start thinking God put us on this planet to look good, feel good and get stuff. But that couldn't be further from the truth.

3. God's World :- God's world is objective and truthful, as opposed to our own perceptions (or) the world's opinions. God's world says if you continue to accept…you will know the truth, and truth will make you free (John 8:31-32).
After reading this which one will you choose to be the final authority in your life ?

No matter what people say, God is for you:-

“The lord is with me, so I will not be afraid. No one on earth can do anything to harm me” (Psalms 118:6)

If you try to do anything of value in life, no tellers will come your way. They might ridicule you, spread rumors about you, (or) even threate you. But don't focus on the no-tellers. Don't focus on your problem. Focus on God and His promises. Become a promise person.

In 1 Samuel 30:6, the Bible tells us above David's reaction to one instance of criticism: “All men in the army were sad and angry because their sons and daughters were taken prisoners. The men were talk about killing David with stones. This upset David very much, but he found strength in the Lord hid God”.

When a no-teller comes your way, don't head to a co-worker, (or) a friend to gossip. Find strength in the Lord. Pray “Lord, I know you love me, I know you have a plan for my life. I'm going to trust you”.

People can dislike you and it won't harm you. You don't need anyone's approval to be happy. You're as happy as you choose to be. The Lord is for you. You don't have to be afraid. People have their opinions. So what ?

Davis Writes in psalms 119:11 “I have banked your promises in the vault of my heart”.

That's what you need to do. Stop storing up in your mind all the negativity that comes your way. Instead, bank on the promise of God and trust that He will do exactly what he says, He will do.

# പ്രസിദ്ധിയുടെ പുനർജന്മം

പുലരിയുടെ ചാരുതയ്ക്ക് മാറ്റു കൂട്ടുന്ന ഉദയ സൂര്യന്റെ പൊൻവെളിച്ചക്കീറുകൾ ജീർണ്ണിച്ച ജനാല വിരിയെ ഭേദിച്ച് മുഖത്തു പതിച്ചപ്പോൾ അയാൾക്കു അസ്വസ്ഥതയാണു തോന്നിയത്. കാലപ്പഴക്കം കൊണ്ട് നൂൽകണ്ണികൾ അവിടവിടെയായി അറ്റുപോയ പുതപ്പ് മുഖത്തേക്കു ആവരണം ചെയ്തപ്പോൾ, ചെറു ചിരി ഉള്ളിൽ മുളപൊട്ടി, ഒന്നിനെയെങ്കിലും തനിക്ക് തോൽപ്പിക്കാൻ കഴിഞ്ഞുവെന്ന ആഹ്ലാദം.

നിദ്രയുടെ ആലസ്യത്തിൽ നിന്നും വിമുക്തി നേടാൻ ആഗ്രഹിച്ചെങ്കിലും, ധൃതിപിടിച്ചു എഴുന്നേറ്റിട്ട് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലല്ലോ എന്ന ചിന്ത ആ ആഗ്രഹത്തെ പിന്തിരിപ്പിച്ചു.

ഉറക്കത്തിലേക്ക് അൽപ്പമായി പിന്നേയും വഴുതിയപ്പോഴാണ് ആരോ കതകിൽ മുട്ടുന്ന ശബ്ദം കേട്ടത്, സന്തത സഹചാരിയായ ഊന്നുവടിയുടെ സഹായത്തോടെ, നിദ്രാഭംഗം വരുത്തിയതിലുള്ള നീരസത്തോടെയാണ് കതകു തുറന്നത്. ചിരകാലമായി പൊട്ടികിടന്ന സുഹൃദ്ബന്ധം പുനർബന്ധിപ്പിക്കുന്ന ആ അനർഘ നിമിഷത്തിൽ നീരസമെല്ലാം പോയ് മറഞ്ഞു.

ആഗമനോദ്ദേശം മുഖവുര കൂടാതെ തന്നെ അറിയിച്ചു. അദ്ദേഹം 'സ്വന്തമായി ഒരു മാസിക പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു, അതിലേക്ക് ഒരു കഥ എഴുതിത്തരണം, കുറെ പേജുകൾ ബാക്കിയുണ്ട്' വികൃതമായൊരു ചിരിയെ തുടർന്നു 'ശ്രമിക്കാം' എന്നൊരു വാക്കിൽ മറുപടി ഒതുക്കി.

പിന്നീടുള്ള നിമിഷങ്ങൾ മനസ്സിനിൽ ഒരു മൽപ്പിടിത്തം നടക്കുകയായിരുന്നു. 'കഴിഞ്ഞ ചില വർഷക്കാലമായി തന്റെ തൂലിക മാറാല പിടിച്ചു കിടക്കുകയാണ്.' ഇനി ഒരിക്കലും അത് ചലിപ്പിക്കരുതെന്ന് കഴിഞ്ഞ നിമിഷംവരെയും ശഠിച്ചിരുന്നു. എന്നാൽ തീരുമാനത്തിന് മാറ്റം വരുത്താം എന്നു തീരുമാനിച്ചാൽ തന്നെയും കഥാതന്തു ഒന്നും ഇല്ലാതെ എന്തു കഥയാണ് എഴുതുന്നത്.

തന്റെ ആത്മസുഹൃത്തിനെ നിരാശപ്പെടുത്തമോ. കലാലയ ജീവിതത്തിൽ വച്ചു തന്നെ, തന്റെ ഉള്ളിൽ ഒളിഞ്ഞുകിടന്നിരുന്ന കലാകാരനെ തട്ടിയുണർത്തി എഴുതുവാനുള്ള പ്രേരണയും പ്രചോദനവും പകർന്നു തന്ന് തന്നെ ഈ വഴിയിലേക്കു കൈപിടിച്ചു നടത്തിയ വ്യക്തിയാണല്ലോ അദ്ദേഹം. പ്രചുര പ്രചാരം നേടിക്കഴിഞ്ഞ പത്രപ്രസ്ഥാനത്തിലെ അഗ്രഗണ്യരിൽ ഒരാൾ, ഇന്ന് മറ്റൊരു പത്രപ്രസ്ഥാത്തിന്റെ ഉടമസ്ഥൻ കൂടിയായി. അദ്ദേഹത്തിന്റെ കാൽച്ചുവടുകൾ എല്ലാം വിജയത്തിലേക്കും, തന്റെ എതിർ ദിശയിലേക്കും ആയിരുന്നല്ലോ. ഏതായാലും കൊടുത്ത വാക്കിനെ മാനിച്ച് ഒരിക്കൽ കൂടി ശ്രമിക്കാം.

അങ്ങനെ അയാൾ കഥാ തന്തുകൂടാതെ തന്നെ എഴുതിത്തുടങ്ങി. സ്വന്ത ജീവിതകഥ യാതൊരു പൊടിപ്പും തൊങ്ങലും ചേർക്കാതെ പേപ്പറിൽ പകർത്തിവെച്ചു. കഴിഞ്ഞ ആറു ദശകത്തിലെ അനുഭവങ്ങൾ-കടന്നുപോയ വഴികൾ-ഉയർച്ചയുടെ പടവുകൾ ചവിട്ടിക്കയറിയപ്പോൾ പിതാവിനെ മറന്ന മക്കൾ-സുഖസമൃദ്ധിയുടെ അക്കരപച്ച കണ്ട് കണ്ണു മയങ്ങി ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരു ജീവിതം തേടിപ്പോയ ഭാര്യ-പ്രസിദ്ധിയിലേക്കുള്ള കോണിപ്പടികളിൽ നി ന്നും കാൽവഴുതി കയത്തിലേക്കു പതിച്ച ഒരു കലാകാരന്റെ കഥന കഥ!!!

അക്കൊല്ലത്തെ ഏറ്റവും നല്ല കഥക്കുള്ള പുരസ്ക്കാരം നേടിയ കഥ അയാളുടേതായിരുന്നു. അത് അയാളുടെ പ്രസിദ്ധിയുടെ പുനർജന്മമായിരുന്നു.

***കഥാസാരം: ഉള്ള അവസ്ഥ അതേ പടി ദൈവസന്നിധിയിൽ സമർപ്പിച്ചാൽ അനുഗ്രഹം സുനിശ്ചിതമാണ്.***



**പാസ്റ്റർ സഖറിയാ എബ്രഹാം**
**ദുബായ്**

# ഉത്തരേന്ത്യൻ മരുഭൂമിയിലൂടെ



**ഷൈമോൾ ബിജുമോൻ**

സുവിശേഷ ദൗത്യവുമായി രാജസ്ഥാന്റെ മണ്ണിൽ കുടുംബമായി എത്തിയ എനിക്ക് ഏറ്റവും പ്രജോദനമായത് നേറ്റീവ് മിഷണറി മൂവ്മെന്റ് സ്ഥാപകനായ ഡോ. തോമസ് മാത്യൂസ് എന്ന കർത്തൃദാസന്റെ ജീവചരിത്രമാണ്. വ്യക്തമായ ദർശനത്തോടെ സുവിശേഷ വേലയ്ക്ക് ഇറങ്ങുന്നവരെ ചരിത്രത്തിന്റെ ഭാഗമാക്കാൻ ദൈവത്തിന് കഴിയുമെന്ന് ഈ ദൈവഭക്തന്റെ ജീവിതത്തിലൂടെ എനിക്ക് മനസിലായി. ഞായറാഴ്ച സഭാരാധനയിൽ ആയിരക്കണക്കിന് വിശ്വാസികൾ നൃത്തംചെയ്ത് ദൈവത്തെ ആരാധിക്കുന്നത്, കർത്തൃദാസന്റെ ദൈവീക ദർശനങ്ങളുടെ പൂർത്തീകരണം എന്ന് മനസിലാക്കി ദൈവത്തെ സ്തുതിച്ചു. പ്രിയപ്പെട്ട ദൈവഭക്തന്റെ ജീവിതം തദ്ദേശിയാരായ കുടുംബങ്ങളെ ശക്തമായി സ്വാധീനിക്കുവാൻ ഇടയായിട്ടുണ്ട്. തന്റെ പ്രഭാത സവാരിക്കിടയിൽ ചില ഭവനങ്ങൾ സന്ദർശിച്ചത് അവരുടെ വിടുതലിനും അനുഗ്രഹത്തിനും കാരണമായി തീർന്നത് അറിയുവാൻ ഇടയായി.

കിഴക്കൻ മലയോര പട്ടണമായ പുനലൂരിൽ, ഇളംബശ്ശേരിൽ തോമാച്ചൻ മറിയാമ്മ ദമ്പതികളുടെ നാലു വർഷത്തെ കാത്തിരിപ്പിനുശേഷം വാഗ്ദത്ത സന്തതിയായി 1944 ഫെബ്രുവരി 7 -ാം തീയതി ജോയി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഡോ. തോമസ് മാത്യൂസ് ജനിച്ചു. മാതാപിതാക്കൾ ദൈവവേലക്കായി തന്നെ സമർപ്പിച്ചിരുന്നു എങ്കിലും പഠനത്തിൽ മിടുക്കനായിരുന്ന ജോയി ആ കാഴ്ചപ്പാടിൽനിന്നും മാറി സഞ്ചരിച്ചു. ജോയിയുടെ സമർപ്പണത്തിനായി മാതാപിതാക്കൾ ദിനരാത്രങ്ങൾ കണ്ണീരോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മറുതലിച്ചു നിന്ന ജോയിയെ ഒരു നാൾ ദൈവം സന്ദർശിച്ചു. അതിശക്തമായ അടിയൊഴുക്കുള്ള നദിയിലേക്ക് താണുപോയ താൻ എല്ലാം അവസാനിക്കുന്നു എന്ന അവസ്ഥ എത്തിയപ്പോൾ അമ്മയുടെ വാക്കുകൾ ഓർത്തു. ' മോനേ ഞാൻ നിനക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കും. ദൈവം നിന്നെ പിടിക്കും'. മരണത്തെ മുഖാമുഖം കണ്ട താൻ ഉറക്കെ ദൈവത്തോട് ജീവരക്ഷയ്ക്കായി നിലവിളിച്ചു. 'എന്റെ ദൈവമേ! എന്നെ രക്ഷിക്കണമേ, അങ്ങയോടു ഞാൻ മത്സരിച്ചു. മരണത്തിൽ നിന്നും എന്നെ വിടുവിച്ചാൽ ഞാൻ അങ്ങയുടെ വേല ചെയ്യും'. തന്റെ തെറ്റുകളെ ഏറ്റുപറഞ്ഞ് ദൈവവേലക്കായി സമർപ്പിച്ചു. ആ നിമിഷം, വെള്ളം കുടിച്ചു വയർ വീർത്ത ജോയിയെ കുരങ്ങാട്ടു ബേബിച്ചൻ എന്ന ചെറുപ്പകാരൻ നദിയിൽ നിന്നും പുറത്തു കൊണ്ടുവന്നു. കരയിൽ വച്ച് സുവിശേഷ വേലയ്ക്ക് പോകുന്നതിനായി താൻ തീരുമാനമെടുത്തു. ഉത്തരേന്ത്യൻ സുവിശേഷീകരണം മനസിലേറ്റിയ



*ഡോ.തോമസ് മാത്യൂസ് & മേരി മാത്യൂസ്*

***ഡോ.തോമസ് മാത്യൂസ് എന്ന കർത്തൃദാസന്റെ ജീവചരിത്രം ചിലർക്കെങ്കിലും പരിചിതമായിരിയ്ക്കും. എന്നാൽ മറ്റുള്ളവരുടെ അറിവിലേക്കായും അവരുടെ ആദ്ധ്യാത്മിക ഉണർവിനു വഴി തെളിക്കട്ടെ എന്ന പ്രാർത്ഥനയോടെയും ഇത് എഴുതുന്നു.***

ജോയി, സുവിശേഷീകരണത്തിനു ഏറ്റവും കഠിനം എന്ന് അറിയപ്പെട്ടിരുന്ന സംസ്ഥാനമായ രാജസ്ഥാനിൽ പോകുവാൻ തീരുമാനിച്ചു.

പാസ്റ്റർ പി എം ഫിലിപ്പിന്റെ കീഴിൽ വടവാതൂർ ശാലേം ബൈബിൾ കോളേജിൽ വേദപഠനം പൂർത്തിയാക്കി സുവിശേഷ ദൗത്യവുമായി ഉത്തരഭാരതത്തിലേക്ക് കർത്തൃദാസൻ തോമസ് മാത്യൂസ് യാത്ര തിരിച്ചു. ഡൽഹിയിൽ എത്തിയ താൻ പാസ്റ്റർ ചാക്കോച്ചനോടൊപ്പം ചില ദിവസങ്ങൾ താമസിച്ച് ഹിന്ദി സംസാരിക്കുവാൻ പഠിച്ചു. ശേഷം 1963 ഏപ്രിൽ 27 ന്, അരാവലി മലനിരക്കുകളുടെ താഴ്‌വാരത്തിൽ മനോഹരമായ തടാകങ്ങളോടുകൂടിയ ഉദൈപൂരിലെത്തി. കെ. വി ഫിലിപ്പ് എന്ന ദൈവഭക്തന്റെ ഭവനത്തിൽ താൻ പാർക്കുവാനിടയായി. എന്ത് പ്രതികൂലം വന്നാലും കർത്താവിനുവേണ്ടി ആത്മാക്കളെ നേടണം എന്നതായിരുന്നു തന്റെ സ്വപ്നം. കഠിനമായ ചൂട്, ശൈത്യം, പട്ടിണി വിവധങ്ങളായ പ്രതികൂലങ്ങളുടെ മദ്ധ്യേ താൻ കർത്താവിനുവേണ്ടി അദ്ധ്വാനിച്ചു.

വളരെ സമർപ്പണമുള്ളതും അനേകർക്ക് ആശ്വാസം പകരുന്നതും, ഊഷ്മളമായി പുഞ്ചിരിക്ക് ഉടമയുമായ മേരി എന്ന ദൈവദാസിയെ തനിക്ക് ജീവിത പങ്കാളിയായി ലഭിച്ചു.

*(തുടരും)*



# ഭാരത സുവിശേഷകരുടെ ശബ്ദം

*സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...*

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം... 6



**പാസ്റ്റർ സുജിത്ത് പി. ജോസഫ് ഡൽഹി**

തിരുവെഴുത്ത് പറയുന്നു, 'എന്റെ വായിൽ നിന്ന് പുറപ്പെടുന്ന എന്റെ വചനം ആയിരിയ്ക്കും......ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും'.

ഒരു വ്യക്തിയെ ദൈവം തിരഞ്ഞെടുക്കണമെങ്കിൽ ബാല്യം എന്നോ യൗവ്വനം എന്നോ വാർദ്ധക്യം എന്നോ ഇല്ലായെന്ന് ഈ ദൈവദാസനെ പരിചയപ്പെട്ടു കഴിയുമ്പോൾ നമുക്ക് മനസ്സിലാകും. മറ്റൊരു മതപശ്ചാത്തലത്തിൽ ജനിച്ചു തന്റെ ബാല്യത്തിൽ ഭവനത്തിന്റെ അടുത്തുള്ള ഒരു പെന്തെക്കോസ്തു കൂട്ടായ്മയിൽ സൺഡേസ്ക്കൂൾ പഠിച്ചു, യേശുവിനെക്കുറിച്ച് അറിയുവാനും യേശുവിലുള്ള വിശ്വാസം ഹൃദയത്തിൽ ഉടലെടുക്കുവാനും ഇടയായി. എന്നാൽ കേൾക്കപ്പെട്ട ദൈവവചനം തന്റെ ഹൃദയത്തെ രൂപാന്തരപ്പെടുത്തി കൊണ്ടിരുന്നു. 25-ാമത്തെ വയസ്സിൽ പൂനെയിൽ വെച്ച് യേശുവിനെ രക്ഷകനായി സ്വീകരിക്കുവാനും 2001 ഏപ്രിൽ 22 ന് വിശ്വാസ സ്നാനം ഏൽക്കുവാനും ദൈവം കൃപ നൽകിയ കേരളത്തിലെ ആലപ്പുഴ ജില്ലയിലെ മാന്നാറിൽ മേൽപ്പാടം സ്വദേശി പാസ്റ്റർ സന്തോഷ് സി.വിയെ പരിചയപ്പെടുത്തുന്നതിൽ വളരെ സന്തോഷമുണ്ട്.



*പാസ്റ്റർ സി.വി. സന്തോഷ്, ഭാര്യ-റിനു ജോൺ, മകൾ-ഹെവൻലി കെ. സന്തോഷ്*

വിളിയും തിരഞ്ഞെടുപ്പും തിരിച്ചറിഞ്ഞു ദൈവവേലയ്ക്കായി സമർപ്പിച്ചു. നാല് വർഷം കുമ്പനാട് ഇന്ത്യ ബൈബിൾ കോളേജിൽ ദൈവവചനം പഠിച്ചു, ഉത്തരഭാരതത്തിലേക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞുകൊണ്ട് തന്റെ ഹൃദയത്തെ അതിനായി ഒരുക്കി. 2007-ൽ വിവാഹിതനായതിനുശേഷം ദൈവത്തിന്റെ ആത്മാവ് ഉത്തരഭാരതത്തിലെ ശുശ്രൂഷകളെക്കുറിച്ച് തന്നെ ശക്തമായി ഉദ്യമിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ 2007 നവംബറിൽ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണികൊണ്ട് സകലതും വിട്ട് ഉത്തരഭാരതത്തിലേക്ക് യാത്ര തിരിച്ചു. അവിടെ തങ്ങളെ കാത്തിരുന്നത് വളരെ പ്രതികൂലങ്ങളായിരുന്നുവെന്ന് ഹരിയാനയിലെ സോനിപ്പത്തിൽ എത്തിയപ്പോൾ ആണ് തിരിച്ചറിഞ്ഞത്. ചില മാസങ്ങളെ അവിടെ പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളൂ എങ്കിലും വളരെ പ്രതിസന്ധികളും പ്രതികൂലങ്ങളും തങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. തുടർന്ന് ദൈവം അവരുടെ മുഖത്തെ ആദരിച്ചു. ഡൽഹി കിംഗ്സ് വേ ക്യാംമ്പിലുള്ള ഐപിസി എൻ ആർ ചർച്ചിൽ എട്ടു വർഷം ശുശ്രൂഷിപ്പാൻ കർത്താവ് അവരെ സഹായിച്ചു. ചെറിയ സഭ ആയിരുന്നു എങ്കിലും ദൈവം സഭയെ മാനിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു. 2016 -ൽ അവിടെ നിന്ന് ഡൽഹിയിൽ തന്നെ ഹരിനഗർ ഐപിസിയിലേക്ക് മാറ്റമായി. ഇതും ഒരു ചെറിയ സഭയാണ്. മലയാളികളും ഹിന്ദിക്കാരുമായ ഒരു ചെറിയ കൂട്ടം ആരാധനയ്ക്ക് കടന്നു വരുന്നു. എങ്കിലും ആത്മാക്കളെക്കുറിച്ച് ആത്മഭാരം ഉള്ളതുകൊണ്ട് ഡൽഹിയിലും അതിനോടുചേർന്ന ഹരിയാന, ഉത്തർപ്രദേശ് എന്നീ സ്ഥലങ്ങളിൽ കടന്നുപോയി ട്രാക്റ്റ് വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനം തികച്ചും തന്റെ സ്വന്തം ചിലവിൽ ആണ് നടത്തുന്നത്. ഇത്രത്തോളം ദൈവം ഇവരെ നടത്തി. ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുമല്ലോ.

പാസ്റ്റർ സി.വി.സന്തോഷ്, ഭാര്യ റിനു ജോൺ, മകൾ ഹെവൻലി കെ.സന്തോഷ്. ഈ കർത്താവിന്റെ ദാസനേയും കുടുംബത്തേയും ഓർത്തു പ്രാർത്ഥിക്കുക. ഇതുവരെ തന്ന എല്ലാ പ്രാർത്ഥനാ പ്രോത്സാഹനങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് പ്രത്യാശ നൽകിയ ദൈവം നമ്മെ സൂക്ഷിച്ചുകാക്കട്ടെ എന്ന പ്രാർത്ഥനയോടെ വിരാമം കുറിക്കുന്നു.

# No man-made proof can outweigh an experience with God



**Jeeson C.T**

We all have had hard times defending our Faith in God. We face a lot of questions regarding the validity of our belief in God. In fact, this is the question that the world's leading scientists and physicists are all trying to find an answer for. Does God exist? And frankly saying a majority of Christians struggle to make it clear to themselves and others, about why they choose to believe in the existence of a God, unknown to many others. Some facts and theorems that are brought about by the great minds and atheists are sometimes so hard to disagree with.

How than can we be sure of our faith in God. The answer is - experience. Of course they have proofs, argumentative statements that seem almost succinct in a manner. But the most satisfying answer that a Christian can provide to a skeptic or his/her own doubtful mind, is that experience he/she has had with God. That void of doubt in your mind about the unseen Creator and His existence can only be filled by an experience with Him. Yes, there are theological answers and proofs to support the claim, and they are very convincing. But no such theoretical answer, however good it maybe, is even close to satisfying or reassuring as the experience that God is ready to offer. That one moment, can assure you of all that you only had heard about Him till then. A glimpse of His glory and majesty is so beautiful, that you wouldn't ever want to leave His side. You will start valuing His presence more, with each new interaction with Him. God will become that inevitable person in your life.

There is this common error I find in people's mindset these days. They crave to know God through certain sermons and books and just that. They don't feel the need of an experience, because they think a sermon or a book can give you a clear picture of who God is. Yes, you will definitely get a clear idea. But shouldn't we be longing for something more than just a clear picture. We say, to us He is a Father, and to Him we are children. Then why limit the getting-to-know-Him process to mere words and letters. Long for a relationship with Him, where you can feel His love than just hear or read about it.

Long to experience that peace He said He'll offer. Be desperate for His affection. Crave for His presence. And once you have had that glorious moment of experiencing Him, the doubts and questions will vanish. What will now fill your heart is not going to be questions, but unexplainable peace and unimaginable love which will lead you constantly to Him who is the source of it all. No human having had an experience as such, will ever be with doubts, but will have found the answers in God, which is how it is supposed to be.

# ദൈവവചനത്തിലെ വാതിലുകൾ



ബിജു വർഗീസ്, അഹമ്മദാബാദ്

ദൈവവചനത്തിലെ വാതിലുകൾ – ദൈവവചനത്തിൽ അനേക വാതിലുകളെക്കുറിച്ചു കാണാൻ കഴിയും. ദൈവം തുറന്ന വാതിലുകളും ദൈവം അടയ്ക്കുന്ന വാതിലുകളും. കൂടാതെ നാം തുറന്നു കൊടുക്കേണ്ടതായ വാതിലുകളും തിരുവചനത്തിൽ ദർശിക്കാം.

## *1. ദൈവം തുറന്നു തരുന്ന വാതിലുകൾ*

യെശ.45:1 – ൽ പാർസി രാജാവായ കോരശിന് മുമ്പിൽ യെരുശലേം ദേവാലയം പണിയപ്പെട്ടതിനോടുള്ള ബന്ധത്തിൽ വാതിലുകൾ ദൈവം തുറന്നു കൊടുക്കുന്നതായി കാണുന്നു. ജാതികളെ കീഴടക്കി രാജാക്കന്മാരുടെ അരക്കച്ചകളെ അഴിച്ചതും വാതിലുകൾ അടയാതിരുന്നതും ദൈവം അവന്റെ വലം കൈയ്ക്കു പിടിച്ചിരുന്നതുകൊണ്ടാണ്. പാട്ടുകാരൻ പറയുന്നു...
‘എൻ പ്രിയൻ വലങ്കരത്തിൽ
പിടിച്ചെന്നെ നടത്തിടുന്നു
ദിനംതോറും
സന്തോഷവേളയിൽ
സന്താപവേളയിൽ
എന്നെകൈവിടാതെ അനന്യനായ്‘....

പുതിയ നിയമത്തിലും നമുക്ക് ദൈവം തുറന്നു കൊടുത്ത വാതിലുകൾ കാണാൻ കഴിയും. ‘അവൻ ഒന്നാം കാവലും രണ്ടാമത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന ഇരിമ്പു വാതിൽക്കൽ എത്തി. അതു അവർക്കു സ്വതവേ തുറന്നു; അവർ പുറത്തിറങ്ങി ഒരു തെരുവു കടന്നു; ഉടനെ ദൂതൻ അവനെ വിട്ടുപോയി‘ – അപ്പൊ. പ്രവ. 12:10. ദൈവജനത്തിന്റെ പ്രാർത്ഥനയിൽ പത്രോസിനുവേണ്ടി സ്വതവേ തുറന്ന പട്ടണവാതിൽ. വാതിൽ പൂട്ടി താക്കോൽ കാരാഗൃഹപ്രമാണിയുടെ കൈവശം സൂക്ഷിച്ചിരുന്നപ്പോഴും പത്രോസുപോലും അറിയാതെ വാതിൽ ദൈവം തുറന്നു കൊടുത്തു.

‘ഞാൻ ദാവീദുഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വയ്ക്കും; അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല; അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല‘ (യെശ.22:22). ‘ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ‘ (വെളി.3:8). നമുക്ക് തുറക്കുവാൻ കഴിയാത്തത് അവൻ തുറന്നു തരും. നാം നമുക്കുവേണ്ടി തുറക്കപ്പെടുന്ന വാതിലുകൾ അടയപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കണം.

## *2. ദൈവം അടയ്ക്കുന്ന വാതിൽ*

ദൈവമായ യഹോവയാണ് നോഹയുടെ പെട്ടകത്തിന്റെ വാതിൽ അടച്ചത് (ഉൽ.7:16). അതുകൊണ്ട് മഴയും കാറ്റും വെള്ളപ്പൊക്കവും ഉണ്ടായപ്പോൾ അവർ സുരക്ഷിതരായിരുന്നു. പെട്ടകത്തിനകത്ത് ആക്കിയ ദൈവം വാതിലടയ്ക്കുവോളം കാത്തിരിക്കണം. ഒരുപക്ഷേ ദീർഘനാളുകൾ എടുത്തേക്കാം. എന്നാൽ പുറത്തിറങ്ങുവാൻ ദൈവം നോഹയോട് പറയുന്നതുവരെ പെട്ടകത്തിനകത്ത് നോഹയേയും കുടുംബത്തേയും ദൈവം അടച്ചു സൂക്ഷിച്ചു. ദൈവം അരുളിച്ചെയ്തപ്പോൾ നോഹയും കുടുംബവും പുറത്തിറങ്ങി (ഉൽ. 8:15,16).

ലോത്തിനേയും കുടുംബത്തേയും രക്ഷിച്ച ദൈവപ്രവൃത്തിയും വിഭിന്നമല്ല. ദൈവം അയച്ച രണ്ട് ദൂതന്മാർക്ക് ലോത്ത് അഭയം നൽകി. അവരെ ആക്രമിക്കുവാൻ വന്നവരെ ലോത്ത് തടയുവാൻ തുനിഞ്ഞപ്പോൾ അവർ ലോത്തിനേയും ആക്രമിക്കുവാൻ തുടങ്ങിയപ്പോൾ ദൂതന്മാർ കൈ പുറത്തേക്ക് നീട്ടി ലോത്തിനെ തങ്ങളുടെ അടുക്കൽ അകത്തു കയറ്റി വാതിൽ അടച്ചു(ഉൽ.19:10).

അയതിനാൽ ചില വാതിലുകൾ അടയപ്പെടുന്നത് നമ്മുടെ സുരക്ഷിതത്വത്തിനും രക്ഷയ്ക്കുമാണ് എന്ന് ദൈവജനം തിരിച്ചറിയണം.

## *3. നാം തുറക്കേണ്ടുന്ന വാതിൽ :*

അടയാളങ്ങളുടെ ആരംഭമായി യേശു ചെയ്തത് ഒരു വീട്ടിലെ കല്ല്യാണത്തിനുണ്ടായ പോരായ്മ അല്ലെങ്കിൽ കുറവ് പരിഹരിച്ചു എന്നതാണ് (യോഹ.2:1–11). യേശുവിനുവേണ്ടി ആ വീടിന്റെ വാതിൽ അവർ സന്തോഷത്തോടെ തുറന്നു കൊടുത്തതിനാലാണ് അത് സംഭവിച്ചത്. നമ്മുടെ ഭവനത്തിലും അടയാളങ്ങളുടെ ആരംഭം കുറിക്കുവാൻ യേശു ആഗ്രഹിക്കുന്നു. നാം സന്തോഷത്തോടെ നമ്മുടെ ഭവനത്തിന്റെ വാതിൽ തുറന്നു കൊടുക്കണം.

കഫർന്നഹൂമിലെ ഒരു വീട്ടിൽ യേശു ഉണ്ടെന്നു ശ്രുതിയായി. വാതിൽക്കൽപോലും ഇടമില്ലാതെവണ്ണം ആളുകൾ തടിച്ചുകൂടി. ആ അവസരത്തിൽ ഒരു പക്ഷവാതക്കാരനെ നാലാൾ ചേർന്ന് ചുമന്നു കൊണ്ടുവന്നു. പുരുഷാരം നിമിത്തം യേശുവിനോട് സമീപിച്ചുകൂടായ്കയാൽ അവർ വീട്ടിന്റെ മേൽപുര പൊളിച്ചു തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കിവെച്ചു. അത്ഭുതകരമായി അവൻ സൗഖ്യം പ്രാപിച്ചു (മർ.2:1–5). നമ്മുടെ ഭവനം മറ്റുള്ളവർക്കുവേണ്ടിയും തുറന്നു കൊടുക്കാൻ നാം മനസ്സുള്ളവരാകണം.

ഏറ്റവും പ്രധാനമായത് നമ്മുടെ ഹൃദയകവാടം തുറന്നു കൊടുക്കണമെന്നതാണ്. ‘ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളി.3:20). ഇനിയും അനേകം വാതിലുകൾ ദൈവവചനത്തിൽ കാണുവാൻ കഴിയും. എല്ലാവരേയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ!

# A Race That Well Finished



John Paul

Out of the 14 Epistles the Apostle Paul wrote, three are Pastoral Epistles. 1st and 2nd Timothy, Titus are specially, written to edify the church regarding the ministerial functions in the church. Spiritual and Ethical characters that the ministers have to uphold are clearly mentioned. At the end of 2nd letter to Timothy, Paul writes about the revelation he got about his own end time. He declares that he is going to be poured out as a drink offering. Drink offering is very important among the Old Testament sacrifices. We can see that such offerings are highly pleasing to God. We read the rules and regulations of drink offerings in the book of Num. 15:1-7, In Philippians 4:17 Paul says that even if he has to pour out his blood as a drink offering in the exercise (Sacrifice & Service) of their faith, he will rejoice. In life and death both he set a good example to the whole Christianity. Before his death, he makes a declaration in which he mentioned 3 things which every believer has to uphold seriously.

*1.I have fought a good fight, in Ephesians 6:12 it is mentioned that our fight is not against the flesh and blood but against the rules, authorities, and powers of this dark world and the spiritual forces of evil in the heavenly realms. Again he writes about the weapons of his fight. The weapons are not that of the world but has divine power with high thinking that is against the knowledge of God and can be demolished(2nd Cori 10:4,5)*

***Now let us see on what all areas he had to fight.***

*1) We read about Pauls struggle to make his body subject to his spirit so that he should not become unworthy of himself after he preached the word of God.*

*2) To help any man stand perfect before God, Paul fought with the power of God that work within him (Col 1:28,29)*

*3) He fought in prayer for the church and the believers to be strong in their faith and lead a fruitful Christian life. In many occasions he had to wage war against the satanic forces that stood against his ministry during the missionary work.*

After that Paul says "I have finished my race, kept my faith". For a good ending there has to be a good start as a Christian. He remembers his past days and declares that he is the chief among sinners. But after his salvation he had a good start as a Christian. He gives all the praise honour and glory to the God for the salvation he obtained. After being saved the second stage is following Jesus Christ. Probably Paul is the only writer who boldly said "Follow me " as I follow Jesus Christ (1st Cori 11:1) for he was so sure of following Jesus in every steps and in the same spirit of him. Next stage is being appointed as an Ambassador for Christ. An ambassador has to keep the dignity and authority of the Person or Country he represents. Without following Christ, no one can be an Ambassador of Christ. Paul was the greatest ambassador for Christ the world has ever witnessed. This is because he kept his faith and ran a successful spiritual life till the end. For a good end of the spiritual life we need good start. Spiritual life of a person starts with repentance. Each and every believer has a race to run. Worldly race has a starting point. Every athlete irrespective of one's cast and creed or personal reputation has to come and stand before the starting point. In order to win the race, a good start without foul, keeping one's own track and focussing on the finishing line are important. Likewise to finish and win a spiritual race starting point and consistent run are very important. Any deliverance or good things received from the lord are not the starting point. These blessings from the Lord have to keep a person to the hearing of the word of God which may lead him to conviction that he is a sinner and he needs a saviour. The Holy Spirit leads him to repentance and he confesses by his mouth that Jesus Christ is his Lord and Saviour. There starts his spiritual life. And he has to continue the spiritual race by following the firm doctrines that given to us by Christ. It is a privilege of each and every believer to make a declaration at the end time as Paul did " I fought a good fight finished my race, kept my faith"

# The revelation of Jesus Christ: a spiritual interpretation of the book of Revelation



Pastor Wilson Cherian

*(Continued form last issue)*

Revelation 1:5 describes Jesus as the faithful witness, the firstborn of the dead, and the ruler of the kings of the earth. The term 'witness' here indicates martyrdom. Jesus remained faithful to the point of death. 'The firstborn of the dead' denotes Jesus takes the priority among those who will experience general resurrection at His second coming. In other words, it implies the resurrection of Jesus enables all who believe in him to experience resurrection in the future. In addition, ruler of the kings of the earth indicates that kings of this earth become subject to the resurrected king and Lord Jesus Christ. All the powerful ones who persecute the righteous today will stand condemned before the King of kings and the Lord of lords.

What does these mean to John the apostle? John who undergoes persecution and experiences exile on account of Word of God and testimony of Jesus (Revelation 1:9) during his spiritual experience of Holy Spirit (Revelation 1:10) witnesses this Revelation of Jesus. John's faithfulness to the Word of God and testimony of Jesus lands him in exile. Interesting to note that the term 'testimony' in Revelation 1:9 and the term 'witness' in Revelation 1:5 are translation of the same Greek word marturia (μαρτυρία) that means martyr. The translators translate one as witness and the other as testimony. This differentiates the death of Jesus and persecution of John respectively.

John suffers because he testifies about Jesus and confesses him as Lord and savior. In that context, the revelation of Jesus reveals his faithfulness to his Father to the point of death. Hebrews 12:2 states, he endured the cross, disregarding its shame. This reveals that life does not end with exile and death but the resurrection awaits the faithful. Eventually, this leads to the reward of the righteous but judgment of the wicked that includes the kings of this earth. The book of Revelation not only reveals who Jesus is but what he does for us. What has Jesus done for us?

Revelation 1:5–6 continues to describe, Jesus as one who loves us and freed us from our sins by his blood. In fact, Jesus not only restores our relationship but also elevates our position making us to be a kingdom and priests to serve his God and Father. What does that mean? John's suffering does not indicate end of his ministry. The salvation he received enables him to experience royalty and function as priest mediating between God and the people. To the world, the followers of Jesus appear as fools and lost ones but they have a significant role to play in this world by being ministers of the Lord.

What is Jesus going to do for us? The text describes Jesus as the one who is coming in the clouds; when every eye will see him, even those who pierced him (Revelation 1:7). The revelation of Jesus here informs the coming of our Lord, known as parousia. In addition, it describes the judgment he will execute. The oppressors will see the one they killed. Have you imagined of a dead person speaking? It is scary. It is even more when the murdered speaks to the murderer. When Jesus returns in glory and establish His throne of Judgment, he will no more speak as a lamb to be slaughtered but as the Lion of Judah.

A revelation of Jesus can change your life for eternity, for those who follow him in midst of persecution and suffering will be rewarded and attain eternal life. On the other hand, one who overlooks the revelation of Jesus Christ, rejects him, and persecute the followers of Jesus will face the judgment and experience eternal condemnation. Therefore, let not the suffering and persecution for Christ blind us, rather have a revelation of our resurrected Lord and Savior Jesus Christ.

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി 6

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

അങ്ങനെയെങ്കിൽ ഏദെൻ തോട്ടത്തിന്റെ സ്ഥാനം ഇന്നത്തെ ഇറാക്കിന്റെ ഭാഗങ്ങൾ മാത്രമല്ല, അറേബ്യയിലും പടർന്നു കിടന്നതായും ഊഹിക്കാം.

ഇന്നത്തെ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, ഇറാൻ, ഇറാക്ക്, അറേബ്യൻ രാജ്യങ്ങൾ, യിസ്രായേൽ, തുടങ്ങിയ മദ്ധ്യപൂർവ്വ പ്രദേശങ്ങളിൽ ഉള്ള ഭൂരിഭാഗവും ശേമ്യ സന്തതികളിൽ പെട്ടതാണെന്ന് കാണാം. പൊതുവെ അറബികളും, യിസ്രായേലും ശേമിന്റെ സന്തതി പരമ്പരകളായി കണക്കാക്കുന്നു.

മുകളിൽ നാം വിചിന്തനം ചെയ്തത് ഒരു പൊതുവായ അപഗ്രഥനം മാത്രമാണ്. തീർച്ചയായും ചില വ്യത്യാസങ്ങൾ സൂക്ഷ്മ പഠനത്തിൽ വീക്ഷിക്കാം. എതായാലും, ശേമ്യ, ഹാമ്യ, യാഫേത്യ സന്തതികൾ ആധുനിക ലോകത്തിലെ ആരൊക്കെയാണെന്ന് വീക്ഷിച്ച സ്ഥിതിക്ക് തന്റെ സന്തതി പരമ്പരകളെകുറിച്ച് നോഹ ചെയ്ത നാല് പ്രവചനങ്ങൾ എങ്ങനെ ചരിത്രാതീതകാലം തൊട്ട് നിറവേറിക്കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധിക്കാം.

***ഒന്നാമത്തെ പ്രവചനം, അതായത് ഹേമ്യ/കനാന്യ സന്തതികളുടെ അടിമത്വം***

നാം മുമ്പ് കണ്ട ഇൻഡോ-യുറോപ്യൻ വംശങ്ങൾക്കും ശേമ്യ വംശങ്ങൾക്കും, ഹാമ്യ സന്തതി പരമ്പരകൾ എന്നും ദാസവൃത്തി ചെയ്യുന്നവരായിരിക്കും എന്നതാണല്ലോ പ്രവചനം.

പഴയനിയമ ചരിത്രം തന്നെ എടുത്തു പഠിച്ചാൽ യിസ്രായേലിന്റെ ചുറ്റുമുള്ള അനേക കനാന്യ സന്തതി പരമ്പരകളിൽപ്പെട്ട രാഷ്ട്രങ്ങൾ യിസ്രായേലിനാൽ കീഴടക്കപ്പെട്ടിരുന്നവരായിരുന്നുവെന്നുകാണാം.

പ്രസ്തുത സ്ഥലങ്ങളിൽ നിന്നും ധാരാളം അടിമകൾ, യിസ്രായേലിൽ ഉണ്ടായിരുന്നു. അടിമളെ സംബന്ധിച്ച നിയമങ്ങൾ നാം മോശൈക പഞ്ചഗ്രന്ഥങ്ങളിൽ തന്നെ കാണുന്നു. ഇനിയും ലോകചരിത്രം ഇത്തരുണത്തിൽ വിചിന്തനം ചെയ്യാം.

ഹോമറിന്റെ എഴുത്തുകളിൽ, പുരാതന ഗ്രീക്കുകാർ (Indo-Eropean കൂട്ടത്തിലെ പ്രധാന ജാതികൾ) ഹേമ്യ വർഗ്ഗത്തിൽപ്പെട്ടവരെ കീഴടക്കി അടിമകളാക്കിയിരുന്നതായി രേഖകളുണ്ട്.

റോമൻ കാലയളവുകളിൽ, ഇതുപോലെതന്നെ അടിമത്വം നടന്നിരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിലും മറ്റും പാർത്തിരുന്ന ഹാമ്യ സന്തതിപരമ്പരയിൽപ്പെട്ടവരാണ് റോമൻ അടിമത്വം അനുഭവിച്ചത്. മദ്ധ്യകാലയളവുകളിൽ മദ്ധ്യപൂർവ്വ പ്രദേശത്തും അടിമത്വം നടമാടിയിരുന്നു.

ഏതാണ്ട് 15-ാം നൂറ്റാണ്ടുമുതലുള്ള ചരിത്രമെടുത്താൽ കുടിയേറ്റ കാലയളവുകളിൽ അടിമ കച്ചവടം ധാരാളം നടന്നിരുന്നതായി കാണാം. 1444 മുതൽ പോർട്ടുഗീസുകാർ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അടിമകളെ കൂട്ടമായി വാങ്ങി തങ്ങളുടെ കൃഷി സ്ഥലങ്ങളിലേക്ക്കൊണ്ടുപോയിരുന്നു. സ്പെയിനും അതെ പാത തുടർന്നു. ഹേമ്യ സന്തതികളായിരുന്ന ആഫ്രിക്കയിൽ നിന്നുമാണ് ഏറ്റവും അധികം അടിമകളെ കൈമാറ്റം ചെയ്തുകൊണ്ടിരുന്നത്. ആഫ്രിക്കൻ രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധങ്ങളിൽ ഏർപ്പെടുകയും, പരാജിതരാകുന്ന രാഷ്ട്രത്തെ ജനങ്ങളെ അടിമകളാക്കി വിൽക്കപ്പെടുകയും ചെയ്തുപോന്നു.

അറബി കച്ചവടക്കാർ ആഫ്രിക്കയിൽ നിന്നും അടിമകളെ വാങ്ങി, മദ്ധ്യപൂർവ്വ പ്രദേശങ്ങളിലും, ഇറാനിലും, വിനിമയം ചെയ്തുപോന്നു. ഇതിനു പുറകെ ഇംഗ്ലണ്ടും ആഫ്രിക്കയിൽനിന്നും മറ്റും അടിമകച്ചവടത്തിലേർപ്പെട്ടു.

അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തോടുകൂടെ, അടിമകച്ചവടത്തിന് ഒരു പുതുമുഖമുണ്ടായി. കുടിയേറ്റ ഭൂമിയിൽ കുടിയിറക്കുന്നതിനായി ആയിരമായിരം നീഗ്രോ വർഗ്ഗക്കാരെ ആഫ്രിക്കയിൽ നി ന്നും ഇറക്കുമതി ചെയ്തു. ആധുനിക അമേരിക്കൻ ജനതതികളുടെ ഭാഗമായി മാറിയ ഈ കറുത്ത ഹാമ്യ സന്തതികൾ ഇന്നും വെള്ള വർഗ്ഗക്കാരുടെ അധീനരായി ജോലി ചെയ്യുന്ന തൊഴിൽ വർഗ്ഗക്കാർ ആയിട്ടാണ് അറിയപ്പെടുന്നത്.



രാജൻ തോമസ്

ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാൽ, ആര്യന്മാരും അധീശ മനോഭാവം, ദ്രാവിഡന്മാർക്ക് എന്നും ഒരു പ്രശ്നമായിരുന്നു. ആധുനിക കാലത്തും ദ്രാവിഡ വർഗ്ഗക്കാർ പൊതുവെ പണിചെയ്യുന്ന വർഗ്ഗക്കരായി ഉത്തര ഭാരതത്തിൽ കുടിയേറി പാർത്തിരുന്നു.

(തുടരും)

# ചിന്താകുലങ്ങളിൽ നിന്നും വിടുതൽ ആവിശ്യമാണ്



പാസ്റ്റർ ബോസ് ബി വർഗീസ്

മനുഷ്യപ്രകൃതമായിത്തീർന്നിരിക്കുന്ന ഒരു സ്വഭാവമാണ് ഉത്കണ്ഠ എന്നത്. ആരോഗ്യം, സമ്പത്ത്, കുട്ടികളുടെ വിദ്യഭ്യാസം, ഭാവി, സ്വഭാവം, സമൂഹത്തിലുള്ള തങ്ങളുടെ അംഗീകാരം ഇങ്ങനെയുള്ള കാര്യങ്ങൾ ജീവിതത്തിൽ അനാവശ്യമായ ഉത്കണ്ഠയ്ക്ക് കാരണമായിത്തീരുകയാണ്.

ഇതു നിമിത്തം മനുഷ്യ സമൂഹം പലരോഗങ്ങളിലേക്കും വഴുതിവീണുകൊണ്ടിരിയ്ക്കുകയാണ്. ഇതിനൊരു മാറ്റം വന്നേ മതിയാകൂ. അത് യേശുവിലൂടെ മാത്രമേ സാദ്യമാകുകയുള്ളൂ.യേശു പറയുന്നു നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് (യോഹ.14:1).

ചിന്താകുലങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ ഇളകി മറിയുന്ന നിങ്ങളുടെ മനസ്സിനെ ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കുക. എന്നാൽ വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴുയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിയ്ക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

***ഇവിടെ രണ്ടു ഘടകങ്ങൾ കാണുവാൻ കഴിയും:***

1. ദൈവം ഉണ്ട് എന്ന് വിശ്വസിക്കണം
2. തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്ന് വിശ്വസിക്കണം

***1. ദൈവം ഉണ്ട് എന്ന് വിശ്വസിക്കണം:***

ആളത്വമുള്ളവനും, നിത്യനും, പരിശുദ്ധനും, നമുക്കുവേണ്ടി കരുതുന്നവനുമായ ഒരു ദൈവം ഉണ്ടെന്ന് നാം വശ്വസിക്കണം. അവനാണ് എന്റെ ജീവന്റെ ആധാരം. ആ കർത്താവിലാണ് ഞാൻ ജീവിക്കുകയും, ചരിക്കുകയും ചെയ്യുന്നത്. എന്റെ ആഗ്രഹത്തിന്റെ ഉറവിടം കർത്താവു മാത്രമാണ്. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട് എന്ന് കർത്താവ് അരുളിചെയ്തു (മത്താ.28:20).

ദൈവപൈതലേ നീ ഒരു അനർത്ഥവും ഭയപ്പെടരുത്, കാരണം ഞാൻ നിന്നോടുകൂടെയുണ്ട് എന്ന് കർത്താവ് അരുളിചെയ്തിട്ടുണ്ട്. ഞാൻ നിന്നോടു കൂടെയുണ്ട്; ഭ്രമിച്ചു നോക്കേണ്ടാ ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിയ്ക്കും, എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും (യെശ.41:10). അതുകൊണ്ട് ഭയപ്പെടുന്ന ഏതു നിമിഷവും ഓരോ ദൈവപൈതലും പറയുക ഞാൻ ഭയപ്പെടുകയില്ല, കാരണം ദൈവം എന്റെ കൂടെയുണ്ട്. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും എന്ന് പറഞ്ഞ യേശുവാണ് എന്റെ ആധാരം. അവനിൽ ആയിരിക്കുന്നിടത്തോളം ശത്രുവിന് എന്നെ ഭയപ്പെടുത്തുവാൻ കഴിയുകയില്ല.

***2. തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നുവെന്ന് വിശ്വസിക്കണം:***

നാം ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കുമ്പോൾ അവിടുന്ന് നമുക്ക് പ്രതിഫലം നൽകും എന്നു നാം വിശ്വസിക്കേണ്ടതാണ്. ദൈവത്തിന്റെ സന്തോഷവും സാന്നിദ്ധ്യവും തന്നെയാണ് നമുക്കുള്ള മഹാപ്രതിഫലം എന്നു നാം അറിഞ്ഞിരിക്കണം. ദൈവം നമ്മുടെ പരിചയും അതിമഹത്തായ പ്രതിഫലവും ആകുന്നു എന്ന് അബ്രഹാമിനോടു പറയുന്നത് ഉൽപ്പത്തി പുസ്തകം 15–ാം അദ്ധ്യായം 1–ാം വാക്യത്തിൽ കാണുവാൻ കഴിയും. ആ ദൈവം നമ്മെ കരുതുന്ന ദൈവമാണ്.

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ (1 പത്രോ.5:7) എന്നുവെച്ചാൽ നിങ്ങളുടെ ആരോഗ്യം, നിങ്ങളുടെ ആവശ്യങ്ങൾ, നിങ്ങളുടെ മക്കളുടെ ആവശ്യങ്ങൾ, അതെ നിങ്ങൾ ഏതു വിഷയത്തിൽ ഭാരപ്പെടുന്നുവോ അതിനായി അവൻ കരുതുന്നു.

കർത്താവ് കരുതുന്നു എങ്കിൽ നാം എന്തിന് ഭാരപ്പെടണം ? ഈ ഉറപ്പ് നിങ്ങളുടെ ജിവിതത്തിൽ ഉണ്ടോ? യഹോവ നിന്റെ ഇടയനാണോ? എങ്കിൽ നിന്റെ വിഷയത്തിന്മേൽ പരിഹാരം കർത്താവ് ഉണ്ടാക്കിതരും. ആരും നശിച്ചുപോകരുത് എന്നതാണ് ദൈവത്തിന്റെ ഹൃദയത്തിന്റെ വാഞ്ച. അതുകൊണ്ട് യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നത് ലോകത്തിനുവേണ്ടി അവനെ നൽകുവാനാണ്. ദൈവം തന്റെ പുത്രനെ പാപത്തിനു യാഗമായി ക്രൂശിൽ നൽകിയാണ് സ്നേഹം വെളിപ്പെടുത്തിയത്.

'നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു' (1 യോഹ.4:10). 'തന്റ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ.3:16) എന്നെഴുതിയിരിക്കുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തിപോലും നശിച്ചുപോകുവാൻ ദൈവം സമ്മതിക്കുകയില്ല. നാം പലപ്പോഴും ആകുല ചിന്തകളാൽ നട്ടം തിരിയുകയാണ്. സ്വന്തപുത്രനെ ആദരിയാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നൽകാതിരിക്കുമോ. സകലവും എന്നു പറയുമ്പോൾ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും അതിൽ ഉൾപ്പെടും.

വാക്കുപറഞ്ഞ കർത്താവിനോട് വിശ്വാസത്തോടുകൂടി ആവശ്യങ്ങൾ ചോദിക്കുക. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കേയും ഞാൻ ചെയ്തു തരും എന്ന് യേശു അരുളിചെയ്തിരിക്കുന്നു(യോഹ.14:14). ആ ദൈവത്തിൽ ആശ്രയം വെയ്ക്കുക. സകലത്തിനും ഉത്തരം ക്രിസ്തു.

യേശു കർത്താവേ എന്റെ എല്ലാ ഉത്കണ്ഠകളും വിഷാദ ചിന്തകളും അങ്ങയുടെമേൽ ഞാൻ ഇടുന്നു. പൂർണ്ണമായി എന്നെതന്നെ സമർപ്പിക്കുന്നു എന്ന് പ്രാർത്ഥിക്കുമ്പോൾ സകലത്തിന്റേയും ഉടയവനായ കർത്താവ് പ്രതിഫലം തന്ന് നിന്നെ മാനിക്കും. സ്നേഹത്തിലും അനുസരണത്തിലും തുടരുന്നതായിരിക്കണം നമ്മുടെ അനുഭവം.

# കാണാതെ പോയതിനെ തേടിവന്ന ഇടയൻ



ജിതിൻ ജോ എബ്രഹാം

ഒരു സന്ധ്യാ സമയം തിരമാലകൾ അലതല്ലുന്ന കടൽ തീരം. അവിടെ ഒരു ബലൂൺ കച്ചവടക്കാരൻ തന്റെ ബലൂണുകൾ വിൽക്കുന്നു. പലപല കളറിൽ ഉള്ള ബലൂണുകൾ കുട്ടികൾ വന്നു മേടിച്ചുകൊണ്ടു പോകുന്നു. ആ ബലൂണുകൾ വളരെ ഉയരിത്തിൽ പറന്നു പോകുന്നു. ഈ സമയം ഇതെല്ലാം കണ്ടുകൊണ്ട് ഒരു കുട്ടി തൊട്ടപ്പുറത്ത് നിൽക്കുന്നുണ്ടായിരുന്നു. അവന് ഈ ബലൂണുകൾ മേടിച്ചു കൊടുക്കാൻ ആരുമില്ല. അവസാനം ഒരു കറുത്ത കളർ ബലൂൺ മാത്രം ശേഷിച്ചു. കച്ചവടക്കാരൻ ആ കുട്ടിയെ വിളിച്ചിട്ടു പറഞ്ഞു ഈ ബലൂൺ നീ എടുത്തോള്ളൂ. അപ്പോൾ ആ കുട്ടി ചോദിച്ചു കറുത്ത കളറുള്ള ബലൂണല്ലേ, ഇത് ഉയരത്തിൽ പറക്കുമോ ? ആ കച്ചവടക്കാരൻ പറഞ്ഞു കളറിൽ അല്ല കാര്യം, ഇതിൽ ഒരു ഹീലിയം എന്നൊരു വാതകം നിറച്ചിട്ടുണ്ട്. ആ വാതകമാണ് ഇതിനെ ഉയരത്തിൽ പറപ്പിക്കുന്നത്.

ഇതുപോലെയാണ് നമ്മൾ ഓരോരുത്തരും നമ്മുടെ കളറോ, കുടംബമഹിമയോ, വിദ്യാഭ്യാസമോ, പണമോ ഒന്നുമല്ല, നമ്മളിൽ നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ ആത്മാവ് ആണ് നമ്മെ മുന്നോട്ടു നടത്തുന്നത്. പുറമേ നമ്മൾ എത്ര അഭിനയിച്ചാലും ഒരിക്കൽ അത് തെളിഞ്ഞുവരും. കഴിഞ്ഞ 27 വർഷക്കാലം ദൈവം എന്നെ നടത്തിയത് എന്റെ കഴിവല്ല മറിച്ച് എന്റെ മാതാപിതാക്കളുടെ കണ്ണുനീർ ഒന്നുമാത്രമാണ്. ഒരുപാട് ഏറ്റകുറച്ചിലുകൾ ജീവിതത്തിൽ ഉണ്ടായി എങ്കിലും നിൽക്കുന്നത് സർവ്വശക്തനായ ദൈവത്തിന്റെ കരുണകൊണ്ടാണ്.

പിന്നോട്ടു നോക്കിയാൽ ഞാൻ ദൈവസന്നിധിയിൽ അഭിനയിക്കുകയായിരുന്നു പലപ്പോഴും. ചർച്ചിൽ പോകുന്നുണ്ട്, ഒരു മീറ്റിംഗും മുടക്കാറില്ല, മറ്റുള്ളവർ കാൺങ്കേ നല്ലതുപോലെ ആരാധിക്കുന്നുണ്ട്, പക്ഷേ എന്റെ ഉള്ളം അറിയുന്ന ദൈവം ഇതൊക്കെ കണ്ട് ചിരിക്കുന്നുണ്ടായിരിക്കണം. കാരണം രഹസ്യത്തിൽ പാപം ചെയ്തുകൊണ്ട് മറ്റുള്ളവരുടെ മുന്നിൽ ഞാൻ അഭിനയിക്കുകയായിരുന്നു.

ദൈവം എന്നെ തൂക്കി നോക്കിയപ്പോൾ ഞാൻ കുറവുള്ളവനായി കണ്ടു. നമ്മുടെ ഇടയിൽ പലരും ഉണ്ടു ഇതുപോലെ. ദൈവം നമ്മെ പിടിക്കുന്ന ഒരു ദിവസം വരും, നമ്മൾ ഒന്നും അല്ലാത്തവനെപ്പോലെ അവന്റെ മുമ്പിൽ നിൽക്കേണ്ടിവരും. എന്റെ ജീവിതത്തിൽ ദൈവം എന്നെ തൊട്ടപ്പോൾ ആണ് ഞാൻ തിരിച്ചറിഞ്ഞത്, ഞാൻ നാശത്തിൽ നിന്നു നാശത്തിലേക്കു പോകുകയായിരുന്നു എന്നത്. എങ്കിലും മഹാകാരുണ്യവാനായ ദൈവം എന്നെ തന്റെ കരങ്ങൾക്കുള്ളിൽ മറച്ചതുകൊണ്ട് ഞാൻ ഇന്നും ജീവിച്ചിരിക്കുന്നു.

പ്രിയ ദൈവമക്കളേ, നമ്മൾ രഹസ്യത്തിൽ ചെയ്യുന്നത് ദൈവം വെളിപ്പെടുത്തുന്ന ദിവസം അടുത്തു വന്നു കഴിഞ്ഞു. കണ്ണുകൊണ്ടും, ഹൃദയംകൊണ്ടും, നാവുകൊണ്ടും, നമ്മുടെ ശരീരത്തിലെ ഓരോ അവയവങ്ങൾകൊണ്ടും ചെയ്യുന്ന കാര്യങ്ങൾ കാണുന്ന ദൈവം നമ്മെ തൂക്കി നോക്കുമ്പോൾ നമ്മൾ കുറവുള്ളവരായി കാണപ്പെടുമോ എന്നു ഒന്നു തിരിഞ്ഞു നോക്കാം.

കാണാതെപോയ ഒരു ആടിനെ തേടിവന്ന നല്ലയിടയൻ എന്നെ തേടിവന്നതുകൊണ്ട് എനിക്ക് ഇന്ന് ധൈര്യത്തോടെ ഇത് എഴുതാനിടയായി. ആദ്യം ഞാൻ പറഞ്ഞതുപോലെ ബലൂണിന്റെ കളർ അല്ല അതിൽ നിറച്ചിരിക്കുന്ന ഹീലിയം എന്ന വാതകം ആണ് അതിനെ ഉയരത്തിൽ കൊണ്ടുപോയത്. അതുപോലെ നമ്മുടെ കഴിവല്ല ദൈവകരുണയാണ് നമ്മെ നടത്തുന്നത് എന്ന് തെളിയിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. നമ്മിൽ ദൈവതാത്മാവിന്റെ ഫലം പുറപ്പെടുവാൻ ഇടയാകട്ടെ.

# Goal..! Goal…!! Goal….!!!

Advice from Sunday School Uncle

Tip Off...



Anil Thomas

Dear Children,

As you all return to school, remember that knowledge is like a lamp, and every new things you learn makes the light brighter with new opportunities. Wish you all the very best.

Goals keep our effort focused, it allows us to scale our accomplishments. Goals should be realistic and challenging. We have to plan short term goals and long term goals, even interim goals.

**“A GOAL IS A DREAM WITH A CLEAR VISION”- Harvey Mackay**

There should be a series of goals. So plan the number of goals as per your age. When you reach one goal, move on to the next goal, strengthened and energized by what you have achieved. Goals should be evaluated in a SMART (specific, measurable, attainable, realistic and time-bound) way.

Goals are what can give us direction. Lack of goals lead us in the wrong direction such as play games like “blue whale challenge”.

Ask yourself - What kind of life do I want to lead? Am I heading in the right direction now? Once you have the answers, you will be able to establish your goals and then prioritize them.

Again ask yourself - Which goals comes first? Which goal is most important for me now? Then you organize your time and energy to reflect the priorities.

In Proverb chapter 6, the author rebukes the man who prepares for nothing, calling him a sluggard. He implores the sluggard to observe the ant which prepares food in the summer. Even the Apostles made their goals during the early church days (Acts Chapter 6: 1 -7)

Like Apostle Paul, he wants us say “ I do not run without a goal, I do not fight like a man beating the air (1st Corinthians 9:26) Paul was actively and intensely striving towards his goals and we must do the same if we are to run the race well. He said that he forgot the past and reached ahead (Philippians 3:14, Hebrews12:1-2)

If we will keep our eyes on the goal of knowing Jesus, forgetting the past and moving ahead to the reward in Heaven, we will hear Him saying “well done, my good and faithful servant.....enter into the joy of master’s happiness (Matthew 25:21)

**For by me your days will be multiplied, And years of life will be added to you.** (Proverbs 9:11)

“ഞാൻ മുഖാന്തരം നിന്റെ നാളുകൾ പെരുകും; നിനക്കു ദീർഘായുസ്സ് ഉണ്ടാകും.” (സദൃശ്യവാക്യങ്ങൾ 9:11)



Knowledge Cafe

Jijo Angamaly

# BIBLE QUIZ 6

1. പിതൃസഹോദരിയെ വിവാഹം ചെയ്തതാര് ?
2. മാതാപിതാക്കളെ സംരക്ഷിക്കാൻ വിജാതിയ രാജാവിന്റെ സഹായമെടുത്ത മകനാര് ?
3. യെശയ്യാവ് കർത്താവിന്റെ തേജസ്സ് കണ്ടു എന്ന് സമർത്ഥിക്കുന്ന പുതിയ നിയമ എഴുത്തുകാരനാര് ?
4. ലേവ്യ കുടുംബത്തിലെ വിവേകമുള്ള പുരുഷനെന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരേ ?
5. ചുവന്ന കുതിരപ്പുറത്തു കയറിയ പുരുഷനെ കണ്ട ഏക വ്യക്തിയാണ് യോഹന്നാൻ. ശരിയോ, തെറ്റോ ?
6. വിശ്വസ്ത സഹോദരനാര്, വിശ്വസ്ത ശുശ്രൂഷകനാര് ?
7. ന്യായാസനത്തിനു മുമ്പിൽ വച്ച് അടികൊണ്ട പള്ളി പ്രമാണിയാര് ?
8. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' ഇത് യേശു ദിദിമോസിനോട് പറഞ്ഞതാണ്. ശരിയോ, തെറ്റോ ?
9. ഒരിക്കലൊരാളൊരു വിരുന്ന് കഴിച്ചു. ക്ഷണിക്കപ്പെട്ടവരുടെ പേര് പറഞ്ഞിട്ടില്ല. എന്നാൽ ക്ഷണിക്കപ്പെടാത്ത മൂന്നു പേരുടെ പേര് പറഞ്ഞിട്ടുമുണ്ട്. വിരുന്ന് നടത്തിയതാര് ?
10. മരുഭൂമിയിൽ വീടു പണിത സേനാപതിയാര് ?

---

1) Name the person who married his own father's sister ?
2) Name the son who took the help of a gentile king to safeguard his parents?
3) Name the New Testament writer who proves that Isaiah saw the glory of the Lord ?
4) Name the person who was described as 'a man of understanding' in the tribe of Levi ?
5) John is the only one who saw 'a man riding on a red horse'. True or false ?
6) Two different persons are described as a 'faithful brother' and 'faithful minister' who are they?
7) Name the ruler of the synagogue, who was beaten before the judgment seat ?
8) "I am the way, the truth, and the life". These are the words of Jesus to Didymus. True or false?
9) Once a person arranged a feast. The names of the guests are not mentioned. But the names of 3 uninvited guests are mentioned. Who arranged the feast?
10) Name the commander who had a house in the wilderness ?

## WINNERS -5

(Through draw out of correct entries)



**Bible Quiz**
**SINI SIPIN** *(IPC Bethesda)*



**Puzzle**
**Jolly Biju ,** *(IPC Zionthalachira, Kollam)*
The Winner will receive a Cash Prize as she is from outside Bahrain

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

# PUZZLE 6

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| F | | | | | | | | | | M |
| I | | | | | | | | | | H |
| A | | | | | | | | | | A |
| L | | | | | | | | | | T |
| I | | | | | | | | | | H |
| D | | | | | | | | | | I |
| T | | | | | | | | | | T |
| E | | | | | | | | | | A |
| H | | | | | | | | | | A |
| A | | | | | | | | | | F |
| F | | | | | | | | | | E |
| T | | | | | | | | | | E |
| U | | | | | | | | | | D |
| H | | | | | | | | | | B |
| L | | | | | | | | | | P |
| W | | | | | | | | | | S |
| B | I | E | T | H | N | O | E | L | S | D |

**A verse from Revelation is hidden in this shape.**

**It's taken from NKJV**

**To find it, you'll need to start at the correct letter. Then read every second letter, going in the anti clockwise direction.**

## ശരി ഉത്തരങ്ങൾ

Issue #5, August 2017

### ബൈബിൾ ക്വിസ്

1. എലീമാസ് എന്ന വിദ്വാൻ
   Elymas the Sorcerer – Acts 13:10
2. യേശു
   Jesus – Mark 1:13
3. 580 – Gen. 32:14,15
4. 4. ബെന്യാമീൻ, ഈഖാബോദ്
   Ben-Oni or Benjamin (Gen.35:15),
   Ichabod (1 Sam 4:19-21)
5. ആബേൽ–മിസ്രയീം(ആതാദ്)
   Abel Mizraim (Atad) – Gen.50:10,11
6. യാക്കോബും മക്കളും
   Jacob and his Children – Gen.42:35
7. യോഹന്നാൻ
   John the Baptist – Mat.21:32
8. ക്രിസ്പൊസ്, ഗായൊസ്, സ്തെഫനോസിന്റെ ഭവനക്കാർ
   Crispus, Gaius & household of Stephanas - 1 Cori.1:14-16
9. പത്രോസ്
   Peter – 2 Pet.2:22
10. രോദാ
    Rhoda – Acts 12:15

### Puzzle

**Rom 13:14**

**Make no provision for the flesh.**

## Bible Quiz & Puzzle
## Those who sent correct answers

Issue 5

1. Grace Biju George, Bethel Church Bahrain
2. Blessy Saji, Bethel Church Bahrain
3. Lincy Roopesh, Bethel Church Bahrain
4. Reena Daniel, Brethren Assembly, Majlis
5. Reny Jaison, Brethren Assembly, Majlis
6. Lizy Varghese, Sharon Fellowship Church
7. Metty Shibu, Sharon Fellowship Church
8. Rincy Gracy Roy, Sharon Fellowship Church
9. Axa Mary Biju, Sharon Fellowship Church
10. Sali Joseph, Sharon Fellowship Church
11. Joncy Anil, Sharon Fellowship Church
12. Sinu Varghese, Sharon Fellowship Church
13. Evangeline Grace Bovas, Sharon Fellowship Church
14. Sheeja Aju John, Sharon Fellowship Church
15. Jessy Maju, Sharon Fellowship Church
16. Rooth Jeejie Francis, Sharon Fellowship Church
17. Sandra Ann Mathew, IPC Peniel
18. Sally Mathew, IPC Peniel
19. Gaius V Mathew, IPC Peniel
20. Mathew Varughese, IPC Peniel
21. Janet K John, IPC Peniel
22. Saumya Thomas, Church of God,Aali
23. Sindhu Joshi, Bahrain Church of Living God
24. Jessy Jacob, Assembly God Church
25. Ebin Varghese, Assembly God Church
26. Ancy Vinil, IPC Bethel
27. Manju Nevin, IPC Bethel
28. Jyothi Wilson, IPC Bethel
29. Buely Nebu, IPC Bethel
30. Judith Franko, Gilgal Church of God
31. Beula Ravi, Gilgal Church of God
32. Letty shibu, Manama Brethren Assembly
33. Blessy Lijo, Manama Brethren Assembly
34. Thankachen V.M, Manama Brethren Assembly
35. Sneha Grace Oommen, Full Gospel Church of Philadelphia
36. Suja James, Church of God, Kuwait
37. Johncy Vesily, IPC PCK Church, Kuwait
38. Reji Baby, Sharon Fellowship, Kottarakkara, Kollam
39. Blessy Vinod, IPC Hebron
40. Angel Vinod, IPC Hebron
41. Grace George, IPC Hebron
42. Jisha Vivek, IPC Hebron
43. K.J.Johnson, IPC Hebron
44. Joice John Johnson, IPC Hebron
45. Seeba Vinay, IPC Hebron
46. Jolly Biju, IPC Zionthalachira, Kollam
47. Sunil Cherian, Christian Fellowship of Kuwait
48. Esther Elsa Ani, IPC Immanuel
49. Alan Ani Abraham, IPC Immanuel
50. Annie Abraham, IPC Immanuel
51. Mary Francis, IPC Immanuel
52. Shyna Madhu, IPC Bahrain
53. Praisy Ponnachan, IPC Bahrain
54. Joji Varghese, IPC Ebenezer,Elanthoor
55. Preethy Binil,Revival Fellowship Church
56. Suni.S.Suku, IPC Bahrain Tamil Church
57. Glady Shine, IPC Bahrain Tamil Church
58. Elvis Thomas, The Church of God, Kallumala
59. Jaisy Satheesh, Assembly God, Kasargod
60. Suby Lijo Mathew, Church of God Full Gospel Prayer Fellowship
61. Bindu Johnson, Church of God Full Gospel Prayer Fellowship
62. Shiji Roy, Suvartha Full Gospel Church
63. Alice George, Suvartha Full Gospel Church
64. Hephsiba Ann Roy, Christ Church International
65. Blessy Blesson, Indian Revival Assembly
66. Bincy Sibi, Indian Revival Assembly
67. Benison Blesson, Indian Revival Assembly
68. Joby john, Indian Revival Assembly
69. Sabitha Sujith, Church of God Full Gospel, New Delhi
70. Evangel John siju, Hopeshore Church (IPC)

## Bible Quiz Only
## Those who sent correct answers

1. Alice Varghese, Bethel Church Bahrain
2. Blessy Sam, Bethel Church Bahrain
3. Lizy Varghese, Sharon Fellowship Church
4. Sheeja Anu John, Sharon Fellowship Church
5. Sinu Varghese, Sharon Fellowship Church
6. Shiny Abraham, IPC Hebron
7. Anitha Roy, Christ Church International
8. Siji Joy, IPC Patna Hajipur, Bihar
9. Sini Dipin, IPC Bethesda

## Puzzle Only
## Those who sent correct answers

1. Sanu Mathew, Bethel Church Bahrain
2. Animol Jijo, Brethren Assembly, Majlis
3. David Samuel Thomas, Sharon Fellowship Church
4. Schweitzer Paul, Sharon Fellowship Church
5. Anvi Susan P. Mathew, Sharon Fellowship Church
6. Jency Prince, Sharon Fellowship Church
7. Sheeja Anu John, Sharon Fellowship Church
8. Mini Binu, Sharon Fellowship Church
9. Ruby Sara Varghese, Sharon Fellowship Church
10. Aaron Varghese, Sharon Fellowship Church
11. Abiya Miriam Biju, Sharon Fellowship Church
12. Feba Anna Saju, Sharon Fellowship Church
13. Anita Ann John, Sharon Fellowship Church
14. P.Glory, Sharon Fellowship Church
15. Jini Nithin Jacob, IPC Peniel
16. Chris Johnson, Bahrain Church of Living God
17. Emmanual Jis, Bahrain Church of Living God
18. Catherine Jisna, Bahrain Church of Living God
19. Aneeta Thomas, Assembly God Church
20. Jessy Jacob, Assembly God Church
21. Irene Saji Mark, Assembly God Church
22. Achsah Reena Chacko, Assembly God Church
23. Shaimy Jijo, IPC Bethel
24. Krupa Ann Jijo, IPC Bethel
25. Sneha Jane Mathew, IPC Bethel
26. Benita Susan Mathew, IPC Bethel
27. Jeffin Thomas Nevin, IPC Bethel
28. Saira Bindu Mathew, IPC Bethel
29. Shoan Biju Mathew, IPC Bethel
30. Jelin Franko, Gilgal Church of God
31. Ajo Johnson, Manama Brethren Assembly
32. Annie Johnson, Manama Brethren Assembly
33. Hanna Sara Kurian, Full Gospel Church of Philadelphia
34. Rijin Joel Biju, Full Gospel Church of Philadelphia
35. Rijoy Jona Biju, Full Gospel Church of Philadelphia
36. Sherin shinu, St.Thomas Evangelical Church of India, Bahrain
37. Stefin Shony, IPC Hebron
38. Nancy Vinay, IPC Hebron
39. Sherin John Varghese, IPC Hebron
40. Chris John Johnson, IPC Hebron
41. Aksa Mary Mathew, IPC Hebron
42. Aleena Susan Shibu, Gafool Brethren Assembly
43. Michelle Tom, IPC Immanuel
44. Blessy Mary Joby, Rehoboth Revival Church
45. Abigail Binu, Rehoboth Revival Church
46. Ashin K Saji, Church of God Full Gospel Prayer Fellowship
47. Daisy Varghese, New India Church of God, Gwalior, Madhya Pradesh
48. Ruth P Sujith, Church of God Full Gospel, New Delhi

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്



### Bible Quiz/Puzzle Terms & Conditions

1. Quiz Master’s decision will be final.
2. There is no age limit for participation.
3. Answers should be received before 20th of every month.
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.
11. There will be separate prizes for both Bible Quiz and Puzzle.
12. All those who send correct answers will receive HH Appreciation Certificate.

ബൈബിൾ ക്വിസിനും
പസിലിനും
വെവ്വേറെ സമ്മാനങ്ങൾ
ശരിയുത്തരമയക്കുന്ന
എല്ലാവർക്കും
*HH Appreciation Certificate*

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

## 'ലോകേ ഞാനെൻ ഓട്ടം തികച്ചു'...



പാസ്റ്റർ പി.പി.മത്തായി.

2 തിമൊ.4:7 – 'ഞാൻ നല്ല പോർ പൊരുതു ഓട്ടം തികെച്ചു, വിശ്വാസം കാത്തു',
4:8 – 'ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ'.

ആലപ്പുഴ ജില്ലയിലെ കാർത്തിക പള്ളി എന്ന ഗ്രാമത്തിൽ ഫിലിപ്പോസ് ദമ്പതികളുടെ മകനായി അനുഗ്രഹീതനായ ദൈവദാസനായിരുന്നു പാസ്റ്റർ പി.പി.മത്തായി.

അനവധി ഗാനങ്ങൾ രചിക്കുവാൻ വലിയവനായ ദൈവം തന്റെ മകനെ ബലപ്പെടുത്തി. രാജാധിരാജൻ വരുന്നിതാ, യേശു എൻ പക്ഷമായി തീർന്നതിനാൽ...തുടങ്ങിയ ഗാനങ്ങൾ പ്രിയ ദൈവദാസന്റെ തൂലികയിൽ നിന്നും പുറത്തു വന്നവയാണ്. കൗമാര പ്രായത്തിൽ തന്നെ കർത്താവിനെ അറിയുകയും പിന്നീട് നല്ലയജമാനനെ സേവിക്കുവാൻ തന്റെ ജീവിതം മാറ്റിവെച്ചു. ലഭിച്ച ജോലി രാജി വച്ചു കർത്താവിനെ സേവിക്കുവാൻ ദൈവദാസൻ കേരളത്തിൽ ഉടനീളം സഞ്ചരിച്ചു.

തന്റെ സഹോദരൻ പി.പി. എബ്രഹാം കാൻസർ രോഗ ബാധിതനായി. രോഗം മേൽക്കുമേൽ മൂർച്ഛിക്കുവാൻ തുടങ്ങി. പ്രിയപ്പെട്ടവന്റെ അവസാന നിമിഷങ്ങൾ ആശുപത്രിയിൽ ബന്ധുക്കളും സഭാ വിശ്വാസികളും ഒരുമിച്ചു കൂടിയ നിമിഷങ്ങൾ പ്രിയ മത്തായി സഹോദരനും ഒപ്പം ഉണ്ടായിരുന്നു. ആ സമയം സന്ദർശകരിൽ ഒരാൾ ഇപ്രകാരം പറഞ്ഞു കുറച്ചുകൂടി കിടക്കയുടെ നടുവിലേക്ക് നീക്കി എബ്രഹാം സഹോദരനെ കിടത്തുവാൻ പറഞ്ഞു. ഇതു കേട്ട എബ്രഹാം വേണ്ട, എന്നെ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുവാൻ ദൈവദൂതന്മാർ വന്നിട്ടുണ്ട് അവർക്ക് ഇരിക്കുവാൻ സ്ഥലം വേണ്ടായോ എന്നു ചോദിച്ചു. അന്ന് രാത്രിയിൽ പ്രിയ ജേഷ്ഠന്റെ പ്രത്യാശ നിർഭരമായ വാക്കുകൾ തന്റെ ഹൃദയത്തിൽ മാറ്റൊലി കൊണ്ടു, ദൈവസന്നിധിയിൽ തന്റെ മുട്ടുകളെ മടക്കി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ആ സമയത്തു ചില ആശ്വാസത്തിന്റെ വരികൾ ഒഴുകി വരുവാൻ തുടങ്ങി. അത് ഇങ്ങനെ ആയിരുന്നു...

*ദൂതസംഘമാകവേ എന്നെ എതിരേൽക്കുവാൻ*
*സദാ സന്നദ്ധരായി നിന്നിടുന്നേ*
*ശുഭ്രവസ്ത്ര ധാരിയായി എന്റ*
*പ്രിയന്റെ മുമ്പിൽ*
*ഹല്ലേലൂയ്യ പാടിടും ഞാൻ...*

അങ്ങനെ അന്ന് രാത്രിയിൽ നാമെല്ലാം പാടി ആശ്വസിക്കുന്ന ലോകേ ഞാനെൻ ഓട്ടം തികച്ചു എന്ന ഗാനം എഴുതുവാൻ ദൈവം തന്റെ മകന് കൃപ നൽകി. പ്രിയ ദൈവജനമേ കഴിഞ്ഞ കാല പിതാക്കന്മാർ അവരുടെ ജീവിതാനുഭവങ്ങളിൽ നിന്നാണ് ഗാനങ്ങൾ എഴുതിയിരുന്നത്. അതു കൊണ്ടാണ് അവ ഇന്നും നിലനിൽക്കുന്നത്. മാത്രമല്ല നിത്യതയിൽ നാം ചെന്ന് ചേരുന്നതു വരേയും ഈ ഗാനങ്ങളൊക്കെ നമുക്കും ആശ്വാസം നൽകി കൊണ്ടിരിക്കും. ആയതിനാൽ ഈ ഗാനവും ദൈവമക്കൾക്കു ആശ്വാസം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ.



ജെയ്സൺ ജേക്കബ് ജോയ്

## അസ്ഥികളെ ചലിപ്പിക്കുന്ന ജീവന്റെ തുടിപ്പുകൾ



ടീയെസ് കഷമാംമൂട്ടിൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

എല്ലാ നിലയിലും അഭിമാനത്തോടെ ശിരസ്സുയർത്തി നിൽക്കുവാനുള്ള പശ്ചാത്തലമുണ്ടായിരുന്ന വ്യക്തിയായിരുന്നു യെഹസ്ക്കേൽ. ആ വ്യക്തിയേയാണ് യഹോവയായ ദൈവം താഴ്ചയുടെ പ്രതീകമായ താഴ്വരയുടെ മദ്ധ്യത്തിൽ എത്തിക്കുന്നത്. കേവലമൊരു താഴ്വര മാത്രമായിരുന്നെങ്കിൽ സഹിക്കാമായിരുന്നു. ഉണങ്ങി വരണ്ട അസ്ഥികൾ ചിതറിക്കിടന്നിരുന്ന താഴ്വരയിൽ നി ന്നും നിരന്തരം വമിച്ചുകൊണ്ടിരുന്നത് മരണത്തിന്റെ അതിരൂക്ഷമായ ദുർഗ്ഗന്ധം. ലോകത്തിലാരും ഇന്നുവരെ ചെയ്യാത്ത ഒരു ശുശ്രൂഷയ്ക്കുവേണ്ടിയാണ് യഹോവയായ ദൈവം പ്രവാചകനെ ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത ആ താഴ്വരയിൽ എത്തിച്ചത്.

ഉണങ്ങി വരണ്ട അസ്ഥികളോട് പ്രവചിക്കുക എന്നതായിരുന്നു അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്ന ദൗത്യം. ആരും ചെയ്യുവാൻ താൽപ്പര്യമില്ലാത്തതും, ഒരു പ്രയോജനവുമില്ലാത്തതുമായ ശുശ്രൂഷ ചെയ്യുവാൻ നിനക്ക് എന്നെ മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളോ എന്ന ആയിരം മുനകളുള്ള ചോദ്യം സൃഷ്ടാവിനു നേരെ തൊടുത്തുവിടുവാൻ പ്രവാചകൻ ഒരുമ്പെട്ടില്ല. എന്നെപ്പോലെ ഉന്നതമായ കുടുംബ പശ്ചാത്തലമുള്ള, ശ്രേഷ്ഠനായ പു രോഹിതനെന്നും, പ്രവാചകനെന്നും സമൂഹത്തിൽ പേരും, പദവികളുമുള്ള എനിക്ക് ദൈവം ഔദാര്യമായി നൽകിയ ശുശ്രൂഷ എന്ന് പുശ്ചത്തോടെ ആക്രോശിച്ച്, ക്രോധത്തോടെ നിലത്ത് ആഞ്ഞുചവുട്ടി ദൈവത്തോട് ശക്തമായ പ്രതിഷേധം അറിയുക്കുവാനും അദ്ദേഹം തയ്യാറായില്ല.

പ്രതീക്ഷകൾക്ക് യാതൊരു വകയുമില്ലാത്ത ആ താഴ്വരയുടെ മധ്യേ നിൽക്കുമ്പോൾ യഹോവയായ ദൈവത്തിന്റെ അപ്രതീക്ഷിതമായ ചോദ്യം – 'മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ ?' ഈ ചോദ്യത്തിനും പ്രവാചകനെ പ്രകോപിപ്പിക്കുവാനുള്ള കെൽപ്പുണ്ടായിരുന്നു. താഴ്വരയിലേക്ക് എന്നെ ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നതിനു മുമ്പ് ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാനുള്ള ബാധ്യത അങ്ങയ്ക്കുണ്ടായിരുന്നു എന്നൊരു ഒളിയമ്പ് എയ്തുവിടാനും അദ്ദേഹം ഒരുമ്പെട്ടില്ല.

പരാതികളുടേയും പരിഭവങ്ങളുടേയും കെട്ടുകളഴിച്ച് ദൈവത്തോടു പൊട്ടിത്തെറിക്കുന്ന ഒരു വ്യക്തിയായിട്ടല്ല, താഴ്മയോടും ഭയഭക്തിബഹുമാനങ്ങളോടും കൂടെ ചോദ്യത്തിനു മറുപടി പറയുന്ന വ്യക്തിയായിട്ടാണ് യെഹസ്ക്കേലിനെ ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്. 'യഹോവയായ കർത്താവെ, നീ അറിയുന്നു' (യെഹ 37:3). തത്സമയം പ്രവാചകന്റെ ബുദ്ധിമണ്ഡലത്തിലുണ്ടായിരുന്ന ചിന്തകളെല്ലാം ഉൾകൊള്ളുന്നതാണ് ലളിതമായ ഈ പ്രസ്താവന. 'മാനുഷിക ദൃഷ്ടികളിലൂടെ വീക്ഷിച്ചാൽ ആശയ്ക്കൊരു വകയുമില്ല. എന്നാൽ അവിടുന്ന് മനസ്സുവെച്ചാൽ, ഉണങ്ങി വരണ്ട അവസ്ഥയിലാണെങ്കിലും ഈ അസ്ഥികൾ ജീവൻ പ്രാപിക്കുമെന്ന് ഞാൻ അടിയുറച്ചു വിശ്വസിക്കുന്നു' എന്നതാണ് ആ വാക്കുകൾ ഉൾക്കൊള്ളുന്ന ആശയം.

അസ്ഥികൾകൊണ്ടു നിറഞ്ഞ താഴ്വരയെന്ന് തിരുവചനത്തിൽ വായിക്കുമ്പോൾ നമ്മുടെ ദൃഷ്ടിപഥങ്ങളിൽ തെളിയുന്നത് ഒരു ശ്മശാനത്തിന്റെ ചിത്രമാണ്. എന്നാൽ ഈ താഴ്വരയെ ഒരു ശ്മശാനഭൂമിയായി കരുതുന്നത് യുക്തിക്ക് നിരക്കുന്നതല്ല. സെമിത്തേരികൾ മൃതശരീരങ്ങൾ സംസ്ക്കരിക്കുവാനുള്ള സ്ഥലമാണ്. അസ്ഥികൾ ചിതറിക്കിടക്കുന്ന സെമിത്തേരികൾ ലോകത്തെങ്ങും നമുക്ക് കാണാൻ കഴിയുകയില്ല എന്ന വസ്തുത തന്നെ

ഈ താഴ്വര ഒരു ശ്മശാനഭൂമിയല്ല എന്ന യാഥാർത്ഥ്യത്തെ അരക്കിട്ട് ഉറപ്പിക്കുന്നു.ഈ വാദം അംഗീകരിക്കാമെങ്കിൽ എങ്ങനെ ഈ താഴ്വര അസ്ഥികളെകൊണ്ടു നിറഞ്ഞു എന്ന ചോദ്യത്തിന് ഉത്തരം പറയുവാൻ നാം ബാദ്ധ്യസ്ഥരാണ്. തിരുവചനത്തിൽ ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരം ലഭ്യമല്ലാത്തതിനാൽ അനുമാനങ്ങളെ നാം ആശ്രയിക്കേണ്ടതായി വരും.

മനുഷ്യസംസ്ക്കാരം പരിപോഷിപ്പിക്കപ്പെട്ട ജനവാസയോഗ്യമായ ഒരു സ്ഥാനമായിരുന്നു ഒരു കാലത്ത് ഈ താഴ്വര. ഭൂമി കുലുക്കം, കൊടുങ്കാറ്റ്, വെള്ളപൊക്കം തുടങ്ങിയ ഏതെങ്കിലും പ്രകൃതിക്ഷോഭങ്ങളിൽ ഒന്നായിരിക്കാം ഈ താഴ്വരയിൽ ആയിരങ്ങൾ മരിച്ചു വീണതിന്റെ പിമ്പിൽ കാരണമായത്. ഒരു പക്ഷേ, കൊടും ക്ഷാമമോ, പകർച്ചവ്യാധികളൊ മുഖാന്തിരമായിരിക്കാം ഒരു സമൂഹം മുഴുവനും താഴ്വരയിൽ ഒടുങ്ങുവാൻ ഇടയായത്. അല്ലെങ്കിൽ, ഒരു കൊടുംയുദ്ധത്തിന്റെ ഫലമായിട്ടായിരിക്കാം ഈ അത്യാഹിതം സംഭവിച്ചത്.

ഈ അനുമാനങ്ങളൊക്കെ നാം എഴുതിത്തള്ളേണ്ടതായി വരും. ഇവിടെ, താഴ്വരയിൽ ചിതറിക്കിടക്കുന്ന അസ്ഥികളിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് യിസ്രായേൽ ജനത്തിന്റെ അവസ്ഥയെ പ്രതീകമായി ചിത്രീകരിക്കുകയാണ്. അവരുടെ അക്ഷരീകമായ മരണത്തിന്റെ പ്രതീകമല്ല, ദൈവത്തോടു പാപം ചെയ്തതിന്റെ ഫലമായി അവർക്കു സംഭവിച്ച ആത്മീയ മരണത്തിന്റെ പ്രതീകമാണ് ഉണങ്ങി വരണ്ട അസ്ഥികൾ.

(....തുടരും)

# കർത്താവിന്റെ രണ്ടാം വരവ്



ജോളി ബാബു

'കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും. ഈ വചനങ്ങളെ കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ' - 1 തെസ്സ.4:16-19.

'ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തേയും ഈ മർത്യമായത് അമർത്യത്തേയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നെഴുതിയ വചനം നിവർത്തിയാകും. ഹേ മരണമേ നിന്റെ ജയം എവിടെ ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ ? മരണത്തിന്റെ വിഷമുള്ള് പാപം, പാപത്തിന്റെ ശക്തിയോ ന്യായ പ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം തന്ന ദൈവത്തിന് സ്തോത്രം' - 1 കൊരി.15:52-58.

### *1. ദൈവവചനത്തിൽ നിന്ന്:*

**a.** ഉൽപ്പ.3:15 - സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും.

**b.** മത്താ.5:18 - ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒഴിഞ്ഞുപോകയില്ല.

**c.** ഉൽപ്പ.49:10 - അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽനിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽനിന്നും നീങ്ങിപോകയില്ല.

**d.** മലാഖി 4, മത്താ.24,25, യൂദ 14,15

### *2. കർത്താവിന്റെ സാക്ഷ്യം:*

'ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നേയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും' യോഹ.14:1

### *3. ദൂതന്മാരുടെ സാക്ഷ്യം:*

'ഗലീലാ പുരുഷന്മാരേ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്, നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ നിങ്ങൾ കണ്ടതുപോലെ തന്നെ വീണ്ടും വരും എന്നു പറഞ്ഞു' - അപ്പൊ.1:11. പഴയനിയമത്തിൽ 1845 പ്രാവിശ്യവും പുതിയനിയമത്തിൽ 318 പ്രാവിശ്യവും കർത്താവിന്റെ വരവിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. നമ്മൾ എല്ലാവരും ഭാവിയെക്കുറിച്ച് അറിവാൻ തിടുക്കമുള്ളവരാണ്. പലരും തെറ്റായ മാദ്ധ്യമങ്ങളിൽക്കൂടെ പോകാറുണ്ട്. ദൈവവചനം നമ്മെ അതിനനുവദിക്കുന്നില്ല. നിത്യതവരെയുള്ള രഹസ്യങ്ങൾ ദൈവവചനത്തിൽ ഉണ്ട്.

### *കർത്താവിന്റെ ഒന്നാം വരവിന്റെ ഉദ്ദേശം:*

പാപത്തിന് പരിഹാരം ഉണ്ടാക്കി മാനവജാതിയെ രക്ഷിക്കുവാൻ (1 തിമൊ.1:15, അപ്പൊ.16:30,31, 4:12, റോമ.10:9).

### *കർത്താവിന്റെ രണ്ടാം വരവിന്റെ ഉദ്ദേശം:*

ദൈവമക്കളെ വീണ്ടെടുക്കുവാൻ. യേശുവിന്റെ രക്തം തള്ളികളഞ്ഞവരെ ന്യായം വിധിക്കുവാൻ (വെളി.1:20). സഭയെ ഭൂമിയിൽ നിന്ന് മാറ്റി ദൈവകോപം പകരുവാൻ.

### *കർത്താവിന്റെ രണ്ടാം വരവിൽ കേൾക്കാൻ പോകുന്ന മൂന്നുവിധ ശബ്ദങ്ങൾ:*

**1. കർത്താവിന്റെ ഗംഭീരസ്വരം:** വിശുദ്ധന്മാരുടെ ഉയിർപ്പ് (യെശ.26:19-21, യോഹ.11:25, സങ്കീ.90 ). ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ നയീൻ പട്ടണത്തിലെ വിധവയുടെ മകൾ, യായിറോസിന്റെ മകൾ, ലാസർ എന്നിവരെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു. സഭയുടെ ഉൽപ്രാപണത്തിന് "Raphio" എന്ന ഗ്രീക്ക് പദമാണ് കൊടുത്തിരിക്കുന്നത്. കണ്ണിമയ്ക്കുന്നതിനിടയിൽ റാഞ്ചികൊണ്ടു പോകുക എന്നതാണിതിനർത്ഥം.

**2. പ്രധാന ദൂതന്റെ ശബ്ദം:** ദൈവീക പ്രവർത്തികളെ തടുക്കുന്ന പിശാചിന്റെ പ്രവർത്തനങ്ങളെ തടയുവാൻ (യൂദ 9)

**3. ദൈവത്തിന്റെ കാഹളം:** സഭയെ വിളിച്ചുകൂട്ടുവാൻ (സംഖ്യ.10:1,2). ഗംഭീര ധ്വനി ഊതുമ്പോൾ യാത്ര തുടങ്ങണം.

ദൈവം നശിച്ചുപോകാത്ത രാജത്വം സ്ഥാപിക്കും ( ദാനി.2:44,45). കർത്താവിന്റെ വരവ് ഏറ്റവും അടുത്തു ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ ( 2 പത്രോ.3:9). മാനസാന്തരപ്പെടാത്ത ആരെങ്കിലും ഇതു വായിക്കുന്നുവെങ്കിൽ ഇപ്പോൾ അതിനുള്ള അവസരമായി കർത്താവ് തീർക്കട്ടെ.

# FAMILY, OUR FIRST MISSION FIELD



May Manoj

*(Continued form 4th issue)*

Do we bless our husbands, our wives and our children? Many times people want to escape from responsibilities and reality. Fathers escape from their roles saying , our traditions teach us that it's the mother who should bring up the children. They also say it's the mother who should do all the household duties for their family. These days it's the mother who also earns for her family. So, are mothers today pressurized to do all the duties, including childcare, household duties, job, prayers,emotional needs of the family? Where are the fathers? Are they escaping from their roles and reality? Is our Indian tradition to blame? Are they physically present, but emotionally absent? We usually have this trend in our society. But, we also see families where the fathers are more loving than mothers and do all their roles with love. There also also families where the mothers are physically present but emotionally and spiritually absent from their families. May be contemporary or western tradition? Where do our families stand today? Do we follow Indian, western, mixture of both, our own tradition or Christian tradition? Do our families follow the law or way of the Holy Spirit, the Christian tradition where Christ is the head of our family? Who is the head of our family? Is it husband, wife, children or Christ? Is our family led by the Holy Spirit? What do we mean by a Christ-like family or a Christian family? What are our roles and responsibilities as Christian families?

## THE ROLE OF HUSBANDS:

Ephesians: 5: 25- 'Husbands, love your wives, even as Christ also loved the church, and gave himself for it'. Christian husbands, do you model Christ's love? Do you lay down your life daily as Christ laid down His life for the church? Or do you try to escape from your roles as Christian fathers? Are you hiding behind the mask of job, ministry or tradition? Do you bless your wife and pray for her health, happiness and spiritual life? Instead do you constantly belittle her, test her patience and treat her as worthless? Do you encourage her and take time take time to help and support her? Do you ask The Holy Spirit, how you could minister blessing into her life, today? Do you take time to




speak to your wife and listen to her views and thoughts? Do you seek to contribute to her spiritual growth and pray for her spiritual life?Christian husbands, do you love your wives as Christ loves the church? Examine your hearts today.

## THE ROLE OF WIVES:

Ehesians:5:22-'Wives, submit yourselves unto your own husbands, as unto the Lord'. Christian wives, do you submit yourselves unto your husbands, as unto the Lord? Do you minister blessings into the lives of your husbands? Do you speak to the Lord regarding your husband's spiritual life and his walk with the Lord? Do you speak words of appreciation, encouragement and faith to him? Instead do you constantly blame, criticize and judge him?Do you forgive him and ask the Holy Spirit to guide him to walk in a way pleasing to God? Do you pray for happiness, health, job and his relationship with the Lord? Do you speak badly about your husband in front of others, behind his back? Gossiping against him wouldn't save him or make him better. Instead, pray for him regularly, bless him, encourage, appreciate him and treat him well as unto the Lord. You would see him walk with the Lord as Enoch. Let's overcome evil with good as the Bible advises us.

*(Will be Continued)*

# ഉയിർപ്പ്/രൂപാന്തരങ്ങൾ

## വെളിപ്പാട് പുസ്തകം - ഒരു പഠനം 3



ബോബി തോമസ് മാഞ്ഞൂരാൻ

***അഞ്ച് ഉയിർപ്പുകൾ/രൂപാന്തരങ്ങളും ഒന്നാം പുനരുത്ഥാനവും***

മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റവരിൽ ആദ്യഫലമായി യേശുക്രിസ്തു (യോഹ.20:16-18, 1 കൊരി.15:23-51).

1. പഴയനിയമ വിശുദ്ധന്മാരിൽ പലർ - മത്താ.27:50-53.

യേശുവിന്റെ മരണത്തിനുമുമ്പ്, മശിഹാ വരും, പരമയാഗമായി അവൻ തകർക്കപ്പെടും (യെശ.53) എന്ന പ്രത്യാശയോടെ പഴയനിയമത്തിൽ, യാഗങ്ങൾ അർപ്പിച്ചിരുന്നു (അവരിൽ പലരും കർമ്മമായി, വിശ്വാസമില്ലാതെ അർപ്പിച്ചവരും ഉായിരുന്നു). വിശ്വാസത്തോടെ, മശിഹ യാഗമായി തീർന്നു തങ്ങൾക്കു മറുവിലയായി പാപത്തിന്റെ ശമ്പളമായ മരണം സ്വയം വരിക്കും എന്ന ബോധ്യത്തോടെ അർപ്പിച്ച്, യാഗം ചെയ്തു നിയമം ചെയ്ത വിശുദ്ധന്മാരിൽ പലരുടേയും (സങ്കീ.50:5) ആത്മാക്കൾ തങ്ങളുടെ പ്രത്യാശയായിരുന്ന മശിഹായുടെ-സാക്ഷാൽ യാഗമായ ക്രൂശുമരണം സംഭവിച്ച നിമിഷത്തിൽ, അതുവരെ പാതാളത്തിൽ 'അബ്രഹാമിന്റെ മടി' എന്ന ഇടത്തുനിന്നും മടങ്ങി, തങ്ങളുടെ ശരീരങ്ങളടക്കിയിരിക്കുന്ന കല്ലറകളിൽ വന്നു, ആ ശരീരങ്ങൾ ഉയിർത്തെഴുന്നേറ്റു, പാതാളത്തിൽ, പാപം വന്നതുകൊണ്ടു മരണം വരിക്കേണ്ടി വന്നവരിൽ, പാപപരിഹാരയാഗം ചെയ്തു ദൈവനിയമം/ഉടമ്പടിയിൽ പ്രവേശിച്ചവരുടെ അടുക്കൽ യേശു പ്രാണൻ വിട്ടയുടൻ ഇറങ്ങിചെന്നു, തങ്ങൾ പ്രത്യാശിച്ചിരുന്നതും വിശ്വസിച്ചിരുന്നതുമായ പരമയാഗം അർപ്പിക്കപ്പെട്ടു കഴിഞ്ഞു; ഇനി പാപത്താൽ വന്ന മരണപാശങ്ങൾക്ക് നിങ്ങളുടെമേൽ അധികാരമില്ല എന്ന സുവിശേഷം (സദ്വാർത്ത) അബ്രഹാമിന്റെ മടിയിൽ കിടന്നിരുന്ന/വിശ്രമിച്ചിരുന്ന അവരുടെ ആത്മാക്കളോട് അറിയിച്ചു( സങ്കീ.68:18, എഫെ.4:8, ലൂക്കോ.13:22-30).

യേശു ഉയിർത്തെഴുന്നേറ്റ് പാതാളത്തിൽ ഇറങ്ങി, മരണപാശങ്ങളാൽ ബദ്ധരായിരുന്നവരോട്, 'നിവൃത്തിയായി' എന്നറിയിച്ചുകൊണ്ട് അവരുടെ ആത്മാക്കളേയും കൊണ്ട് കയറിവന്നു. അവരിൽ ചിലർ വന്നു കല്ലറകളിൽ ദ്രവിച്ചുപോയിരുന്ന തങ്ങളുടെ ശരീരങ്ങളെ തിരികെ ധരിച്ചു. ഇതിനെ ഉൾപ്പെടെയാണ് പൗലോസ് എഴുതിയത് 'സഹോദരന്മാരേ, മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല, ദ്രവത്വം അദ്രവത്വത്തെ (നിത്യജീവനെ) അവകാശമാക്കുകയില്ല എന്ന് ഞാൻ പറയുന്നു...ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തേയും ധരിക്കുമ്പോൾ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന് എഴുതിയ വചനം നിവൃത്തിയാകും' (1 കൊരി. 15:50-57) ...മരണത്തിന്റെ വിഷമുള്ളു പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം തരുന്ന ദൈവത്തിനു സ്തോത്രം'. (അതോടൊപ്പം പഴയനിയമകാലത്ത് മശിഹാ വന്നു വീണ്ടെടുപ്പ് സാധിപ്പിക്കും എന്ന് വിശ്വസിക്കാതെ അനുസരണം കെട്ട് ജീവിച്ചു മരിച്ചു യാതനാസ്ഥലത്തു കിടന്നിരുന്ന 'ആത്മാക്കളോടും', താൻ വന്നു നിവർത്തിച്ചു യാഗമായിത്തീർന്നു എന്നും അവരെ ഗ്രഹിപ്പിച്ചു - 1 പത്രോ.3:19.

മരണത്തിന്റെ വിഷമുള്ളായ പാപത്തിനു പരിഹാരമായി യാഗം ചെയ്ത പല വിശുദ്ധന്മാരുടേയും ആത്മാക്കളെ, പരമയാഗമായ യേശു മുഖാന്തരം മരണഹേതുവായ പാപത്തെ ജയിച്ചതിനാൽ അവരുടെ ദ്രവത്വമുള്ളതും, മർത്യമായിരുന്നതുമായ ശരീരങ്ങൾ, അദ്രവത്വമുള്ളും അമർത്യമായതുമായി രൂപാന്തരപ്പെട്ടു. ഇങ്ങനെ അവരുടെ ആത്മാവ് വന്നതോടെ ശരീരവും രൂപാന്തരപ്പെട്ടു; പക്ഷേ കല്ലറകളെ അവർ വിട്ടത് ആദ്യഫലമായ യേശു ഉയിർത്തെഴുന്നേറ്റ ശേഷം മാത്രം! ഇവരത്രേ എടുത്തുകൊള്ളപ്പെട്ടവരുടെ ഒന്നാമത്തെ സംഘം. ഇവർ രൂപാന്തരപ്പെട്ട ശരീരത്തോടെ സ്വർഗ്ഗത്തിൽ എത്തികഴിഞ്ഞു.

2. പുതിയ നിയമസഭ/കുഞ്ഞാടിന്റെ മണവാട്ടി - യോഹ.16:7-24, 1 തെസ്സ.4:13-19, 1 കൊരി.11:2,3,15:51, കൊലോ.3:1-4, വെളി.19:7, 9:11-14, 20:4, റോമ.11:15, എഫെ.3:1-11.

ഇവിടെയിതാ യേശുമൂലമുള്ള രക്ഷ യഹൂദന്മാർക്കു മാത്രമല്ല, സകല ലോകജാതികളിലേക്കും തുറക്കപ്പെടുന്നു. അനാദികാലം മുതൽ മറഞ്ഞുകിടന്ന ഒരു മർമ്മമായിരുന്നു, ജാതികളിൽ നിന്നും ഒരു സഭ - ഒരു മണവാട്ടി, ക്രിസ്തുവിന്റെ ശരീരമായിത്തീരും എന്നുള്ളത്. ഈ സഭ ഇന്ന് വിവാഹനിശ്ചയം കഴിഞ്ഞ കന്യകയെപ്പോലെയാണ്. നമ്മുടെ നാട്ടുനടപ്പ് / പാരമ്പര്യ രീതി, വിവാഹ നിശ്ചയം വധുവിന്റെ വീട്ടിൽ വരൻ വന്നു നടത്തുന്നു എന്നപോലെ, കാന്തനായ യേശു / പുത്രനായ ദൈവപുത്രൻ വധുവായ പെൺകുട്ടിയുടെ ഭവനമായ ഭൂമിയിലേക്ക്, പിതാവിനോടുള്ള സമത്വം മുറുകെപ്പിടിക്കണം എന്നു വിചാരിക്കാതെ, എളിമപ്പെട്ട്, സ്വർഗ്ഗം സിംഹാസനവും ഭൂമി പാദപീഠവും ആയി, അനേകം പ്രകാശവർഷങ്ങൾ തമ്മിൽ ദൂരമുള്ള ഏഴു നക്ഷത്രങ്ങളെ വലങ്കൈയ്യിൽ പിടിക്കുന്നത്ര വലിപ്പമുള്ള പുത്രൻ ചെറുതായി ചെറുതായി, നാം മനുഷ്യരെപ്പോലെ കേവലം അഞ്ചര ആറടി മാത്രം ഉയരമുള്ളവനായി, തന്റെ മഹാരൂപവും, തേജസ്സും, മഹാപ്രതാപവും ഒക്കെ തന്നെത്താൻ ഒഴിവാക്കി, കാന്തയുടെ പരുവത്തിലേക്ക് താണിറങ്ങിവന്നു. അവളെ ബന്ധിച്ചിരുന്ന മരണപാശങ്ങളെ സ്വന്തമരണത്താൽ ജയിച്ച് ഭേദിച്ച്, മടങ്ങിവാരാമെന്ന വാഗ്ദാനവും നൽകി അവളെ പിന്നീടു വന്നു കൊണ്ടുപോകുമ്പോൾ പാർക്കാൻ തക്ക ഒരു പുതിയ വാസസ്ഥലം ഒരുക്കാൻ സ്വർഗ്ഗത്തിലേക്ക് കരേറി പോയിരിക്കുന്നു.

*(തുടരും)*

---

# Hello Hope
# ഹലോ ഹോപ്പ്
---Hope Harbour for Believers---

## HH Correspondents



Joju Joseph
+973 34080440



Shalvi George
+973 33600118



Jibin Mathew
+973 34019617

---

HH Rhythm



# ജീവിത യാത്ര

സാം മാത്യു

ജീവിതം മാനുഷാ, സന്തോഷ
സങ്കട സമ്മിശ്രമാന്നിതന്നോർത്തീടേണം
കയ്പ്പു നിറഞ്ഞതാം ജീവിത ആഴിയിൽ
സന്തോഷ ചില്ലകൾ വെട്ടിടേണം.

ഹാ എത്ര ഖേദമേ, ഇരുതോണി യാത്ര നീ
ജീവിത നൗകയിൽ ചെയ്തിടുമ്പോൾ
ഭക്തിയോടെപ്പോഴും ചാരുക കർത്തനിൽ
ഒരു നല്ല പ്രതിഫലം നൽകീടും നിശ്ചയം.

ആമ്പലിൻ ജീവിതം പോലെ നിൻ ജീവിതം
പൊങ്ങിയും താഴ്ന്നുമായ് ആടി ഉലയുമ്പോൾ
മാറ്റമില്ല അവൻ വിശ്വസ്ത കർത്താനായ്
ചാരെ ഉണ്ടവൻ ഭ്രമിക്കണ്ടാ ലേശവും.

പ്രത്യാശയോടെ നീ നോക്കുക കർത്തനിൽ
ഈ ലോക സൗന്ദര്യം ആർഭാടം വ്യർത്ഥമേ
തള്ളുക പൂർണ്ണമായ് നിത്യതയ്ക്കായ്
കരുതും നിനക്കവൻ വേണ്ടതെല്ലാം.

# കർത്താവിൽ നിദ്ര പ്രാപിച്ചവർ

## ഓട്ടം തികച്ചു...

തിരുവന്തപുരം ചപ്പാത്ത് ശാന്തിഗ്രാം സ്ഥാപകാംഗം പേരൂർക്കട കീഴേ കല്ലയം മാർക്കറ്റ് ജംഗ്ഷൻ ബറേക്കയിൽ (AKRA / 236) ജേക്കബ് ജൂഡി (63) ബഹ്റിനിൽ വച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അൽഫറാജ് കോൺട്രാക്ടിംഗ് കമ്പിനി മാനേജരായിരുന്നു. ജോലിക്കൊപ്പം ബഹ്റൈൻ സീയോൺ ഇന്റർനാഷണൽ മിനിസ്ട്രിയുടെ പാസ്റ്ററായും സേവനം അനുഷ്ടിച്ചു വരികയായിരുന്നു. കൊച്ചി പള്ളിച്ചാംപറമ്പിൽ ടോമി ജേക്കബിന്റെ മകനാണ്. 23 വർഷക്കാലമായി ബഹ്റിൻ പ്രവാസിയായിരുന്നു. സംസ്ക്കാരം തിരുവന്തപുരത്ത് മലമുകൾ ലൈഫ് ഫെല്ലോഷിപ്പ് സെമിത്തേരിയിൽ നടന്നു.
ഭാര്യ: മേരി ജേക്കബ്,
മകൾ: പി.ജെ. ആഞ്ചന (കുക്കു).


പാസ്റ്റർ ജേക്കബ് ജൂഡി



**K.C.MATHEW(BABY-78)**
**Kaleekkal House**
**Karikkom, Kottarakkara**
(F/o Pr. Roy Mathew
Christ International Church, Bahrain)



**ANNAMMA THOMAS (83)**
**Parackal House**
**Nellikaman**
(M/o Br. Varghese Thomas (Sam)
& Br. Babykutty Thomas
Sharon Fellowship Church, Bahrain)



**SOSAMMA VARGHESE (86)**
**Panackal House**
**Kanjikkuzhy, Kottayam**
(M/o Br. Mathew Varghese (Aniyan)
Sharon Fellowship Church, Bahrain)


## ദൈവമക്കൾക്കൊരു സന്തോഷവാർത്ത
-പ്രഭാതപ്രാർത്ഥന-

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം
എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ
രാവിലെ 4:45 മുതൽ 5:45വരെ ,
സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ



## തക്ക തുണ
HH Matrimonial

NRI Pentecostal parents invite proposals for their daughter Bsc Nurse(27 )invite proposals from born again, baptized,ministry minded qualified boys.

Tel: +973 36673316


## Looking for a Job

**Mechanical Engineer (DME)**
Position Searcing : Mechanical draftman
(Machinery and Fire fighting).
**Experience - 6 years**
Software known - Auto Cad, Catia V5, Ms Office, Adobe Photoshop, Adobe Premiere.
**Phone: 39034716, 37759872**
**E-mail: sumanpplr@gmail.com**

Looking for
**Teaching & Administration Vacancies**
Teaching (History, Economics)
Experience in Student Development
Classroom Management, Curriculum development
**Experience also in administrative roles**
**Phone: 36051151, 38418636**
**E-mail: Johngeorge1975@gmail.com**

**BTech, Electrical & Electronics**
Fresh Graduate
Technical skills: C and C++, AutoCAD, Revit, MEP
**Phone: +91 8281777564**
**E-mail: jovinmar25@gmail.com**


നിങ്ങൾ ഒരു ക്രൈസ്തവ എഴുത്തുകാരനോ, പ്രാസംഗികനോ, ഗായകനോ ആണോ ?



നിങ്ങളുടെ എഴുത്തുകൾ, സന്ദേശങ്ങൾ, ഗാനങ്ങൾ
ലോകമെമ്പാടുമുള്ള മലയാളി ക്രൈസ്തവ വിശ്വാസി സമൂഹവുമായി പങ്ക് വെയ്ക്കുവാൻ ആഗ്രഹിക്കുന്നുവോ ?
ഇതാ GodsOwnLanguage.com നിങ്ങൾക്കായി നൽകുന്നു.
ഒരു സൗജന്യ പേജും, അൺലിമിറ്റഡ് സ്പേസും...!!
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
www.GodsOwnLanguage.com godsownlanguage@gmail.com

Dulux let's colour Bahrain

NOW AVAILABLE IN BAHRAIN

Call 77799900

www.duluxbahrain.com

Sales@duluxbahrain.com




Duluxpaintbh

Duluxpaintbh

33947000

STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian** Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914 Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative

PHOENIX MARKETING & CREATIONS W L L

**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only